**എഡിറ്റോറിയൽ**

# 'എന്റേതു നിന്റേതായാൽ നിന്റേത് എന്റേതാകും'



**"പി**ന്നെയും സ്വർഗ്ഗരാജ്യം നല്ല മുത്ത് അന്വേഷിക്കുന്ന ഒരു വ്യാപാരിയോടു സദൃശം. അവൻ വിലയേറിയ ഒരു മുത്തു കണ്ടെത്തിയാറെ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റ് അതു വാങ്ങി" (മത്തായി 13:45, 46)

കർത്താവു പറഞ്ഞ ഈ ഉപമ വായിച്ചു പോകുമ്പോൾ സത്യസന്ധരാണെങ്കിൽ നാം നടുക്കത്തോടെ ഒരു വാക്കിനു മുന്നിൽ നിന്നു പോകും. ആ വാക്ക് 'തനിക്കുള്ളതൊക്കെയും' എന്നതാണ്.

തനിക്കുള്ളതൊക്കെയും വിൽക്കുക എന്നു പറഞ്ഞാൽ ആ പ്രയോഗത്തിന്റെ ആഴവും പരപ്പും നാം കണ്ടിട്ടുണ്ടോ? സമ്പൂർണ്ണസമർപ്പണം എന്തെന്നു വ്യക്തമാക്കാൻ ജുവാൻ കാർലോസ് ഓർട്ടിസ്,'ശിഷ്യത്വത്തിലേക്കുള്ള വിളി' എന്ന തന്റെ പുസ്തകത്തിൽ ഈ രംഗം ഒരു ഭാവനപോലെ ഇങ്ങനെയാണു വിവരിച്ചിട്ടുള്ളത്:

"യേശുവിനെ ഒരുവൻ വിലയേറിയ മുത്തായി കണ്ടെത്തിയെന്നിരിക്കട്ടെ.യേശുവിൽ സന്തോഷം, സമാധാനം, സൗഖ്യം, സുരക്ഷിതത്വം, നിത്യസൗഭാഗ്യം എന്നിവയെല്ലാം ഉണ്ടെന്ന് മനസ്സിലാകുന്നതോടെ അവൻ അത്ഭുതപരതന്ത്രനാകും. തനിക്ക് ഈ മുത്ത് കൂടിയേ കഴിയൂ എന്ന തീരുമാനത്തിലവൻ എത്തിച്ചേർന്നിട്ട് ഇങ്ങനെ ചോദിക്കും: "എനിക്ക് ഈ മുത്തുവേണം. ഇതിന് എന്തു വിലയാകും?"

വിൽപനക്കാരൻ: "ഓ, ഇതു വളരെ വിലപിടിച്ചതാണ്. വലിയ വിലയാണിതിന്."

"എനിക്കിത് വാങ്ങാൻ കഴിയുമോ?"

"തീർച്ചയായും, ആർക്കും ഇതു വാങ്ങാം".

"ഇതിനു വളരെവലിയ വിലയാണെന്നു താങ്കൾ പറയുന്നു.അതേ സമയം ഇത് ആർക്കും വാങ്ങാൻ കഴിയുമെന്നും നിങ്ങൾ പറയുന്നു. ഇതു രണ്ടും കൂടി എങ്ങനെയാണു യോജിച്ചു പോകുന്നത്?"

"ഇതിന്റെ വില എന്നു പറയുന്നത് നിങ്ങൾക്കുള്ളതെല്ലാമാണ്.കൂടുതലുമില്ല,കുറവുമില്ല.അതുകൊണ്ടു തന്നെ മുഴുവനും നൽകാൻ തയ്യാറുള്ള ആർക്കും ഇതു വാങ്ങാം."

"എങ്കിൽ ഞാനിതു വാങ്ങാം"

"ആട്ടെ, നിങ്ങൾക്ക് എന്തെല്ലാമുണ്ട്? നമുക്ക് അവയെല്ലാം ഒന്നെഴുതി നോക്കാം"

"എനിക്കു പതിനായിരം ഡോളർ ബാങ്കിലുണ്ട്"

"കൊള്ളാം. പതിനായിരം ഡോളർ.അതെഴുതി.വേറെ എന്തുണ്ട്?"

"വേറെ ഒന്നുമില്ല. ഇത്രയുമേ ഉള്ളൂ"

"ഇത്രയും മാത്രം! ശരി, പോക്കറ്റിലെന്താ കിടക്കുന്നത്?"

"ശരിയാ. പോക്കറ്റിൽ കുറച്ചു പണമുണ്ട്"

"അതെത്രയാ?"

"നോക്കട്ടെ. മുപ്പത്. നാൽപത്. അമ്പത്. എൺപത്. നൂറ്. നൂറ്റിഇരുപത്. മൊത്തം 120 ഡോളർ"

"അപ്പോൾ 120 ഡോളർ. ഇനി എന്താ ഉള്ളത്?"

"ഇനി ഒന്നുമില്ല. ഇത്രയുമാണ് ആകെയുള്ളത്"

"ആട്ടെ, നിങ്ങൾ എവിടെയാ താമസിക്കുന്നത്?"

"ഞാനോ? ഞാൻ എന്റെ വീട്ടിൽ"

"അപ്പോൾ സ്വന്തമായി വീടുണ്ട്.അതും വേണം"

"അയ്യോ! അപ്പോൾ പിന്നെ കാർ ഷെഡ്ഡിൽ താമസിക്കാനോ?"

"ഓഹോ! അപ്പോൾ കാർ ഷെഡ്ഡുണ്ട്. അതും ചേർക്കാം"

"അപ്പോൾ ഞാൻ കാറിൽ തന്നെ താമസിക്കാനോ?"

"ഓ, നിങ്ങൾക്കൊരു കാറുണ്ടോ?"

"ഒന്നല്ല, രണ്ടു കാറുകളുണ്ട്"

"എങ്കിൽ രണ്ടു കാറുകളും വേണം. വേറെ എന്താ?"

"ഇനി ഒന്നുമില്ല"

"ആട്ടെ, നിങ്ങൾക്കു കുടുംബമില്ലേ?"

"ഉണ്ട്. ഭാര്യയുണ്ട്,രണ്ടു കുട്ടികളുണ്ട്."

"എങ്കിൽ അവരെയും വേണം. ഇനി ആരുണ്ട്?"

"ഇനി ആരുമില്ല. ഞാൻ മാത്രം അവശേഷിച്ചു"

"പേടിക്കേണ്ട. നിങ്ങളെയും വേണം. അപ്പോൾ എല്ലാമായി. നിങ്ങളുടേതെല്ലാം എന്റേതായി: ഭാര്യ, കുട്ടികൾ, വീട്, കാർഷെഡ്, കാറുകൾ, പണം, നിക്ഷേപം. ഒടുവിൽ നിങ്ങളും. ശരി, ഇനി ഇവയെല്ലാം നിങ്ങൾക്ക് ഉപയോഗിക്കാം. എന്നാൽ ഇവയെല്ലാം എന്റേതാണെന്നും ഞാൻ മാത്രമാണ് ഇതിന്റെ ഉടമസ്ഥനെന്നും മറന്നു പോകരുത്. ഇവയിൽ ഏതും എപ്പോൾ വേണമെങ്കിലും ഞാൻ ചോദിക്കും.അപ്പോൾ തിരിച്ചു തന്നേക്കണം. ആട്ടെ, ഇനി വിലയേറിയ മുത്ത് എടുത്തു കൊള്ളൂ"

ശിഷ്യത്വത്തിലേക്കുള്ള വിളിയാണിത്; നിന്റേതെല്ലാം എന്റേതാണ്. നിനക്ക് ഇഷ്ടമുള്ളതെല്ലാം എനിക്കുവേണം.

യിസ്രായേലിന്റെ ചരിത്രത്തിൽ സമാനമായ ഒരു സംഭവമുണ്ട്. ശക്തനായ ആരാം രാജാവായ ബെൻ-ഹദദിനോട് യിസ്രയേൽ രാജാവായ ആഹാബ് സമാധാനമായി ഒത്തുപോകാൻ ശ്രമിച്ചപ്പോൾ ബെൻ-ഹദദ് അതിനൊരു നിബന്ധന ഇങ്ങനെ വച്ചു: "നിന്റെ വെള്ളിയും പൊന്നും എനിക്കുള്ളത്. നിന്റെ സൗന്ദര്യമേറിയ ഭാര്യമാരും പുത്രന്മാരും എനിക്കുള്ളവർ".

ആഹാബ് അതിനു നൽകിയ മറുപടി ഇങ്ങനെ: "എന്റെ യജമാനനായ രാജാവേ, നീ പറഞ്ഞതുപോലെ ഞാനും എനിക്കുള്ളതൊക്കെയും നിനക്കുള്ളതു തന്നെ."പൂർണ്ണ സമർപ്പണം.

പക്ഷേ ബെൻ-ഹദദ് അവിടെയും നിർത്തിയില്ല. അദ്ദേഹം തന്റെ ഭൃത്യന്മാരെ വിട്ട് അറിയിച്ചു: "നാളെ ഈ നേരത്ത് ഞാൻ എന്റെ ഭൃത്യന്മാരെ നിന്റെ അടുക്കൽ അയയ്ക്കും. അവർ നിന്റെ അരമനയും നിന്റെ ഭൃത്യന്മാരുടെ വീടുകളും ശോധന ചെയ്തു നിനക്ക് ഇഷ്ടമുള്ളതൊക്കെയും കൈക്കലാക്കി കൊണ്ടുപോരും".

ശ്രദ്ധിക്കുക: ബെൻ-ഹദദ് പറയുന്നത് ഞാൻ നന്റെ വീട്ടിൽ നിന്ന് എനിക്കിഷ്ടമുള്ളതൊക്കെയും എടുത്തുകൊണ്ടു

*(ശേഷം പേജ് 21 ൽ)*

സന്ദേശം

# എന്റേതെല്ലാം നിന്റേത്; നിന്റേതെല്ലാം എന്റേത്

**എ**ന്റേതെല്ലാം നിന്റേതും നിന്റേത് എന്റേതും ആകുന്നു.(യോഹ. 17:10)

മുപ്പത്തിമൂന്നര വർഷത്തെ തന്റെ ഭൂമിയിലെ ജീവിതത്തിന്റെ അവസാന രാത്രിയിൽ യേശുക്രിസ്തു പിതാവിനോടു പറഞ്ഞു: പിതാവേ, എന്റേത് എല്ലാം നിന്റേതും, നിന്റേത് എന്റേതും ആകുന്നുവല്ലോ എന്ന്.യേശുവിന്റെ ജീവിതത്തിന്റെ അടിസ്ഥാനപ്രമാണങ്ങളെ മുഴുവൻ ഈ രണ്ടു കൊച്ചു വാകൃങ്ങളിൽ ഒതുക്കാം.എന്റേതെല്ലാം പിതാവിന്റേതാണ്. പിതാവിന്റേതെല്ലാം എന്റേതും. ഈ രണ്ടു ബോധ്യങ്ങളിൽ അധിഷ്ഠിതമായിരുന്നു ഭൂമിയിലെ തന്റെ ജീവിതമെല്ലാം.ഒടുവിൽ അവസാനരാത്രിയിൽ,പിന്നിട്ട മുഴുവൻ ജീവിതത്തിലേക്കും തിരിഞ്ഞുനോക്കി അവിടുന്നു പറയുന്നു. അതേ പിതാവേ എന്റേതെല്ലാം നിന്റേതായിരുന്നു. നിന്റേതെല്ലാം എന്റേതും.

എന്റേതെല്ലാം നിന്റേത് – എന്തൊരു



*വെള്ളപ്പൊക്കത്തെ അതിജീവിച്ച വീട് പൂർണ്ണമായും അടിസ്ഥാനപ്പെട്ടിരിക്കുന്നത് എന്റേതെല്ലാം നിന്റേത് എന്ന സമ്പൂർണ്ണ സമർപ്പണത്തിന്റെ പാറയിലാണ്.*

**യേശുവിന്റെ ജീവിതത്തിന്റെ അടിസ്ഥാനപ്രമാണങ്ങളെ മുഴുവൻ രണ്ടു കൊച്ചു വാക്യങ്ങളിൽ ഒതുക്കാം. എന്റേതെല്ലാം പിതാവിന്റേതാണ്. പിതാവിന്റേതെല്ലാം എന്റേതും. എന്റേതെല്ലാം നിന്റേത് - എന്തൊരു വലിയ സമർപ്പണം.നിന്റേതെല്ലാം എന്റേത് - എന്തൊരു വലിയ ഉറപ്പ്. ഇവയാണ് ക്രിസ്തീയ ജീവിതത്തെ സമ്പൂർണ്ണമാക്കുന്ന രണ്ടു ഘടകങ്ങൾ. രണ്ടും ചേർന്നാണ് ക്രിസ്തീയ ജീവിതത്തിന് ആഴവും ആഹ്ലാദവും നൽകുന്നത്. ഒന്നു കുറഞ്ഞുപോയാൽ ക്രിസ്തീയ ജീവിതത്തിന്റെ ആഴം നഷ്ടമാകും. മറ്റേതു കുറവായാൽ ആഹ്ലാദവും.**

വലിയ സമർപ്പണം.നിന്റേതെല്ലാം എന്റേത് - എന്തൊരു വലിയ ഉറപ്പ്. ഇവയാണ് ക്രിസ്തീയ ജീവിതത്തെ സമ്പൂർണ്ണമാക്കുന്ന രണ്ടു ഘടകങ്ങൾ. രണ്ടും ചേർന്നാണ് ക്രിസ്തീയ ജീവിതത്തിന് ആഴവും ആഹ്ലാദവും നൽകുന്നത്. ഒന്നു കുറഞ്ഞുപോയാൽ ക്രിസ്തീയ ജീവിതത്തിന്റെ ആഴം നഷ്ടമാകും. മറ്റേതു കുറവായാൽ ആഹ്ലാദവും.

### എന്റേതെല്ലാം നിന്റേത്

ക്രിസ്തീയ ജീവിതം ആരംഭിക്കുന്നത് ഒരു സമർപ്പണത്തോടെയാണ്.അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചു കിടക്കുന്ന ഒരുവനെഉയരത്തിൽ നിന്നുള്ള ഉദയം സന്ദർശിക്കുന്നു. ദൈവകൃപ അവന്റെ മേൽ ഉദിക്കുന്നു. ദൈവകരുണയുടെ വീചികൾ അവനെ തൊട്ടു വിളിക്കുന്നു. ഇരുളിൽ നിന്നു വെളിച്ചം ഉണ്ടാകട്ടെ എന്നു കല്പിച്ച ദൈവം, ഇല്ലാത്തതിനെ ഉള്ളതുപോലെ വിളിച്ചു വേർതിരിച്ച ദൈവം, മരിച്ചവരെ ഉയർപ്പിക്കുന്ന ദൈവം ജീവിക്ക എന്നു കല്പിക്കുന്നു.ഉടനെ ദൈവകൃപയോടു പ്രതികരിക്കുന്ന അവൻ കർത്താവേ ഞാൻ എന്നെത്തന്നെ തരുന്നു എന്ന സമർപ്പണത്തോടെ ക്രിസ്തീയ ജീവിതത്തിനു തുടക്കം കുറിക്കുന്നു.

ജീവനിലേക്ക് ഉയർത്തപ്പെട്ടവനായി സന്തോഷത്തോടെയാണ് അവൻ പുതുജീവിതം ആരംഭിക്കുന്നത്. എന്നാൽ ക്രിസ്തീയ ജീവിതത്തിൽ മുന്നോട്ടു പോകുന്തോറും പ്രായോഗികമായ പല കാര്യങ്ങളോടു ബന്ധപ്പെടുന്തോറും തന്റെ സന്തോഷം കുറഞ്ഞുവരുന്നതായും ജീവനിൽ കുറവുള്ളതായും സത്യസന്ധനാണെങ്കിൽ അവനു ബോധ്യപ്പെടും. ഇത് അവനെ ഒരു പ്രതിസന്ധിയിലേക്കും ഈ പ്രത്യേക സാഹചര്യത്തിൽ ദൈവത്തെ കൂടുതൽ അറിയേണ്ടതിന്റെ ഒരാവശ്യകതയിലേക്കുമാണ് നടത്തേണ്ടത്. എന്നാൽ പലരിലും അങ്ങനെ സംഭവിക്കുന്നില്ല. കാരണം ഇന്ന് എങ്ങും മുഴങ്ങിക്കേൾക്കുന്ന ജനപ്രിയ സുവിശേഷം ഇത്തരം ഒരു പ്രതിസന്ധിയെക്കുറിച്ച് നേരിയ സൂചനപോലും നൽകുന്നില്ല. അതുകൊണ്ടുതന്നെ തന്റെ ജീവിതത്തിലെ ജീവന്റെ അഭാവത്തെ അവൻ വേണ്ടത്ര ഗണ്യമാക്കുന്നില്ല.ക്രിസ്തീയമെന്നു കരുതുന്ന ധാരാളം പ്രവർത്തനങ്ങൾകൊണ്ടു ജീവിതത്തിലെ ഈ ശൂന്യതയെ മൂടിവച്ചുകൊണ്ട് അവൻ മുന്നോട്ട് പോയെന്നു വരാം. ഫലം പരാജയപ്പെട്ട, സന്തോഷരഹിതമായ, കേവലം ചടങ്ങുപോലുള്ള ഒരു ക്രിസ്തീയ ജീവിതമായി മാറുന്നു അവന്റേത്. തന്റെ ജീവിതത്തിലെ ആഴക്കുറവിനെക്കുറിച്ച് ജീവിതകാലം മുഴുവൻ ഒരു സൂചനയും അവനു ലഭിച്ചില്ലെന്നും വരാം.

സത്യത്തിൽ ലോകത്തിൽ ഏറ്റവും





കൂടുതൽ സഹതാപം അർഹിക്കുന്ന ഒരുവനുണ്ടെങ്കിൽ അവൻ ഇത്തരം ഒരു ക്രിസ്ത്യാനിയാണ്. എങ്ങുമില്ല അവനൊരു സന്തോഷം. ലോകത്തിലേക്കും അരിഷ്ടനായ മനുഷ്യൻ. പകുതി മനസ്സോടെയുള്ള ക്രിസ്തീയ ജീവിതം ഏറ്റവും പരിതാപകരമായ ഒന്നാണ്. ലോകമനുഷ്യർക്ക്, അല്പായുസ്സാണെങ്കിലും, അവരുടേതായ സന്തോഷങ്ങളുണ്ട്. പക്ഷേ പകുതി മനസ്സോടെ ക്രിസ്തീയജീവിതം നയിക്കുന്ന ഒരുവന്, തനിക്കു വേണ്ടി ചിലതു പിടിച്ചുവച്ചിരിക്കുന്ന ക്രിസ്ത്യാനിക്ക്,വിജയകരമായ ക്രിസ്തീയ ജീവിതവും അതിന്റെ സന്തോഷവും അപ്രാപ്യമായിരിക്കും. ദൈവത്തിന്റെ പരമാധികാരത്തെക്കുറിച്ചുള്ള ബോധ്യമില്ലാതെ ഉത്കണ്ഠയും ഭീതിയും നിരാശയും കയ്പ്പും പിറുപിറുപ്പും പരാതിയും ഉള്ളവരായി കഴിയുന്നവരായിരിക്കും അവർ.

ഈ ആഴം കുറഞ്ഞ ജീവിതത്തിൽ നിന്നുള്ള മോചനം എങ്ങനെയാണ്? എന്റേതെല്ലാം നിന്റേത് എന്ന സമ്പൂർണ്ണ സമർപ്പണം മാത്രമാണ് അതിനുള്ള പോംവഴി.വെള്ളപ്പൊക്കം ഉണ്ടായി ഒഴുക്കു ശക്തിയായി അടിച്ചിട്ടും വീണുപോകാഞ്ഞവീട് ആഴെക്കുഴിച്ചു പാറമേൽ അടിസ്ഥാനമിട്ടതായിരുന്നു (ലൂക്കോ:6:48) എന്നു കർത്താവു പറഞ്ഞപ്പോൾ അവിടുന്നു വിരൽ ചൂണ്ടിയതും ഈ വസ്തുതയിലേക്കു തന്നെ. വെള്ളപ്പൊക്കത്തെ അതിജീവിച്ച വീട് പൂർണ്ണമായും അടിസ്ഥാനപ്പെട്ടിരിക്കുന്നത് പാറയിലാണ്. അഥവാ പാറയാണ് ആ വീടിനെ താങ്ങി നിർത്തുന്നത്. അവിടെ എത്രയും ആഴത്തിൽ കുഴിക്കാൻ കഴിയുന്നുവോ വീട് അത്രയും ഉറപ്പുള്ളതായിരിക്കും.

എന്റേതെല്ലാം എന്നു പറയുമ്പോൾ എന്റെ മുഴുവൻ വ്യക്തിത്വവും അതിൽ ഉൾപ്പെടുന്നു.എന്റെ ദേഹവും ദേഹിയും

**ജീവനിലേക്ക് ഉയർത്തപ്പെട്ടവനായി സന്തോഷത്തോടെയാണ് അവൻ പുതുജീവിതം ആരംഭിക്കുന്നത്. എന്നാൽ ക്രിസ്തീയ ജീവിതത്തിൽ മുന്നോട്ടു പോകുന്തോറും പ്രായോഗികമായ പല കാര്യങ്ങളോടു ബന്ധപ്പെടുന്തോറും തന്റെ സന്തോഷം കുറഞ്ഞുവരുന്നതായും ജീവനിൽ കുറവുള്ളതായും സത്യസന്ധനാണെങ്കിൽ അവനു ബോധ്യപ്പെടും. ഇത് അവനെ ഒരു പ്രതിസന്ധിയിലേക്കും ഈ പ്രത്യേക സാഹചര്യത്തിൽ ദൈവത്തെ കൂടുതൽ അറിയേണ്ടതിന്റെ ഒരാവശ്യകതയിലേക്കുമാണ് നടത്തേണ്ടത്. എന്നാൽ പലരിലും അങ്ങനെ സംഭവിക്കുന്നില്ല.**

ആത്മാവും എന്ന ത്രിത്വം മുഴുവൻ അതിലുണ്ട്. എന്നെ ഞാനാക്കുന്ന എന്റെ സാമൂഹിക അംഗീകാരം, കഴിവുകൾ, ചിന്തകൾ, കണക്കുകൂട്ടലുകൾ, ഭാവിയെക്കുറിച്ചുള്ള പദ്ധതികൾ എല്ലാം അതിൽ വരുന്നു. എനിക്ക് ലഭിച്ചിട്ടുള്ളതും എന്റേതാണ്. എന്റെ കുടുംബം, കുഞ്ഞുങ്ങൾ, സുഹൃത്തുക്കൾ, തൊഴിൽ, അവയെക്കുറിച്ചുള്ള എന്റെ കണക്കുകൂട്ടലുകൾ, പദ്ധതികൾ എന്നിങ്ങനെ ആ വൃത്തം പിന്നെയും വലുതാവുകയാണ്. ഇവയുടെയെല്ലാം ആകെത്തുക- എന്റേത്- അത് നിന്റേതാണ് ഇതാണ് സമ്പൂർണ്ണ സമർപ്പണം.

നാം കരുതുന്നതിലേറെ കാര്യങ്ങൾ അടങ്ങിയിട്ടുള്ളതാണ് ഈ സമർപ്പണം. നാം സമ്പൂർണ്ണമെന്നു ചിന്തിക്കുന്നത്ര സമ്പൂർണ്ണമായിരുന്നില്ല നമ്മുടെ സമർപ്പണം എന്നു പ്രായോഗിക ജീവിത സാഹചര്യങ്ങളിൽ കൂടെകൂടെ കണ്ടെ

**ഈ ഭൂമിയിൽ ജീവിച്ചിരുന്നവരിൽ എറ്റവും സ്വതന്ത്രനായ മനുഷ്യൻ കർത്താവായ യേശുക്രിസ്തുവായിരുന്നു. ഭാവിയെക്കുറിച്ചു ഭാരമോ ഭൂതകാലത്തെക്കുറിച്ചു ഖേദമോ വർത്തമാനകാലത്തെക്കുറിച്ചു സംശയമോ ഇല്ലാതിരുന്നവൻ.താൻ ചെയ്യുന്ന കാര്യങ്ങളെ ക്കുറിച്ചും തികഞ്ഞ ബോധ്യവും ഉറപ്പും ഉണ്ടാ യിരുന്നവൻ. തികച്ചും സ്വതന്ത്രൻ. നമ്മെ മോഹിപ്പിക്കുന്ന അവിടുത്തെ ഈ സ്വാതന്ത്ര ത്തിന്റെ രഹസ്യമാണ് കർത്താവ് അവസാന രാത്രിയിൽ വെളിപ്പെടുത്തിയത്. - എന്റേ തെല്ലാം നിന്റേതാണ്.കർത്താവ് കാട്ടിത്തന്ന സ്വാതന്ത്ര്യത്തിന്റെ ഈ പാതയിലൂടെ നമുക്കും മുന്നോട്ടു പോകാം.**

ത്തും. നമ്മുടെ ഉള്ളിലുയരുന്ന ചിന്തകളിൽ നിന്നാണ് ഇതേക്കുറിച്ചുള്ള സൂചനകൾ ലഭിക്കുന്നത്. ഉത്കണ്ഠ, നഷ്ടബോധം, പ്രതിഷേധം, നേരിയ ഭീതി, അഭിനന്ദിക്കപ്പെടുവാനുള്ള ആഗ്രഹം, അംഗീകാരത്തിനായുള്ള വാഞ്ഛ, അവഗണിക്കപ്പെടുമ്പോഴുള്ള നേർത്ത വിഷാദം ഇവയെല്ലാം നമ്മുടെ സമർപ്പണത്തിന്റെ ആഴക്കുറവിലേക്ക് കൂടെ കൂടെ വിരൽ ചൂണ്ടും. നാം കരുതിയതുപോലെയല്ല, ഇപ്പോഴും നാം പലതും വിട്ടുകൊടുത്തിട്ടില്ല, പലതും നമുക്ക് പ്രിയപ്പെട്ടതായി തുടരുന്നുണ്ട് എന്നു നാം ഞെട്ടലോടെ കണ്ടെത്തും. ചെവിയോർത്താൽ നീ ഇവയെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ? എന്ന അരുമ നാഥന്റെ സ്വരം ഇവിടെ കേൾക്കുവാൻ കഴിയും. ഈ സമയത്ത് നാം എന്താണു ചെയ്യേണ്ടത്? അനുതാപത്തോടെ നമ്മുടെ അടിസ്ഥാനത്തിലേക്ക്, സമർപ്പണത്തിലേക്ക്, മടങ്ങി വരികയാണ് വേണ്ടത്. ആഴക്കുറവ് അനുഭവപ്പെട്ട ഭാഗത്ത് കുടുതൽ ആഴത്തിൽ കുഴിച്ച് അടിസ്ഥാനം ഇടുവാൻ നാം തയ്യാറാകണം. നിരന്തരമായ സമർപ്പണത്തിന്റെ ജീവിതമാണു ക്രിസ്തീയ ജീവിതം.

എന്റേത് നിന്റേതാകുന്നതാണ് ക്രിസ്ത്യാനിക്കു സ്വാതന്ത്ര്യം നൽകുന്നത്. ഇതൊരു കടംകഥ പോലെ തോന്നാം. നാമും നമ്മുക്കുള്ളതും എല്ലാ അവന്റേതായി മാറുമ്പോൾ നാം അവന്റെ അടിമയായി മാറുകയല്ലേ? അടിമയ്ക്ക് എവിടെയാണ് സ്വാതന്ത്ര്യം? ഉവ്വ് മനുഷ്യബുദ്ധിക്ക് നിരക്കാത്ത ഒന്നാണ് ദൈവം നൽകുന്ന സാക്ഷാൽ സ്വാതന്ത്ര്യം. നാം എത്രത്തോളം അവന്റെ അടിമയായി മാറുമ്പോൾ അത്രത്തോളം സ്വാതന്ത്ര്യം നമുക്കു കൈവരും.

അവനടിമ അനുഭവിക്കും സ്വാതന്ത്ര്യം പോലെ

വേറില്ല സ്വാതന്ത്ര്യമെങ്ങും

എന്ന വരികൾ നമുക്ക് കൂടുതൽ അർത്ഥവത്തായി പാടുവാൻ കഴിയും. ഈ ഭൂമിയിൽ ജീവിച്ചിരുന്നവരിൽ എറ്റവും സ്വതന്ത്രനായ മനുഷ്യൻ കർത്താവായ യേശുക്രിസ്തുവായിരുന്നു. ഭാവിയെക്കുറിച്ചു ഭാരമോ ഭൂതകാലത്തെക്കുറിച്ചു ഖേദമോ വർത്തമാനകാലത്തെക്കുറിച്ചു സംശയമോ ഇല്ലാതിരുന്നവൻ.താൻ ചെയ്യുന്ന കാര്യങ്ങളെക്കുറിച്ചും തികഞ്ഞ ബോധ്യവും ഉറപ്പും ഉണ്ടായിരുന്നവൻ. തികച്ചും സ്വതന്ത്രൻ. നമ്മെ മോഹിപ്പിക്കുന്ന അവിടുത്തെ ഈ സ്വാതന്ത്രത്തിന്റെ രഹസ്യമാണ് കർത്താവ് അവസാന രാത്രിയിൽ വെളിപ്പെടുത്തിയത്. - എന്റേതെല്ലാം നിന്റേതാണ്.കർത്താവ് കാട്ടിത്തന്ന സ്വാതന്ത്ര്യത്തിന്റെ ഈ പാതയിലൂടെ നമുക്കും മുന്നോട്ടു പോകാം.

**നിന്റേത് എന്റേത്**

യേശു തുടർന്നു പറഞ്ഞു.





..................... നിന്റേത് എന്റേതും ആകുന്നു.

നല്ലത് എല്ലാം പിതാവിന്റേതാണ്.... പിതാവിൽ നിന്നാണ് (യാക്കോ. 1:17) പിതാവിന്റേതെല്ലാം എന്റേതും ആകുന്നു. എത്ര വലിയ വിശ്വാസം. എത്ര വലിയ ഉറപ്പ്.

അവിടുന്ന് നമുക്കായി ഒരുക്കീട്ടുള്ളത് കണ്ണു കണ്ടിട്ടില്ല, ചെവികേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നിയിട്ടുമില്ല. (1 കൊരി 2:9). ഉവ്വ്, ഹൃദയത്തിനു സങ്കല്പിക്കാനാകാത്തവിധം വിപുലമാണത്.

അവിടുന്നു നമുക്കായി ചെയ്തിരിക്കുന്ന കാര്യങ്ങളുടെ ഒരു വിഹഗവീക്ഷണം എഫേസ്യർ ഒന്ന്, രണ്ട്, മൂന്ന്, അദ്ധ്യായങ്ങളിൽ കാണാം. പിതാവ് സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്നുഎന്നു പറഞ്ഞാണ് പൗലോസ് ആ പട്ടിക ആരംഭിക്കുന്നത് (1:3).

തുടർന്ന് അവൻ ലോകസ്ഥാപനത്തിനു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും .......... ദത്തെടുക്കേണ്ടതിന് ............. മുൻ നിയമിക്കുകയും ചെയ്തുവല്ലോ. (1:4-6) എന്നു പറഞ്ഞിരിക്കുന്നു.

ഇന്ന് ഈ ലോകത്തിലെ എറ്റവും വലിയ യാഥാർത്ഥ്യം സമയമാണ്, കാലമാണ്. സകല മനുഷ്യരും, മനുഷ്യ ചരിത്രവും, മനുഷ്യൻ പടുത്തുയർത്തുന്ന സംസ്കാരങ്ങളും അവന്റെ പരിശ്രമങ്ങളും, കണ്ടെത്തലുകളും എല്ലാം എല്ലാം കാലത്തിനുള്ളിൽ ബന്ധിതമാണ്. ദൈവത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അവിടുന്ന് ഈ കാലത്തിന് അതീതനാണ് എന്നുള്ളതാണ്.കാലത്തിനും അപ്പുറത്ത് ദൈവത്തിന്റെ ഈ ഉണ്മയിൽ തന്നെ തുടങ്ങുന്നു, നമ്മെക്കുറിച്ചുള്ള അവിടുത്തെ ചിന്തകളും എന്നത് എത്രയോ അത്ഭുതകരമാണ്!

ലോകസ്ഥാപനത്തിനു മുമ്പേ മനുഷ്യകുലത്തെ പൊതുവായി അറിയുകയായിരുന്നില്ല ദൈവം. മറിച്ച് അവിടുന്നു നമ്മെ വ്യക്തിപരമായി കണ്ടു. നമ്മുടെ പേര് അവിടുത്തേക്ക് അറിയാമായിരുന്നു. ലേകത്തിൽ വിവിധ കാലഘട്ടങ്ങളിൽ ജനിച്ച് ജീവിച്ച് മരിച്ചു പോയതും ഇനി വരാനുള്ളതുമായ കോടാനുകോടി മനുഷ്യർക്കിടയിൽ നിന്ന് അന്നേ നമ്മെ തിരഞ്ഞെടുക്കുകയും ദത്തെടുക്കുകയും മുൻനിയമിക്കുകയും ചെയ്തു. ഈ സത്യത്തിനു മുമ്പിൽ എന്നെന്നും അത്ഭുതസ്തബ്ധരായി നില്ക്കാനല്ലാതെ നമുക്കെന്തു ചെയ്യാനാകും? പൊടിയിൽ നിന്നു തവിച്ച്, മൺപുരകളിൽ പാർത്തു പുഴുപോലെ ചതഞ്ഞുപോകുന്ന നമ്മെ എന്തുകൊണ്ടു ഇങ്ങനെ തിരഞ്ഞെടുത്തു എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ നിത്യത മുഴുവൻ ശ്രമിച്ചാലും നമുക്കു കഴിയുമോ?

കൂടാതെ, അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വിണ്ടെടുപ്പ് ഉണ്ട്. അത് അവൻ നമുക്ക് താൻ ധാരാളമായി കാണിച്ച് കൃപാധനപ്രകാരം സകലജ്ഞാനവും വിവേകവുമായി നല്കിയിരിക്കുന്നു........ തന്റെ ഹിതത്തിന്റെ മർമ്മം നമ്മോട് അറിയിച്ചു. (1:7-9)

മാത്രമല്ല, അവനിൽ നാം അവകാശവും പ്രാപിച്ചു.......... അവന്റെ മഹത്വത്തിന്റെ പുകഴ്ചയ്ക്കാകേണ്ടതിന് തന്നെ. (11,12)

നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിടുകയും ചെയ്തിരിക്കുന്നു.(14)

അവന്റെ വിളിയാലുള്ള ആശ,

**നിന്റേതെല്ലാം എന്റേതാണെന്ന വിശ്വാസവും ഉറപ്പുമാണ് ക്രിസ്തീയജീവിതത്തെ ആഹ്ലാദഭരിതമാക്കുന്നത്.എന്റേതെല്ലാം നിന്റേതാണെന്ന സമർപ്പണമാകട്ടെ, അതിന് ആഴവും അർത്ഥവും നൽകുന്നു. ഇവ രണ്ടും സന്തുലിതമായ ഒരു ക്രിസ്തീയ ജീവിതത്തിന് ഒരുപോലെ ആവശ്യമാണ്. ഇവ രണ്ടും സമഞ്ജസമായി സമ്മേളിക്കുന്നിടത്താണ് വിജയകരവും സമ്പൂർണ്ണവുമായ ഒരു ക്രിസ്തീയ ജീവിതം നമുക്കു കാണുവാൻ കഴിയുന്നത്.**

അവന്റെ അവകാശത്തിന്റെ മഹിമാധനം, അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇതെല്ലാം നമുക്കുവേണ്ടിയുള്ളതാണ്.(18,19)

അവൻ ക്രിസ്തുവിലും വ്യാപരിച്ച് അവനെ മരിച്ചവരുടെ ഇടയിൽ നിന്നും ഉയർപ്പിക്കുകയും..... ശരീരമായ സഭയ്ക്കു കൊടുക്കുകയും ചെയ്തിരിക്കുന്നു. (20-23)

തീർന്നില്ല, നമ്മെ ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയർത്തെഴുന്നേല്പിച്ചു സ്വർഗ്ഗത്തിൽ ഇരുത്തി, നാം ചെയ്തുപോരേണ്ടതിനു സത്പ്രവർത്തികൾ മുന്നൊരുക്കി.(2:7,10)

ങ്ങഎനിക്ക് പിതാവിങ്കലേക്ക് പ്രവേശനവും ഉണ്ട്...... വിശുദ്ധന്മാരുടെ സഹപൗരന്മാരും ...... ദൈവത്തിന്റെ ഭവനക്കാരുമത്രേ (18,19)

ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം......... സഭ മുഖാന്തിരം അറിയായ് വരുന്നു.... നമുക്ക് ധൈര്യവും പ്രവേശനവും ഉണ്ട്.......... സകല വിശുദ്ധന്മാരോടും കൂടെ ഗ്രഹിപ്പാനും......... ദൈവത്തിന്റെ എല്ലാനിറവിനോളം നിറഞ്ഞു വരികയും വേണം (3:11,12,18,19)

ഇതിനും അപ്പുറത്ത്, നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവനാണവൻ എന്നുകൂടി ഓർമ്മിപ്പിച്ചാണ് പൗലോസ് ആ അദ്ധ്യായം അവസാനിപ്പിക്കുന്നത്.

നമുക്കായി ഒരുക്കിയിരിക്കുന്ന ഈ കാര്യങ്ങളിലേക്കു നമുക്കു വിശ്വാസത്തിലാണ് പ്രവേശനവും വലിയ ഉറപ്പും ഉള്ളത്.

ആഴവും ആഹ്ലാദവും

നിന്റേതെല്ലാം എന്റേതാണെന്ന വിശ്വാസവും ഉറപ്പുമാണ് ക്രിസ്തീയജീവിതത്തെ ആഹ്ലാദഭരിതമാക്കുന്നത്.എന്റേതെല്ലാം നിന്റേതാണെന്ന സമർപ്പണമാകട്ടെ, അതിന് ആഴവും അർത്ഥവും നൽകുന്നു. ഇവ രണ്ടും സന്തുലിതമായ ഒരു ക്രിസ്തീയ ജീവിതത്തിന് ഒരുപോലെ ആവശ്യമാണ്. ഇവ രണ്ടും സമഞ്ജസമായി സമ്മേളിക്കുന്നിടത്താണ് വിജയകരവും സമ്പൂർണ്ണവുമായ ഒരു ക്രിസ്തീയ ജീവിതം നമുക്കു കാണുവാൻ കഴിയുന്നത്.

ഇന്ന് ക്രിസ്തീയഗോളത്തിൽ വ്യാപകമായി കേൾക്കുന്ന ജനപ്രീയ സുവിശേഷത്തിന്റെ ഊന്നൽ നമുക്കുവേണ്ടി ഒരുക്കി വച്ചിരിക്കുന്ന അനുഗ്രഹങ്ങളിലും വിശ്വാസത്തോടെ അതു കൈവശമാക്കാനുള്ള മാർഗ്ഗങ്ങളിലുമാണ്.കടമകളെ മറന്നും അവകാശങ്ങൾക്കുവേണ്ടി പൊരുതുന്ന ഇന്നത്തെ ലോകത്തിന്റെ ആത്മാവിന്റെ ഒരു സ്വാധീനം ഉള്ളതിനാലാവണം ഈ സുവിശേഷത്തിന് ഇന്ന് ഏറെ ജനപ്രീതി ലഭിച്ചിട്ടുള്ളത്. ദൈവത്തിന്റെ കരുണയേയും സ്നേഹത്തേയും അനുഗ്രഹങ്ങളെയും കുറിച്ചുമാത്രം

*(ശേഷം പേജ് 20 ൽ)*





**ദൈവം യോജിപ്പിച്ചത്**

## ഡൊറോത്തിയും വില്യംകേരിയും-3

# ഇന്ത്യയിലെ വെല്ലുവിളികൾ

**അജയ് ജോർജ്**

**വി**ല്യം കേരി ഇന്ത്യയിലേക്കുപോകാൻ തീരുമാനിച്ചു.രജിസ്റ്ററിൽ സഭാ മൂപ്പൻ അന്നിങ്ങനെയെഴുതി:'ഞങ്ങളുടെ പ്രാണനു തുല്യമായി സ്നേഹിക്കുന്ന ഒരാളെ സുവിശേഷ പ്രഘോഷണത്തിനായി ഞങ്ങൾ വിട്ടുകൊടുക്കുന്നു'. കൈവിടാൻ മനസ്സില്ലായിരുന്നുവെങ്കിലും തങ്ങളാണ് അദ്ദേഹത്തെ പ്രാർത്ഥിച്ചയച്ചതെന്നതിൽ ആ സഭ എന്നും അഭിമാനിച്ചിരുന്നു.താൻ ശുശ്രൂഷിച്ചിരുന്ന സഭ വിട്ടുപോകേണ്ടിവരുമെന്ന് വില്യമിനറിയാമായിരുന്നു.അതുപോലെ അപ്പനേയും.ഒരുപക്ഷേ അവരെയാരേയും ഇനി കണ്ടില്ലെന്നും വന്നേക്കാം.എന്നാലും ഡൊറാത്തി കൂടെയുണ്ടാവുകയില്ല എന്ന് ഒരിക്കലും തോന്നിയില്ല.പക്ഷേ 'ഇന്ത്യയിലേക്കില്ല'എന്ന് ഡൊറാത്തി തീർത്തു പറഞ്ഞു. അന്നൊക്കെ ഭർത്താവ് പറയുന്നത് അനുസരിക്കുകയാണ് ഭാര്യയുടെ പതിവ്. അതുകൊണ്ടുതന്നെ ഡൊറോത്തിയുടെ തീരുമാനം പലരേയും അത്ഭുതപ്പെടുത്തി.

എന്നാൽ ഡൊറാത്തി പറയുന്നതിലും ന്യായമുണ്ടായിരുന്നു. ഭർത്താവിന്റെ തീരുമാനങ്ങൾ എല്ലാം ശരിയാകണമെന്നില്ലല്ലോ.വിവാഹം കഴിഞ്ഞിട്ട് പന്ത്രണ്ട് കൊല്ലമായി.പല സ്ഥലങ്ങളിലും മാറിമാറിത്താമസിച്ചു.വില്യം പല ജോലികളും ചെയ്തു നോക്കി.ചെരുപ്പുണ്ടാക്കലും അതു വിറ്റഴിക്കലും കട നടത്തിപ്പും മറ്റും.അതു കഴിഞ്ഞ് ഒരു സ്കൂൾ നടത്തി. മൂന്നു സഭകളിൽ ശുശ്രൂഷകനായി.ഏതെങ്കിലുമൊന്നിൽ വിജയിച്ചോ എന്ന് സംശയമാണ്.സാമ്പത്തികമായി എന്തെങ്കിലും മെച്ചമുണ്ടായോ?വീട്ടിൽ ഇറച്ചിയോ മീനോ വാങ്ങിയിട്ട് മാസങ്ങളായിരിക്കുന്നു. കുഞ്ഞുങ്ങളുടെ ഉടുപ്പിന്റെയും ഭക്ഷണത്തിന്റെയും കാര്യവും തഥൈവ. ഇംഗ്ലണ്ടിലെക്കാര്യം ഇതാണെങ്കിൽ ഇന്ത്യയിലെത്തിയാൽ എന്തായിരിക്കും അവസ്ഥ?കുഞ്ഞുങ്ങളെ ഓർത്തും പാവം വിഷമിച്ചുകാണും. രണ്ടു കുഞ്ഞുങ്ങൾ തന്റെ കൈകളിൽക്കിടന്നു മരിച്ചു. അടുത്ത ഒരു കുഞ്ഞുണ്ടാകാൻ പോകുന്നു. വില്യം പറയുന്നതനുസരിച്ച് യാത്ര തുടങ്ങിയാൽ കപ്പലിൽ വച്ചു തന്നെ പ്രസവിക്കേണ്ടിവരും. ഈ ചിന്തകളെല്ലാം ഡൊറാത്തിയെ സ്വാധീനിച്ചുകാണുമെന്ന് വ്യക്തം.

ഭാര്യയുടെ തീരുമാനത്തിന് ഒരു മാറ്റവും കാണാഞ്ഞതുകൊണ്ട് അവസാനം വില്യം അതംഗീകരിക്കുകയാണുണ്ടായത്. ഒരൊത്തുതീർപ്പ് കരാറുമുണ്ടാക്കി. അതനുസരിച്ച് എട്ടുവയസ്സുള്ള മൂത്തമകൻ ഫെലിക്സുമായി വില്യം ഇന്ത്യയിലേക്ക് പുറപ്പെടുക.ഭാര്യയും രണ്ടു കുഞ്ഞുങ്ങളും ഡൊറോത്തിയുടെ അനുജത്തി കാതറിന്റെയൊപ്പം താമസിക്കുക. അവി

**തങ്ങളുടെ പ്രിയപ്പെട്ട ഇംഗ്ലണ്ട് അകന്നകന്നു പോകുന്നത് കേരിയും ഡൊറോത്തിയും കപ്പലിന്റെ മുകൾത്തട്ടിൽ നോക്കിനിന്നു. എന്തെല്ലാം ചിന്തകളാണ് അപ്പോഴവർക്കുണ്ടായിക്കാണുക. ജീവിതത്തിന്റെ എല്ലാം തങ്ങളെപ്പഠിപ്പിച്ച പ്രിയ നാട്. പിന്നീടൊരിക്കലും അവർ ആ മണ്ണിൽ ചവിട്ടിയില്ല എന്നത് ചരിത്രം. കേരിക്ക് അതിൽ പ്രയാസമില്ലായിരുന്നു. അദ്ദേഹം കലപ്പയ്ക്ക് കൈവച്ചിരിക്കുകയായിരുന്നല്ലോ. തിരിഞ്ഞു നോക്കാൻ സാധിക്കുമായിരുന്നില്ല.**

ടെച്ചെന്ന് വീടും മറ്റു സൗകര്യങ്ങളും ഒരുക്കിയതിനുശേഷം രണ്ടു വർഷത്തിനുള്ളിൽ തിരികെവന്ന് ഭാര്യയേയും കുഞ്ഞുങ്ങളേയും കൂട്ടികൊണ്ടുപോവുക- ഇത് ഡൊറോത്തിക്കും സ്വീകാര്യമായിരുന്നു.

ദൈവത്തിൽ നിന്നു വൻ കാര്യങ്ങൾ പ്രത്യാശിക്കുക എന്നത് കേരിയുടെ ജീവിതപ്രമാണമായിരുന്നല്ലോ. ഏതു പ്രതികൂല സാഹചര്യത്തിലും തന്നെ ഉത്സാഹിപ്പിച്ചും സമാധിപ്പിച്ചും താൻ സേവിക്കാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ മഹത്വം ഓർമ്മപ്പെടുത്തിയും കൊണ്ട് സദാ ആ ആശയം മനസ്സിൽ തെളിഞ്ഞു നിന്നു. നിരാശയിലാണ്ടു പോകാൻ മനസ്സിനെ അനുവദിച്ചതുമില്ല. അങ്ങനെ 1793 ഏപ്രിലിൽ ഡോ. തോമസ്, ഭാര്യ, മകൾ എന്നിവരോടൊപ്പം വില്യം കേരിയും ഫെലിക്സും ലണ്ടനിൽ നിന്നു കപ്പൽ കയറി. പക്ഷേ അധിക ദൂരം പിന്നിട്ടില്ല, കാറ്റു പ്രതികൂലമായതിനാൽ കപ്പൽ നിർത്തിയിട്ടു.കുറച്ചു ദിവസത്തെ സാവകാശം അങ്ങനെ കിട്ടിയെന്ന് പറയാം. ഫെലിക്സുമായി കേരി വീണ്ടും വീട്ടിലേക്ക് ചെന്നു. അവരോടൊപ്പം ചെല്ലണമെന്ന് ഡോ.തോമസും കേരിയും ഡൊറോത്തിയോട് പിന്നേയും അഭ്യർത്ഥിച്ചു. ദൈവം അത്ഭുതം പ്രവർത്തിച്ചതിനാൽ ഇപ്രാവശ്യം ഡൊറോത്തിക്ക് മനം മാറ്റമുണ്ടായി. കുഞ്ഞുങ്ങളുമായി ഇന്ത്യയിലേക്ക് താനും വരാം. കൂട്ടത്തിൽ അനിയത്തി കാതറിൻ (കിറ്റി) കൂടെ വരണമെന്നു മാത്രം. കിറ്റിക്കും ഇതു സമ്മതമായിരുന്നതിനാൽ എല്ലാം ശുഭമാകുമെന്നുറപ്പായി. ആദ്യത്തെ കപ്പൽ അപ്പോഴേക്കും പുറപ്പെട്ടുപോയിരുന്നു.അടുത്തതിനായി കാത്തിരിക്കുന്നതിനിടയിൽ ഡൊറോത്തി നാലാമത്തെ കുഞ്ഞിന് ജന്മം നൽകിയെന്ന സന്തോഷവുമുണ്ടായി. അതു കേട്ടയുടനെ വില്യം ഇങ്ങനെ പറഞ്ഞുവത്രേ: 'ദൈവത്തിന് സ്തോത്രം. തീർച്ചയായും ഇത് നല്ല കാര്യം തന്നെ. നന്മയും കരുണയും എന്റെ ആയുഷ്ക്കാലമൊക്കെയും എന്നെ പിൻതുടരും.ഇപ്പോൾ ഞാൻ ദൈവത്തിന്റെ നന്മ അനുഭവിക്കുന്നു. ഈ ലോകം മുഴുവൻ എന്റേതായിരുന്നെങ്കിൽ, ഭാര്യയും കുഞ്ഞുങ്ങളും എന്നോടൊപ്പമായിരിക്കുവാനായി, അതെല്ലാം ഞാൻ പകരം കൊടുത്തേനേ. എന്റെ മുമ്പിലെ ഉത്തരവാദിത്വം കൊണ്ട് മാത്രമാണ് മറ്റൊന്നും നോക്കാതെ ഒറ്റയ്ക്ക് പോകാനൊരുങ്ങിയത്. കുറ്റബോധത്തോടെല്ലാതെ പോകാനുമാവുമായിരുന്നില്ല. ദൈവം അതിനിടവരുത്തിയില്ലല്ലോ'.

ഒരു ഡാനിഷ് കപ്പലാണ് ഇപ്രാവശ്യം കിട്ടിയത്. ക്യാപ്റ്റന്റെ സൗമനസ്യം കൊണ്ട് അതിലെ ഏറ്റവും നല്ല ക്യാബിൻ തന്നെ അവർക്ക് ലഭിച്ചു. യാത്രക്കൂലിയും പകുതിയേ വാങ്ങിയുള്ളൂ.തങ്ങളുടെ പ്രിയ





പ്പെട്ട ഇംഗ്ലണ്ട് അകന്നകന്നു പോകുന്നത് കേരിയും ഡൊറോത്തിയും കപ്പലിന്റെ മുകൾത്തട്ടിൽ നോക്കിനിന്നു. എന്തെല്ലാം ചിന്തകളാണ് അപ്പോഴവർക്കുണ്ടായിക്കാണുക. ജീവിതത്തിന്റെ എല്ലാം തങ്ങളെപ്പഠിപ്പിച്ച പ്രിയ നാട്. പിന്നീടൊരിക്കലും അവർ ആ മണ്ണിൽ ചവിട്ടിയില്ല എന്നത് ചരിത്രം. കേരിക്ക് അതിൽ പ്രയാസമില്ലായിരുന്നു. അദ്ദേഹം കലപ്പയ്ക്ക് കൈവച്ചിരിക്കുകയായിരുന്നല്ലോ. തിരിഞ്ഞു നോക്കാൻ സാധിക്കുമായിരുന്നില്ല. ഡൊറോത്തി അങ്ങനെയായിരുന്നു എന്ന് പറഞ്ഞുകൂടാ. ലോത്തിന്റെ ഭാര്യയെയാണ് നമുക്ക് ഓർമ വരുക.

അഞ്ചുമാസമെടുത്തു പായക്കപ്പലിന് 15,000 മൈൽ താണ്ടാൻ. ആഴ്ചകൾ മാത്രം പ്രായമായുള്ളൊരു കൈക്കുഞ്ഞും പിന്നെ വേറെ മൂന്നു കുട്ടികളുമായി അഞ്ചുമാസം ഒരമ്മ കപ്പലിൽക്കഴിയുന്ന കാര്യമൊന്നോർത്തു നോക്കുക. ഡൊറോത്തിക്ക് പരീക്ഷണ കാലഘട്ടമായിരുന്നു. സഹോദരി ഒപ്പമുണ്ടായിരുന്നത് നന്നായി എന്നു മാത്രം. ആ സമയമത്രയും കേരി ഡോ. തോമസുമൊത്ത് ബംഗാളിഭാഷ പഠിക്കുകയായിരുന്നു. ഭാഷകൾ പഠിക്കാൻ ദൈവം തന്ന കഴിവ് ഇന്ത്യയിൽ പ്രയോജനപ്പെടുത്താൻ സാധിക്കും.വേദപുസ്തകം നാട്ടുഭാഷകളിൽ തർജ്ജമ ചെയ്യണം. കുറച്ചുനാൾ മുമ്പ് വില്യം വാർഡ് എന്ന ആത്മാർത്ഥതയുള്ള ഒരു ക്രിസ്തുശിഷ്യനെ കണ്ടുമുട്ടിയത് ഓർത്തു. ആൾ ഒരു പ്രസ് നടത്തുന്നുണ്ട്.കേരിയെപ്പോലെ സുവിശേഷ പ്രവർത്തനത്തിൽ തൽപ്പരനുമാണ്. അവർ പിരിയാൻ നേരം കേരി പറഞ്ഞു:'ദൈവാനുഗ്രഹം കൊണ്ട് ഒരു നാലഞ്ചുകൊല്ലത്തിനുള്ളിൽ ബൈബിൾ തർജ്ജമ ചെയ്യാൻ പറ്റും. അന്നേരം താങ്കൾ അവിടെ വന്ന് അത് പ്രിന്റ് ചെയ്ത് തരണം.' അത് യഥാർത്ഥത്തിൽ സംഭവിക്കാൻ പക്ഷേ ഏഴുകൊല്ലമെടുത്തു. പറഞ്ഞതു പോലെ ആ സമയം വില്യം

**വില്യം കേരിയും കുടുംബവും കൊൽക്കത്തയിലെത്തിച്ചേർന്നു. ഇന്ത്യയെന്നാൽ കേരിക്ക് സ്വന്തം കുഞ്ഞിനെപ്പോലെ ആയിരുന്നു. ഈ നാടിനെ സംബന്ധിച്ച എന്തും പച്ചവെള്ളംപോലെ അറിഞ്ഞിരുന്നതുകൊണ്ട് ഒട്ടും താമസിക്കാതെ സുവിശേഷ പ്രവർത്തനം തുടങ്ങുക എന്നതു മാത്രമായിരുന്നു ചിന്ത. എന്നാൽ ഈസ്റ്റ് ഇന്ത്യ കമ്പനിക്ക് സുവിശേഷത്തിൽ ഒരു താൽപര്യവുമുണ്ടായിരുന്നില്ല, മാത്രമല്ല അതിനെ ആവും വിധം തടസ്സപ്പെടുത്തുകയും ചെയ്തിരുന്നു. കാരണം ഒരു വശത്ത് ക്രിസ്തുവിന്റെ സ്നേഹവും മറുവശത്ത് ചൂഷണവും ഒരുമിച്ച് പോകുകയില്ലെന്ന് അവർക്ക് നന്നായറിയാമായിരുന്നു.**

വാർഡ് ഇന്ത്യയിലെത്തുകയും ചെയ്തു.

1793 നവംബറിൽ വില്യം കേരിയും കുടുംബവും കൊൽക്കത്തയിലെത്തിച്ചേർന്നു. ഇന്ത്യയെന്നാൽ കേരിക്ക് സ്വന്തം കുഞ്ഞിനെപ്പോലെ ആയിരുന്നു. ഈ നാടിനെ സംബന്ധിച്ച എന്തും പച്ചവെള്ളംപോലെ അറിഞ്ഞിരുന്നതുകൊണ്ട് ഒട്ടും താമസിക്കാതെ സുവിശേഷ പ്രവർത്തനം തുടങ്ങുക എന്നതു മാത്രമായിരുന്നു ചിന്ത. എന്നാൽ ഈസ്റ്റ് ഇന്ത്യ കമ്പനിക്ക് സുവിശേഷത്തിൽ ഒരു താൽപര്യവുമുണ്ടായിരുന്നില്ല, എന്നു മാത്രമല്ല അതിനെ ആവും വിധം തടസ്സപ്പെടുത്തുകയും ചെയ്തിരുന്നു. കാരണം ഒരു വശത്ത് ക്രിസ്തുവിന്റെ സ്നേഹവും മറുവശത്ത് ചൂഷണവും ഒരുമിച്ച് പോകുകയില്ലെന്ന് അവർക്ക് നന്നായറിയാമായിരുന്നു. ബ്രിട്ടീഷ് പാർലമെന്റിൽ അതിനനുകൂലമായ ഒരു പ്രമേയം അവർ പാസ്സാ

ക്കിയെടുക്കുകയും ചെയ്തിരുന്നു. അതായത് തങ്ങളുടെ ആധിപത്യത്തിലുള്ള സ്ഥലങ്ങളിൽ താമസിക്കണമെങ്കിൽ കമ്പനിയുടെ ലൈസൻസ് വേണമെന്നതായിരുന്നു വ്യവസ്ഥ.ഫലത്തിൽ അത് സുവിശേഷീകരണത്തിന് എതിരായി ഭവിച്ചു.സുവിശേഷ പ്രവർത്തകൻ എന്നു പറഞ്ഞുപോയാൽ ലൈസൻസ് കിട്ടുകയില്ല. ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാർക്കായി ഒന്നു രണ്ടു പാതിരിമാരുണ്ടായിരുന്നതൊഴിച്ച് ജനങ്ങളുടെയിടയിൽ പ്രവർത്തിക്കാൻ ആർക്കും ലൈസൻസ് കൊടുത്തിരുന്നില്ല.

പോർച്ചുഗീസുകാർ കുറച്ചു തുറമുഖപട്ടണങ്ങൾ കൈവശം വച്ചിരുന്നു. അവിടങ്ങളിൽ കത്തോലിക്ക സഭ വേരുപിടിച്ചു. പ്രൊട്ടസ്റ്റന്റുകാരായ ഡച്ചുകാർക്ക് ഇന്ത്യയിൽ കാര്യമായൊന്നും അവശേഷിച്ചില്ല. തെക്ക് തമിഴ്നാട്ടിൽ തരംഗപടിയെന്ന ട്രാൻക്യുബാറും കൊൽക്കത്തയ്ക്ക് പതിനാറുമൈൽ വടക്ക് ഹൂഗ്ളിയുടെ തീരത്തുള്ള സെറാമ്പൂർ എന്ന സ്ഥലവുമേ ഡാനിഷ് ഈസ്റ്റിന്ത്യാ കമ്പനിക്ക് സ്വന്തമായുണ്ടായിരുന്നുള്ളൂ. വിശാലമായ ഈ രാജ്യത്തിലെ അപ്രസക്തങ്ങളെന്നു തന്നെ പറയാവുന്ന ആ രണ്ടു ചെറു പ്രദേശങ്ങളിൽ നിന്നാണ് ഇന്ത്യയുടെ സുവിശേഷീകരണത്തിന്റെ വലിയ ചുവടുവയ്പുകൾക്ക് തുടക്കം കുറിച്ചതെന്നത് വിരോധാഭാസമായി അവശേഷിക്കുന്നു.നമ്മുടെ ദൈവത്തിന്റെ പ്രവർത്തനശൈലി എന്നും അങ്ങനെ തന്നെയായിരുന്നല്ലോ.

കുത്തഴിഞ്ഞ ജീവിതമായിരുന്നു വിദേശികളുടേത്.ഉഷ്ണമേഖലയിൽ ജീവിക്കുന്നതുകൊണ്ടും വീട്ടുകാരിൽ നിന്നു മാറി നിൽക്കുന്നതു കൊണ്ടുമാണെന്നും മറ്റും പറഞ്ഞ് ഇതിനെ അവർ ന്യായീകരിച്ചിരുന്നു.ഇവരുടെയിടയിൽ സുവിശേഷം പറയാൻ ഒറ്റപ്പെട്ട ചില ധൈര്യശാലികളും ഡാനിഷ്മിഷൻ പോലുള്ള സംഘടനകളും ശ്രമിച്ചിരുന്നു എന്ന കാര്യം വിസ്മരിക്കുന്നില്ല. എങ്കിലും അതൊന്നും ഉദ്ദേശിച്ച ഫലം കണ്ടില്ല. ഈയവസരത്തിൽ എടുത്തുപറയേണ്ട ഒരു വിശിഷ്ഠ വ്യക്തിയാണ് ചാൾസ് ഗ്രാന്റ്. ക്രിസ്തുശിഷ്യനും അതേസമയം ഈസ്റ്റിന്ത്യാ കമ്പനിയിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥരിൽ ഒരാളുമായിരുന്ന ഇദ്ദേഹം വില്യം വിൽബർഫോഴ്സിന്റെ അടുത്ത കൂട്ടുകാരനുമായിരുന്നു.അടിമക്കച്ചവടത്തിനും മറ്റനാചാരങ്ങൾക്കുമെതിരെ ബ്രിട്ടീഷ് പാർലമെന്റിൽ നിരന്തരം പോരാടിക്കൊണ്ടിരുന്നയാളാണ് വിൽബർഫോഴ്സെന്നറിയാമല്ലോ. ഓരോ ഇരുപതു വർഷം കൂടുംതോറും ഈസ്റ്റിന്ത്യാകമ്പനിയുടെ ഭരണഘടന പാർലമെന്റിൽ അവതരിപ്പിച്ച് പുതുക്കേണ്ടതുണ്ടായിരുന്നു. ഇപ്പോൾ അങ്ങനെപുതുക്കേണ്ട സമയമായിരുന്നു. ചാൾസ് ഗ്രാന്റ്, വിൽബർ ഫോഴ്സിനോട് ഇന്ത്യയിലെ ജനങ്ങളുടെ മതപരവും ധാർമ്മികവുമായ നിലവാരം ഉയർത്തേണ്ടതിന്റെ ആവശ്യകതയും ചുമതലയും ഭരണഘടനയിൽ പുതുതായി എഴുതിച്ചേർക്കണമെന്ന ഭ്യർത്ഥിച്ചു.അതനുസരിച്ച് ഇന്ത്യയിൽ സുവിശേഷം പ്രസംഗിക്കുന്നതും പ്രചരിപ്പിക്കുന്നതും നിയമാനുസൃതമാക്കുന്ന ഭേദഗതിയുടെ കരട് ബിൽ അദ്ദേഹം പാർലമെന്റിൽ അവതരിപ്പിച്ചു. അവരത് അംഗീകരിക്കുകയും ചെയ്തു.കമ്പനിയുടെ ഡയറക്ടർ ബോർഡ് പക്ഷേ ആ നിർദ്ദേശങ്ങളെയെല്ലാം എതിർത്തു. നാട്ടുകാർ ക്രിസ്ത്യാനികളായിമാറിയാൽ ദുരന്തമായിരിക്കും ഫലം എന്നവർ വാദിച്ചു. വീണ്ടും പാർലമെന്റിൽ ചർച്ചയ്ക്ക് വന്നപ്പോൾ ഭേദഗതികൾ ഒഴിവാക്കിക്കൊണ്ട് പഴയ ഭരണഘടന തന്നെ തുടരാൻ അനുമതി നൽകുകയാണുണ്ടായത്. അങ്ങനെ ഇരുപതു വർഷം കൂടി സുവിശേഷത്തെ തടഞ്ഞു നിർത്താമെന്ന് ഈ ലോക





ത്തിന്റെ പ്രഭു കണക്കു കൂട്ടി. തങ്ങളുടെ നിയന്ത്രണത്തിലുള്ള ഒരു പ്രദേശത്തും ഒരു കാരണവശാലും മിഷനറി പ്രവർത്തനം അനുവദിക്കുകയില്ലെന്ന് കമ്പനി ദൃഢപ്രതിജ്ഞയെടുത്തിരിക്കുന്ന സമയത്താണ് വില്യം കേരിയും ഡോ. തോമസും പെർമിറ്റോ ലൈസൻസോ ഇല്ലാതെ കമ്പനിയുടെ തലസ്ഥാനത്തു തന്നെ കാലുകുത്തിയത്. 'ഞാൻ എന്റെ സഭയെ പണിയും. പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല' (മത്താ :16.18) എന്ന യേശുവിന്റെ വചനം ഓർമ്മയിൽ വരുന്ന ഒരു നിമിഷം.

അധികൃതരുടെ അറിവോ സമ്മതമോ ഇല്ലാതിരുന്നതുകൊണ്ട് അവർ യഥാർത്ഥത്തിൽ അവിടെ അന്യരും പരദേശികളുമായിരുന്നു.ആകെയുള്ളൊരാശ്വാസം ഡോ. തോമസിന് കൊൽക്കത്ത പരിചിതമായിരുന്നു എന്നതുമാത്രമായിരുന്നു. ദയാലുവായ ഒരിന്ത്യാക്കാരൻ താമസിക്കാനനുവദിച്ച ഒരു വീട്ടിൽ കുറച്ചുനാൾ അവർ താമസിച്ചു. ഡോ. തോമസാണ് പണം കൈകാര്യം ചെയ്തിരുന്നത്.ഒരു വർഷത്തേക്കുള്ള പണം വളരെപ്പെട്ടെന്നു തന്നെ അയാൾ ചെലവഴിച്ചു തീർത്തു. പിന്നെ മഹാനായ അപ്പോസ്തലന്റെ മാതൃക പിന്തുടരുകയേ നിവൃത്തിയുണ്ടായുള്ളൂ. സ്വന്തം കൈകൊണ്ട് അധ്വാനിച്ച് സുവിശേഷ പ്രവർത്തനം നടത്തുക!കമ്പനിയുടെ വകയായുള്ള ബൊട്ടാണിക്കൽ ഗാർഡനിൽ ഒരു സസ്യ ശാസ്ത്രജ്ഞന്റെ ജോലി ഒഴിവുണ്ടെന്ന് കേട്ട് കേരി അവിടെയെത്തിയപ്പോൾ വേറൊരാളെ നിയമിച്ചുപോയിയെന്നറിഞ്ഞ് മടങ്ങിപ്പോന്നു. കാശുണ്ടായിരുന്നെങ്കിൽപ്പോലും കൊൽക്കത്തയിൽ അധികനാൾ കഴിയാൻ പറ്റുമെന്ന് കേരിക്ക് തോന്നിയില്ല.കാലാവസ്ഥയും മോശപ്പെട്ട ഭക്ഷണവുമൊക്കെക്കൊണ്ടായിരിക്കും ഡൊറോത്തിക്കും മൂത്ത രണ്ടു കുട്ടികൾക്കും അതിസാരം പിടിപ്പെട്ടു.ഗൃഹാതുരത്വം വേറെയും. എല്ലാം കൊണ്ടും വട്ടം കറങ്ങിയ സമയം. തന്റെ ജീവിതം എങ്ങനെയൊക്കെയായി മാറി എന്നു കേരി ചിന്തിച്ചു പോയി. കഷ്ടപ്പാടുകൾ അതിനെ വിലയില്ലാത്ത നിരവധി തുണ്ടുകളാക്കി മാറ്റിയിരിക്കുന്നു. പൊട്ടിത്തകർന്ന ആ ചില്ലു കക്ഷണങ്ങൾ തന്റെ കലിഡോസ്കോപ്പിലിട്ട് ചെറുതായൊന്നു കുലുക്കിയാൽ വർണ്ണങ്ങളുടെ അത്ഭുതപ്രപഞ്ചം സൃഷ്ടിക്കാൻ ദൈവത്തിന് കഴിയുമെന്ന ഉൾക്കാഴ്ച അദ്ദേഹത്തിന് അന്നുണ്ടായിരുന്നില്ല. എന്നാൽ തുടർന്നുവന്ന ദിവസങ്ങളിൽ ദൈവസമാധാനം ഹൃദയത്തിൽ നിറയുന്നതായറിഞ്ഞു. ജനുവരി 17-ാം തീയതി അദ്ദേഹം ഡയറിയിൽ ഇങ്ങനെയെഴുതി: 'വൈകുന്നേരമായപ്പോൾ ദൈവം സകലത്തിനും മതിയായവൻ എന്ന ചിന്ത മനസ്സിൽ ബലപ്പെട്ടു. അവന്റെ വാഗ്ദാനങ്ങളുടെ ഉറപ്പ് ബോധ്യമായി.... എല്ലാ ചിന്താകുലവും അവന്റെ മേൽ ഇടുവാൻ സാധിച്ചു.' പിന്നീടൊരുദിവസം ഇങ്ങനേയും എഴുതി: 'എല്ലാം ദൈവമറിയുന്നു. അവൻ ഈ മിഷന്റെ കാര്യവുമറിയുന്നു. ഈ പ്രവർത്തനത്തിന് ഇറങ്ങിത്തിരിച്ചതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. ജീവൻ കൊടുക്കേണ്ടിവന്നാലും അതിൽത്തന്നെ ഞാൻ തുടരും.'

ദേബട്ട എന്ന സ്ഥലത്ത് ഒരു കെട്ടിടം ഒഴിഞ്ഞുകിടപ്പുണ്ടെന്ന് കേട്ട് അങ്ങോട്ട് താമസം മാറ്റാമെന്ന് വിചാരിച്ചു. മൂർഖൻ പാമ്പും കടുവയുമൊക്കെയുള്ള പ്രദേശം. തന്റേയും കുടുംബത്തിന്റേയും സുരക്ഷയ്ക്ക് ദൈവാഗ്ദാനങ്ങളിൽത്തന്നെ അഭയം കണ്ടെത്തി. അവിടെയെത്തിയപ്പോൾ പക്ഷേ വിചാരിച്ച വീട് കിട്ടിയില്ല. പകരം കമ്പനി ഉദ്യോഗസ്ഥനായ ചാൾസ് ഷോർട്ട് എന്നൊരാൾ അയാളുടെ ബംഗ്ളാവിൽ താമസിക്കാൻ അവരെ ക്ഷണിച്ചു. നൻമ നിറഞ്ഞയാളായിരുന്നു

തന്റെ ജീവിതം എങ്ങനെയൊക്കെയായി മാറി എന്നു കേരി ചിന്തിച്ചുപോയി. കഷ്ടപ്പാടുകൾ അതിനെ വിലയില്ലാത്ത നിരവധി തുണ്ടുകളാക്കി മാറ്റിയിരിക്കുന്നു. പൊട്ടിത്തകർന്ന ആ ചില്ലുകഷണങ്ങൾ തന്റെ കലിഡോസ്കോപ്പിലിട്ട് ചെറുതായൊന്നു കുലുക്കിയാൽ വർണ്ണങ്ങളുടെ അത്ഭുതപ്രപഞ്ചം സൃഷ്ടിക്കാൻ ദൈവത്തിന് കഴിയുമെന്ന ഉൾക്കാഴ്ച അദ്ദേഹത്തിന് അന്നുണ്ടായിരുന്നില്ല. എന്നാൽ തുടർന്നുവന്ന ദിവസങ്ങളിൽ ദൈവസമാധാനം ഹൃദയത്തിൽ നിറയുന്നതായറിഞ്ഞു. അദ്ദേഹം ഡയറിയിൽ ഇങ്ങനെയെഴുതി: 'വൈകുന്നേരമായപ്പോൾ ദൈവം സകലത്തിനും മതിയായവൻ എന്ന ചിന്ത മനസ്സിൽ ബലപ്പെട്ടു. അവന്റെ വാഗ്ദാനങ്ങളുടെ ഉറപ്പ് ബോധ്യമായി...'

ഷോർട്ട് എങ്കിലും സുവിശേഷപ്രവർത്തനത്തോട് അലർജിയായിരുന്നു. അതൊരുതരം ഭോഷത്തമാണെന്ന അഭിപ്രായമായിരുന്നു അയാൾക്ക്. എന്നിരുന്നാലും അയാളുടെ മനസ്സലിവും കരുണയും നിമിത്തം അതിഥികളായി മാസങ്ങളോളം അവിടെ താമസിക്കാൻ സാധിച്ചു. അവരുടെ എല്ലാ ആവശ്യങ്ങളും അദ്ദേഹം സാധിച്ചുകൊടുത്തു എന്നു തന്നെപറയാം.താമസിയാതെ കിറ്റി അയാളിൽ അനുരക്തയാവുകയും പിന്നീട് വിവാഹം കഴിക്കുകയും ചെയ്തു.

എന്നും ഇതുപോലെ കഴിയാൻ പറ്റുകയില്ലല്ലോ. തങ്ങൾക്കും സ്വന്തമായി ഒരു പാർപ്പിടം വേണമെന്ന ചിന്ത കേരിക്കു കലശലായി. കാട് വെട്ടിത്തെളിച്ച് കുറച്ചു സ്ഥലം വീട് വയ്ക്കാനും കൃഷിചെയ്യാനും പാകത്തിന് ഉണ്ടാക്കിയെടുത്തു. പിന്നെ മുളയും പുല്ലും ഉപയോഗിച്ച് ഒരു വീടുണ്ടാക്കി അവിടേക്ക് താമസം മാറ്റി. യമുനയുടെ കിഴക്കേക്കരയിലായിരുന്നു അത്.ക്രമേണ വീട്ടുകാരുടെയൊക്കെ ആരോഗ്യം മെച്ചപ്പെട്ടു. കടുവകളെപ്പേടിച്ച് സ്ഥലം വിട്ടിരുന്ന നാട്ടുകാരും ഒരു സായിപ്പും കുടുംബവും താമസിക്കുന്നതറിഞ്ഞ് പതിയെ അവിടേക്ക് മടങ്ങിയെത്തി. തന്നെ രക്ഷകനായിക്കരുതുന്ന ഒരു പറ്റം ആളുകൾ ചുറ്റും താമസിക്കുന്നതിൽ കേരി സന്തോഷിച്ചു. അവർക്ക് യഥാർത്ഥ രക്ഷകനെ പരിചയപ്പെടുത്താനും ഒരു ഇടയനായി മാത്രം അവരോടൊപ്പമിരിക്കുവാനും അദ്ദേഹം ആഗ്രഹിച്ചു. രാംബാസു എന്നൊരു ബംഗാളി പണ്ഡിറ്റിനെ കൂട്ടി ഭാഷാ പഠനം തുടന്നുപോന്നു. യമുനയുടെ ഇരുകരയിലുമുള്ള ഗ്രാമങ്ങളിൽ കേരി പ്രസംഗിക്കാൻ പോവുമ്പോൾ രാംബാസുവും ഒപ്പമുണ്ടാവും. അങ്ങനെയിരിക്കെ കേരി ഒരു കാഴ്ച കണ്ടു. ഒരു മുളയുടെ അറ്റത്തു നിന്നു കുറേ കൊളുത്തുകൾ മുതുകിലെ മാംസത്തിൽക്കൂടിക്കടത്തി ഒരാളെ കെട്ടിത്തൂക്കിയിട്ടിരിക്കുന്നു. അമ്പലത്തിലെ തൂക്ക വഴിപാടാണ് ചടങ്ങ്. ഒരു പതിനഞ്ച് മിനിറ്റോളമുണ്ടാവും. ഈ സമയം ആളുകൾ ഇയാളെ മുളയോടുകൂടി വട്ടത്തിൽ കറക്കിക്കൊണ്ടിരിക്കും. കൊളുത്തിൽ തൂങ്ങിക്കിടക്കുന്നയാൾ ഭസ്മവും പൂക്കളും കാണികളുടെ നേർക്ക് എറിഞ്ഞുകൊണ്ടിരിക്കും.സ്വന്ത ശരീരത്തെ ഇങ്ങനെ പീഡിപ്പിച്ചാൽ ലഭിക്കുന്ന മോക്ഷമോർത്താണ് ആളുകൾ ഈ വേദന സഹിക്കുന്നത്. അവരുടെ അറിവില്ലായ്മയോർത്തു കേരി ദു:ഖിച്ചു. തന്റെ രക്ഷകനെ അവരറിഞ്ഞിരുന്നെങ്കിൽ!

കലിഡോസ്കോപ്പിനെ ദൈവം ഒന്നുകൂടി കുലുക്കി. ഒട്ടും പ്രതീക്ഷിക്കാതിരുന്ന ആ സമയത്ത് ഒരു വഴിതുറക്കുന്നതായി തോന്നി. മുന്നൂറു മൈൽ അകലെയൊരു എസ്റ്റേറ്റിൽ അസി. മാനേജരായി ജോലി. സുവിശേഷപ്രവർത്തനത്തിന് തടസ്സമില്ല. കനത്ത ശമ്പളം. അതുകൊണ്ട്





ബൈബിൾ പ്രസിദ്ധീകരണത്തിനും മറ്റും വേറെയാരേയും ആശ്രയിക്കേണ്ടിവരില്ല. മാത്രമല്ല, കുറഞ്ഞസമയം മാത്രമുള്ള ജോലി കഴിഞ്ഞാൽ കേരിയുടെ ഇഷ്ടം പോലെ പഠനമോ പ്രസംഗമോ എന്തുവേണമെങ്കിലുമാവാം. അവരെല്ലാവരും – കിറ്റി ഒഴികെ– അങ്ങനെ ഒരു ബോട്ടിൽ യാത്രയായി. കിറ്റിയുടെ വിവാഹം കഴിഞ്ഞിരുന്നതുകൊണ്ട് അവരോടൊപ്പം പോകാനാവുമായിരുന്നില്ലല്ലോ. ഡൊറോത്തിക്ക് ഇതൊരാഘാതമായിരുന്നു. കിറ്റി കുഞ്ഞുങ്ങളേയും വീട്ടുകാര്യങ്ങളും നോക്കുമായിരുന്നു.ഇനി അതൊക്കെ കേരി തന്നെ ചെയ്യേണ്ടിവരും. 'കുടുംബവുമൊത്തുള്ള ഇത്തരമൊരു യാത്ര വിശുദ്ധിയിലേക്കുള്ള നടപ്പിന് തീരെ യോജിച്ചതല്ല' എന്നദ്ദേഹം ഡയറിയിൽ എഴുതി. ലക്ഷ്യസ്ഥാനത്തെത്തിയപ്പോൾ എല്ലാം അനുഗൃഹീതമായിരുന്നു എന്നു മനസ്സിലായി. ആദ്യത്തെ ഞായറാഴ്ചതന്നെ ആ പ്രദേശത്തുണ്ടായിരുന്ന എല്ലാ വിദേശികളും കേരിയുടെ പ്രസംഗം കേൾക്കാൻ വന്നെത്തി.

എസ്റ്റേറ്റിലെ ശമ്പളം വർഷത്തിൽ 250 പവനായിരുന്നു. ജീവിതത്തിൽ താൻ ഇതുവരെ കൈപ്പറ്റിയ ഏറ്റവും കൂടിയ പ്രതിഫലത്തിന്റെ അഞ്ചിരട്ടിയായിരുന്നു അത്. ഇനി ആരേയും ആശ്രയിക്കാതെ എല്ലാവിധ സുവിശേഷപ്രവർത്തനവും ആകാം. ഇംഗ്ലണ്ടിലെ മേലധികാരികൾക്ക് അദ്ദേഹം ഇപ്രകാരം എഴുതി: 'അവിടെ നിന്നും എനിക്കിനി പണമൊന്നും അയയ്ക്കണ്ട. എനിക്കായി വച്ചിരിക്കുന്ന പണം വേറെ ഏതെങ്കിലും വയൽപ്രദേശത്തേക്ക് അയച്ചുകൊടുക്കണം.എന്നിരുന്നാലും സംഘടനയുമായുള്ള എന്റെ ബന്ധം പണ്ടത്തേതുപോലെതന്നെ ആയിരിക്കും. എന്റെ ആവശ്യങ്ങളിൽ നിങ്ങളുടെ പണമല്ല പകരം അവിടെനിന്നയക്കുന്ന കത്തുകളായിരിക്കും എനിക്കാശ്വാസം.' തുടർന്ന്, തനിക്ക് ഇവിടെയൊരു പൂന്തോട്ടമുണ്ടാക്കാനാവശ്യമായ പണിയായുധ

കേരി ഒരു കാഴ്ച കണ്ടു-ഒരു മുളയുടെ അറ്റത്തു നിന്നു കുറേ കൊളുത്തുകൾ മുതുകിലെ മാംസത്തിൽക്കൂടിക്കടത്തി ഒരാളെ കെട്ടിത്തൂക്കിയിട്ടിരിക്കുന്നു. അമ്പലത്തിലെ തൂക്ക വഴിപാടാണ് ചടങ്ങ്. ഒരു പതിനഞ്ച് മിനിറ്റോളമുണ്ടാവും. ഈ സമയം ആളുകൾ ഇയാളെ മുളയോടു കൂടി വട്ടത്തിൽ കറക്കിക്കൊണ്ടിരിക്കും. സ്വന്ത ശരീരത്തെ ഇങ്ങനെ പീഡിപ്പിച്ചാൽ ലഭിക്കുന്ന മോക്ഷമോർത്താണ് ആളുകൾ ഈ വേദന സഹിക്കുന്നത്. അവരുടെ അറിവില്ലായ്മയോർത്തു കേരി ദു:ഖിച്ചു. തന്റെ രക്ഷകനെ അവരറിഞ്ഞിരുന്നെങ്കിൽ!

ങ്ങൾ അയച്ചുതരണമെന്നും 'ഞാൻ എന്റെ സ്വന്തം നാട് ആയി തെരഞ്ഞെടുത്ത ഈ രാജ്യ'ത്തിന്റെ എന്നും നിലനിൽക്കുന്ന അനുഗ്രഹത്തിനായി ഇംഗ്ലീഷ് ചെടികളുടേയും മരങ്ങളുടെയും വിത്തുകൾ വർഷം തോറും അയച്ചുതരണമെന്നും അഭ്യർത്ഥിച്ചു. ഒരിംഗ്ലീഷ് പൂന്തോട്ടം ആ നാടിന്റെ ഹൃദയത്തിലുണ്ടായിവരുന്നത് കാണാൻ അദ്ദേഹം കൊതിച്ചു.നാട്ടുകാരുടെ ഹൃദയത്തിൽ ക്രിസ്തുവിന്റെ സ്നേഹമെന്ന വിത്തു പാകാൻ അതിലെത്രയോഏറെ അദ്ദേഹം ആഗ്രഹിച്ചു! ഏതെങ്കിലും നിലയിൽ തന്നോട് അടുത്തുവരുന്നവരോട് സുവിശേഷം പറയാൻ അദ്ദേഹം മടിച്ചില്ല. സുവിശേഷം അറിയിക്കാൻ സാധിക്കുന്ന ഒരവസരവും പാഴാക്കിയില്ല. ഭൂരിപക്ഷത്തിനും അത് സ്വീകരിക്കാൻ മനസ്സില്ല എന്നറിഞ്ഞിട്ടും ക്രിസ്തുവിനെ നന്നായി അവതരിപ്പിക്കാനായി മറ്റു മതങ്ങളുടെ പഠിപ്പിക്കലും വായിച്ചുമനസ്സിലാക്കി. പ്രത്യേകിച്ച് ഹിന്ദുമതവും ഇസ്ലാമും.

എസ്റ്റേറ്റിലെ ആദ്യത്തെ വിളവെടുപ്പ് കാലം വന്നു.എല്ലാം സന്തോഷമായി കടന്നു പോകവെ, അപ്രതീക്ഷിതമായൊരു ദു:ഖമുണ്ടായി. അഞ്ചുവയസ്സായ മകൻ പീറ്റർ പനി പിടിച്ച് കിടപ്പിലായി. അറിയാവുന്ന പരിചരണങ്ങളൊക്കെ നൽകിയിട്ടും രോഗത്തിനൊരു ശമനവുമുണ്ടായില്ല എന്നു മാത്രമല്ല പനി കൂടുകയും ചെയ്തു. മണിക്കൂറുകൾക്കുള്ളിൽ മരണം കടന്നുവന്നു. എല്ലാം മൂകമായി സഹിക്കുകയേ നിവൃത്തിയുണ്ടായുള്ളൂ. കുഞ്ഞിനെ അടക്കാൻ ആരും സഹകരിച്ചില്ല. വിദേശിയുടെ ജഡം തൊടുന്നത് അവരുടെ വിശ്വാസത്തിനെതിരായിരുന്നു. കേരി തന്നെ ഒരു ചെറിയ പെട്ടിയുണ്ടാക്കി കുഞ്ഞിനെ അതിൽ കിടത്തി. ഭാഗ്യത്തിന്, കുഴിയെടുത്തുതരാമെന്ന് നാല് മുസ്‌ലിം യുവാക്കൾ സമ്മതിച്ചു. അവർ പക്ഷേ പെട്ടിപിടിക്കുകയില്ല.അങ്ങനെ അപ്പനും മറ്റു മക്കളും ചേർന്നു കുഞ്ഞു പീറ്ററെ കുഴിയിലേക്ക് വച്ചു.

എല്ലാം അവസാനിച്ചെന്ന് ഡൊറോത്തിക്ക് തോന്നിക്കാണും.നഷ്ടമായ മൂന്നാമത്തെ കുഞ്ഞായിരുന്നു പീറ്റർ. അനുജത്തി കിറ്റി കൂടെയില്ല. അന്യനാട് .ഭാഷ അറിയില്ല. സ്വന്തക്കാരെയോ നാടോ എന്നെങ്കിലും കാണാനാവുമെന്ന വിദൂരപ്രതീക്ഷപോലുമില്ല. മനസ്സുതളർന്നു ഡൊറോത്തി മൂകതയുടെ ലോകത്തേക്ക് മാറി. ആയിടയ്ക്ക് ഒരിക്കൽ കേരി ഇങ്ങനെ ഡയറിയിലെഴുതി: 'കഠിനശോധനകൾ എന്റെ തന്നെ കുടുംബത്തിലുണ്ട്. ഇതുവരെയുണ്ടായിരുന്നതിൽക്കൂടുതലായി വിശ്വാസവും ക്ഷമയും വേണ്ടിയിരിക്കുന്നു'.

ഇന്ത്യയിലെത്തി ഒരു കൊല്ലം തികയുന്നതിനുമുൻപ് കേരി ഇംഗ്ലണ്ടിലെ മിഷൻ ഓഫീസിലേക്കെഴുതിയ ഒരു കത്തിൽ ഇങ്ങനെ കാണുന്നു: "താമസിയാതെ തന്നെ ഉൽപത്തി, മത്തായി, മർക്കോസ്, യാക്കോബ് തുടങ്ങിയ പുസ്തകങ്ങളുടെ ബംഗാളി പരിഭാഷ അങ്ങോട്ട് അയച്ചുതരാം.കൂട്ടത്തിൽ ഞാൻ തന്നെ എഴുതിയുണ്ടാക്കിയ ബംഗാളി വ്യാകരണവും ചെറിയൊരു ശബ്ദകോശവും".അത്ര സമഗ്രമായിരുന്നു ഭാഷാ പഠനവും ബൈബിൾ പരിഭാഷയും. ഞായറാഴ്ച പ്രസംഗം

കേൾക്കാൻ പരിചയക്കാർ മാത്രമല്ല ഹിന്ദുക്കളും ചിലപ്പോൾ ചില മുസ്ലീങ്ങളും വന്നു തുടങ്ങി. വൈകുന്നേരങ്ങളിൽ ചുറ്റുപാടുമുള്ള ഗ്രാമങ്ങൾ സന്ദർശിക്കും. ചന്തസ്ഥലത്തു നിന്ന് പ്രസംഗിക്കും. ഇപ്പോൾ ഭാഷ നല്ല വശമാണ്. വാക്കുകളുടേയും പ്രയോഗങ്ങളുടേയും എല്ലാ അർത്ഥവ്യത്യാസങ്ങളും ഹൃദിസ്ഥം. വളരെ ശ്രദ്ധിച്ച് ചന്തയിൽ കാണുന്ന ആരോടെങ്കിലും സംഭാഷണം തുടങ്ങും. ഈ സായിപ്പെന്താണ് പറയുന്നതെന്ന് കേൾക്കാൻ ചുറ്റും ആളുകൾ കൂടും.ആദ്യം അവരുടെ ദൈവങ്ങളേയും വിശ്വാസത്തേയും പറ്റി പറയും.അവരുടെ മതത്തിന്റെ പ്രത്യേകതകൾ എല്ലാം അറിഞ്ഞിരുന്നു കൊണ്ടാണ് അദ്ദേഹം സംസാരിക്കുന്നതെന്ന് അവർക്ക് മനസ്സിലാകും. ക്രമേണ ക്രിസ്തുവിലൂടെയുള്ള രക്ഷയിലേക്ക് അവരെ നയിക്കും. അക്കൊല്ലം കൊളുത്തിൽ കെട്ടിത്തൂക്കുന്ന നേർച്ചയുടെ സമയമായപ്പോൾ ഇത്തരം വ്യർത്ഥ പീഢനങ്ങൾക്കെതിരായി ധൈര്യസമേതം ചന്തസ്ഥലങ്ങളിൽ അദ്ദേഹം പ്രസംഗിച്ചു.

'മിഷന്റെ ഇന്ത്യയിലെ പ്രവർത്തനങ്ങൾ വായിച്ച് ഇവിടെയുള്ള എല്ലാ സഭകളും പട്ടക്കാരും ഉണർവിലായിരിക്കുന്നു എന്നറിയുന്നത് താങ്കൾക്ക്





സന്തോഷമായിരിക്കും' എന്നെഴുതിയ ഒരു കത്ത് നാട്ടിൽ നിന്നു വന്നു. ദൈവത്തിനായി വൻകാര്യങ്ങൾ ഉദ്യമിക്കാനിറങ്ങിപ്പുറപ്പെട്ടയാൾക്ക് ആ എഴുത്ത് എത്ര പ്രോത്സാഹജനകമായിരുന്നു!കേരിക്ക് പ്രോത്സാഹനം ആവശ്യം വേണ്ട സമയവുമായിരുന്നു.ഡൊറോത്തിയുടെ മനസ്സിന്റെ താളം തെറ്റിയിരുന്നല്ലോ. കുഞ്ഞുങ്ങളെ ശ്രദ്ധിക്കാനോ വീട്ടുകാര്യങ്ങൾ നോക്കാനോ ആവാതായിരിക്കുന്നു. താൻ അതിയായി സ്നേഹിച്ച ഭാര്യ ഇങ്ങനെയായത് മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായുണ്ടായ കഷ്ടപ്പാടുകൾ നിമിത്തമാകാം എന്ന തോന്നൽ ഏറ്റവും ഭാരമേറിയ കുരിശായി കേരിക്ക് അനുഭവപ്പെട്ടു.

എസ്റ്റേറ്റിലെത്തി ഒരു കൊല്ലമാവുമ്പോഴേക്കും കേരി സംസ്കൃത ഭാഷാ പഠനമാരംഭിച്ചു. വേദങ്ങളും പ്രധാന സാഹിത്യ സൃഷ്ടി സൃഷ്ടികളും ആ ഭാഷയിലായിരുന്നല്ലോ. ഇന്ത്യയിലെ മറ്റെല്ലാ ഭാഷകളിലും അതിന്റെ സ്വാധീനമുണ്ടെന്നതിനാൽ സംസ്കൃതം പഠിച്ചാൽ മറ്റു ഭാഷകളിൽ ബൈബിൾ തർജ്ജമ ചെയ്യാൻ അതുപകരിക്കും എന്ന് കേരി മനസ്സിലാക്കി.അധികനാൾ കഴിയുംമുമ്പേ നാട്ടിലേക്കുള്ള കത്തിൽ ഇങ്ങനെയെഴുതി: 'മഹാഭാരതം ഞാൻ വായിച്ചുകഴിഞ്ഞു. ഹോമറിനെ ഓർമ്മപ്പെടുത്തുംവണ്ണം അതിമനോഹരമായ ഭാഷയിലെഴുതിയ അത്ഭുതപ്പെടുത്തുന്ന ഇതിഹാസകാവ്യം എന്നേ പറയേണ്ടൂ'. സംസ്കൃതം മാത്രമല്ല ഹിന്ദിയും ഒപ്പം പഠിച്ചുകൊണ്ടിരുന്നു. ഉത്തരേന്ത്യയിലെവിടെച്ചെന്ന് പ്രസംഗിക്കാനും അതുമതിയാകുമല്ലോ എന്നദ്ദേഹം കരുതി.ബംഗാളി ബൈബിൾ പരിഭാഷയും അനവരതം തുടർന്നു. അത് പക്ഷേ വളരെപ്പതുക്കെയായിരുന്നുവെന്നു മാത്രം. കാരണം ആ ഭാഷയിലെ ശൈലിയോ പ്രയോഗങ്ങളോ മനസ്സിലാക്കാൻ സാധിക്കുന്ന തരത്തിലുള്ള കൃതികളൊന്നും തന്നെയില്ലായിരുന്നു.എന്തിന്, വാക്കുകൾക്ക് ഏത് അക്ഷരം എഴുതണമെന്നുപോലും നിശ്ചയമില്ലാതെ തനിക്ക് ശരിയെന്ന് തോന്നിയതെഴുതി മുന്നോട്ട് പോകുകയാണദ്ദേഹം ചെയ്തത്. തെറ്റുകളുണ്ടായില്ല എന്നല്ല. 1797 ന്റെ ആദ്യമാസങ്ങളിലെ ഒരു ദിവസം അദ്ദേഹത്തിന് ഇങ്ങനെയെഴുതാൻ സാധിച്ചു: 'പുതിയ നിയമം ബംഗാളിയിലേക്ക് പരിഭാഷപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. അതിന്റെ മൂല്യം എത്രയോ വജ്രങ്ങൾക്കും മുകളിലാണ്'.

അച്ചടിയന്ത്രങ്ങൾ അന്ന് കൊൽക്കത്തയിലുണ്ടായിരുന്നില്ല. അക്ഷരങ്ങളും മറ്റും ഇംഗ്ലണ്ടിൽ നിർമ്മിച്ച് കൊണ്ടുവന്ന് ബൈബിളിന്റെ ഒരായിരം കോപ്പി അച്ചടിക്കുന്നതിന് ഏതാണ്ട് നാലായിരം പവൻ വേണ്ടിവരും. നടക്കാത്ത കാര്യം. എന്നാൽ അത്ഭുതമെന്നേ പറയേണ്ടൂ, ആ വർഷാവസാനം തന്നെ ബംഗാളി അച്ചടി അക്ഷരങ്ങൾ നിർമ്മിക്കുന്ന ഒരു ഫൗണ്ട്രി കൊൽക്കത്തയിൽ സ്ഥാപിക്കപ്പെട്ടു. പഴയൊരു അച്ചടിയന്ത്രം എസ്റ്റേറ്റുടമ നാൽപ്പത്തിയാറു പവന് വാങ്ങി കേരിക്ക് സമ്മാനമായിക്കൊടുത്തു. പ്രസ്സ് സ്ഥലത്തെത്തിയയുടനെ അച്ചടിയും തുടങ്ങാനായി.എത്രയെത്ര മണികൾ മുഴങ്ങിക്കാണും സ്വർഗ്ഗത്തിലന്നേരം!

(തുടരും)

# എന്റേതെല്ലാം നിന്റേത്..

10-ാം പേജിൽ നിന്നു തുടർച്ച

വാചാലമാകുന്ന ഈ സുവിശേഷം വിശ്വാസികൾക്കു വലിയ ഉറപ്പും ധൈര്യവും നൽകാറുണ്ട്.ഇതു ചിലപ്പോഴെങ്കിലും തെറ്റായ നിലയിലുള്ള ധൈര്യമാണെന്നു വ്യക്തമാകുന്നത്,ഈ ഉറപ്പും ധൈര്യവും അവരെ എന്തിലേക്കാണു നയിക്കുന്നതെന്ന് അറിയുമ്പോഴാണ്. ദൈവത്തിൽ നിന്നുള്ള യഥാർത്ഥ ഉറപ്പും ധൈര്യവും ഒരുവനെ നിലനിൽക്കുന്ന ദൈവിക സന്തോഷത്തിലേക്കും താഴ്മയിലേക്കും മറ്റുള്ളവരോടുള്ള കരുണയിലേക്കുമാണ് നടത്തേണ്ടത്. എന്നാൽ ഇവരെ ഈ ഉറപ്പും ധൈര്യവും പലപ്പോഴും നടത്തുന്നത് പാപത്തെപ്പോലും ലഘുവായി കാണാനുള്ള, ദൈവകൃപയെ ലൈസൻസായി എടുക്കാനുള്ള, ധൈര്യത്തിലേക്കും സ്വന്ത ആത്മികനിലയെക്കുറിച്ചുള്ള പ്രശംസകളിലേക്കും മറ്റുള്ളവരെയല്ലാം നിന്ദാപൂർവ്വം വീക്ഷിക്കുന്ന മനോഭാവത്തിലേക്കുമാണ്. വലിയ സന്തോഷവും ധൈര്യവും അവരുടെ വാക്കുകളിൽ കാണുമെങ്കിലും, അടുത്തിടപഴകുമ്പോൾ സമ്പൂർണ്ണ സമർപ്പണത്തിന്റെ പിൻബലം ഇല്ലാത്തതിനാൽ അവരുടെ ക്രിസ്തീയ ജീവിതം ആഴം കുറഞ്ഞതും ഉപരിപ്ലവവും നാട്യങ്ങൾ നിറഞ്ഞതുമാണെന്നു മനസ്സിലാകും.

എന്നാൽ ഇതിന്റെ നേരെ എതിർ ധ്രുവത്തിലാണ് എന്റേതെല്ലാം നിന്റേതെന്ന് എണ്ണുകയും അതേസമയം നിന്റേതെല്ലാം എന്റേതാണെന്ന സത്യം കാണാതിരിക്കുകയും ചെയ്യുന്നവർ. പ്രായോഗികജീവിത സാഹചര്യങ്ങൾ അവരുടെ സമർപ്പണത്തിന്റെ ആഴക്കുറവ് അവരെ ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുമ്പോഴെല്ലാം അവർ നിരാശയിലേക്കും കുറ്റബോധത്തിലേക്കും വീണു പോകുന്നു. യേശുക്രിസ്തുവിന്റെ രക്തത്തിന്റെ കഴുകലും ശുദ്ധീകരണവും പ്രാപിക്കുവാൻ അടുത്തുചെല്ലുവാനുള്ള ധൈര്യം പോലും ഇല്ലാതെ സ്വയനിന്ദയിൽ വീണുകിടക്കുകയാണവർ. അങ്ങനെ നാളുകൾ കഴിയുമ്പോൾ ആ കുറ്റബോധത്തിന്റെ തടവറയിൽ തന്നെ തൃപ്തരായി അവർ ഇരുന്നു പോകുന്നു. (38 വർഷം ബേഥെസ്ദാ കുളക്കരയിൽ കിടന്ന രോഗിയോട് നിനക്കു സൗഖ്യമാകാൻ മനസ്സുണ്ടോ എന്ന് യേശു ചോദിച്ചതുപോലെ കർത്താവിന് ഇവരോടും ചോദിക്കേണ്ടി വരുന്നു). ക്രിസ്തീയ ജീവിതത്തിന്റെ ആഹ്ലാദം അവർക്കു തീർത്തും അന്യമാണ്. സ്വയനീതിബോധവും പ്രവൃത്തിയാലുള്ള നീതികരണവുമാണ് അവരെ ദൈവം സൗജന്യമായി നൽകുന്ന രക്ഷയിൽ നിന്നും ദൈവത്തിലുള്ള ഉല്ലാസത്തിൽ നിന്നും അകറ്റിക്കളയുന്നത്. തീർച്ചയായും ഇവർ പൂർണ്ണമനസ്കരായ ക്രിസ്ത്യാനികളും ക്രിസ്തീയ ജീവിതത്തെ ഗൗരവമായി എടുത്തിട്ടുള്ളവരുമാണ്. അവരുടെ ആത്മാർത്ഥതയേയും സത്യസന്ധതയേയും ചോദ്യം ചെയ്യാനുമാവില്ല. ഒരു തരത്തിൽ പറഞ്ഞാൽ ആഴമുള്ള ക്രിസ്ത്യാനികളാണവർ; എന്നാൽ ആഹ്ലാദമുള്ള ക്രിസ്ത്യാനികളല്ല.

നമ്മുടെ അവസ്ഥ എന്താണ്? ആഴവും അതേസമയം ആഹ്ലാദവുമുള്ള ക്രിസ്ത്യാനികളാണോ നാം? എന്റേതെല്ലാം നിന്റേതെന്നും നിന്റേതെല്ലാം എന്റേതെന്നും കർത്താവായ യേശുക്രിസ്തുവിനെപ്പോലെ നമുക്കും അവകാശപ്പെടുവാൻ കഴിയുമോ? വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കി നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടാം.

❖





# എഡിറ്റോറിയൽ തുടർച്ച

പോരും എന്നല്ല. മറിച്ച് നിന്റെ വീട്ടിൽ നിന്നു നിനക്ക് ഇഷ്ടമുള്ളതൊക്കെയും (Whatever is desirable in your eyes) എടുത്തുകൊണ്ടുപോരും എന്നാണ്!

പക്ഷേ, ഇത് ആഹാബിന് അംഗീകരിക്കാവുന്നതിനും അപ്പുറമായിരുന്നു. അദ്ദേഹം അതു സമ്മതിച്ചില്ല. ഇതേ തുടർന്നു ആഹാബും ബെൻ-ഹദദും തമ്മിൽ ഏറ്റുമുട്ടുന്നു (1 രാജാക്കന്മാർ 20-ാം അധ്യായം).

നോക്കുക. സമ്പൂർണ്ണമായ കീഴടങ്ങലാണ് ബെൻഹദദ് ആവശ്യപ്പെട്ടത്. ആഹാബ് അതിന് തയ്യാറാണെന്നും അറിയിച്ചു. എന്നാൽ ആ സമർപ്പണം പരിധോധിക്കപ്പെടുകയും സ്വന്ത ഇഷ്ടം വിട്ടുകൊടുക്കാൻ ആവശ്യപ്പെടുകയും ചെയ്തപ്പോൾ ആഹാബിന് അത് സ്വീകരിക്കാൻ കഴിഞ്ഞില്ല.

ഇഷ്ടം, സ്നേഹം എന്ന വാക്ക് ബൈബിളിൽ ആദ്യം പ്രത്യക്ഷപ്പെടുന്നത് ഉൽപത്തി 22 ന്റെ രണ്ടിലാണ്. ആ വാക്യം ഇങ്ങനെ: അപ്പോൾ ദൈവം: 'നിന്റെ മകനേ, നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനെ തന്നെ...ഹോമയാഗം കഴിക്ക എന്ന് അരുളിച്ചെയ്തു'. നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ മകൻ യിസഹാക്കിനെ യാഗം കഴിക്കാൻ അബ്രഹാമിനോട് ആവശ്യപ്പെട്ടപ്പോൾ ബെൻഹദദ് ആഹാബിനോടു ചോദിച്ചതു തന്നെയാണ് ദൈവവും ആവശ്യപ്പെട്ടത്. -നിനക്ക് ഇഷ്ടമുള്ളതൊക്കെയും(നിന്റെ കണ്ണിന് പ്രിയമായി തോന്നുന്നതൊക്കെയും).അബ്രഹാം അതു സമ്മതിച്ചു. സമ്പൂർണ സമർപ്പണത്തിനായുള്ള ആഹ്വാനത്തിനു മുൻപിൽ ആഹാബ് തോറ്റുപോയിടത്തു അബ്രഹാം ജയിച്ചത് അങ്ങനെയാണ്.

"പിതാവേ, എന്റേത് എല്ലാം നിന്റേത്" എന്ന യേശുവിന്റെ സമ്പൂർണ്ണ സമർപ്പണത്തിന്റെ വാക്കുകളും (യോഹ. 17:10) പരിശോധിക്കപ്പെട്ടത് സ്വന്തഇഷ്ടത്തെ വെടിയുന്ന ഇടത്തായിരുന്നു. 'ഞാൻ എന്റെ ഇഷ്ടം അല്ല എന്നെ അയച്ചവന്റെ ഇഷ്ടമാണു ചെയ്വാൻ ഇച്ഛിക്കുന്നത്' (യോഹന്നാ.5:30) എന്നു നേരത്തെ തന്റെ നയം വ്യക്തമാക്കിയ യേശു ഒടുവിൽ ഗെത്സെമനയിൽ 'എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം' എന്ന് ഏല്പിച്ചുകൊടുത്തപ്പോൾ (ലൂക്കോ. 22:42) അവിടുത്തെ സമർപ്പണം സമ്പൂർണമായിരുന്നു എന്നു നാം മനസ്സിലാക്കുന്നു.

ചുരുക്കത്തിൽ തനിക്കുള്ളതൊക്കെയും വിൽക്കാത്ത, ഇഷ്ടമുള്ളതൊക്കെയും വിട്ടുകൊടുക്കാത്ത സമർപ്പണം, സമ്പൂർണ്ണസമർപ്പണമാകുകയില്ല. നമ്മെ സംബന്ധിച്ച് ഇതെങ്ങനെയാണ്? തനിക്കുള്ളതൊക്കെയും വിറ്റ് നല്ല മുത്തു വാങ്ങിയ വ്യാപാരിയെപ്പോലെയാണോ നാം?

'തനിക്കുള്ളതൊക്കെയും' എന്ന പ്രയോഗം വേറൊരിടത്തും സുവിശേഷങ്ങളിൽ നാം കാണുന്നു.അത് യേശു ശിഷ്യത്വത്തെക്കുറിച്ചു പറയുന്നിടത്താണ്:'ആരെങ്കിലും തനിക്കുള്ളത് ഒക്കെയും വിട്ടുപിരിയുന്നില്ലെങ്കിൽ അവന് എന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ല'(ലൂക്കോ. 14:33).

ഉവ്വ്, സമ്പൂർണ്ണസമർപ്പണത്തിന്റെയും ശിഷ്യത്വത്തിന്റെയും മാർഗ്ഗത്തിലാണ് ആ വിലയേറിയ മുത്തു നമുക്കു സ്വന്തമാക്കാൻ കഴിയുന്നത്.ആ മുത്ത് അങ്ങനെ സ്വന്തമാകുമ്പോൾ യേശുവിനെപ്പോലെ തികഞ്ഞ ഉറപ്പോടെ നമുക്കും ഇങ്ങനെ പറയുവാൻ കഴിയും-'എന്റേതെല്ലാം നിന്റേതായപ്പോൾ നിന്റേതെല്ലാം എന്റേതുമായി' (യോഹ. 17:10).

❖

തിരുവെഴുത്തുകളെ പരിശോധിക്കുക



# ബൈബിളിലൂടെ...
# റോമർ

**സാക്പുന്നൻ**

**അഞ്ചാം അദ്ധ്യായം**

റോമർ അഞ്ചാം അദ്ധ്യായത്തിലേക്കു വരുമ്പോൾ നീതീകരണത്തിന്റെ അനുഗ്രഹങ്ങൾ നാം കാണുന്നു.ആദമിൽ നമുക്കു ലഭിച്ചതും ക്രിസ്തുവിൽ നമുക്ക് ലഭിച്ചതും തമ്മിലുള്ള ഒരു താരതമ്യം പല പ്രാവശ്യം നാം കാണുന്നു. “ഒരുവൻ നിമിത്തം പാപം ലോകത്തിൽ പ്രവേശിച്ചു” (വാ. 12) അപ്രകാരം “യേശുക്രിസ്തു എന്ന ഒരുവൻ നിമിത്തം കൃപ അനേകർക്കു വേണ്ടി അധികം കവിഞ്ഞിരിക്കുന്നു.” (വാ. 15). ആദമിൽ നാം മരിക്കുന്നു. ക്രിസ്തുവിൽ നമുക്കു ജീവൻ പ്രാപിക്കാൻ കഴിയുന്നു.ആദമിൽ നാമെല്ലാം തിന്മയായുള്ള കാര്യങ്ങളെ പ്രാപിച്ചു.തിന്മ പ്രവർത്തിക്കാൻ ആർ ക്കും പരിശീലനം നൽകേണ്ടതില്ല. അതു ജന്മനാ നമുക്കു ലഭിച്ചിരിക്കുന്നു. കുഞ്ഞുങ്ങളെ ആരും പഠിപ്പിച്ചിട്ടില്ല അവർ കള്ളം പറയുന്നതും തമ്മിലടിക്കുന്നതും സ്വാർത്ഥരാകുന്നതും. എല്ലാം അവരിൽത്തന്നെയുണ്ട്. ആദമും ക്രിസ്തുവും തമ്മിലുള്ള താരതമ്യ



*തിന്മ പ്രവർത്തിക്കാൻ ആർക്കും പരിശീലനം നൽകേണ്ടതില്ല. അതുജന്മനാ നമുക്കു ലഭിച്ചിരിക്കുന്നു. കുഞ്ഞുങ്ങളെ ആരും പഠിപ്പിച്ചിട്ടില്ല അവർ കള്ളം പറയുന്നതും തമ്മിലടിക്കുന്നതും.*





ത്തിൽനിന്നും നാം ഗ്രഹിക്കുന്ന കാര്യങ്ങൾ ഇതാണ്. ആദമിൽ നിന്നു ലഭിച്ച പൈതൃകം എത്ര പൂർണ്ണമായിരുന്നോ അതുപോലെ പൂർണ്ണമാണ് ക്രിസ്തുവിൽ ലഭിക്കുന്ന അവകാശങ്ങളും. എങ്ങനെയാണ് നാം നമ്മിലെ ആദാമ്യ പ്രകൃതി വെളിപ്പെടുത്തുന്നത് ? ആദമിനെ അനുകരിച്ചു കൊണ്ടാണോ? അല്ല. ആദമിന്റെ സ്വഭാവം നമുക്കു പൈതൃകമായി ലഭിച്ചിരിക്കുന്നു. നാം എങ്ങനെയാണ് യേശുവിനെ അനുഗമിക്കുന്നത് ? അതു യേശുവിനെ അനുകരിച്ചുകൊണ്ടാണോ? യേശുവിനെ അനുകരിക്കാൻ ശ്രമിക്കുന്ന ധാരാളം ആളുകൾ ഈ ലോകത്തിൽ ഉണ്ട്. പലരും ക്രിസ്ത്യാനികൾ പോലുമല്ല. യേശുവിനെ അനുകരിക്കുവാൻ ശ്രമിക്കുന്ന ക്രിസ്ത്യാനികളുമുണ്ട്. ആദമിനെ അനുകരിക്കാൻ നാം ശ്രമിക്കാതിരുന്നതുപോലെ യേശുവിനെയും അനുകരിക്കാൻ ശ്രമിക്കേണ്ടതില്ല. ആദമിന്റെ സ്വഭാവത്തിൽ പങ്കാളികളായിരുന്നതുപോലെ നമുക്കു ക്രിസ്തുവിന്റെ സ്വഭാവത്തിൽ പങ്കാളികളാകാം. ആദം തന്റെ സ്വഭാവം മുഴുവനായും നമ്മിലേക്കു പകർന്നു തന്നതുപോലെ യേശുവും തന്റെ സ്വഭാവം പൂർണ്ണമായും നമ്മിലേക്കു പകരും- നാം അങ്ങനെ ആഗ്രഹിക്കുന്നുവെങ്കിൽ,നാം നമ്മെ നൽകുന്ന അളവിൽ. ക്രിസ്തീയജീവിതം വിശ്വാസത്തിന്റെ ജീവിതമാണ്.ദൈവത്തിലുള്ള ആശ്രയത്തിന്റെ ജീവിതം.അവിടുന്ന് തന്റെ സ്വഭാവം നമുക്കു നൽകുന്നു എന്നതാണ് പുതിയ നിയമത്തിന്റെ സന്ദേശം.

ഇവിടെയാണ് അനേകരും തെറ്റിപ്പോകുന്നത്.അധികം പേരും കരുതുന്നത് സ്വന്ത പരിശ്രമത്താലുള്ള നേട്ടമാണ് വിശുദ്ധി എന്നാണ്. ക്രിസ്തീയ ജീവിതത്തിന് ഒരു അദ്ധ്വാനം ഉണ്ട്. മോഹങ്ങളെ മരിപ്പിക്കേണ്ടതുണ്ട്.അതു ദൈവസ്വഭാവത്തിന്റെ പ്രതിഫലനമെന്ന നിലയിലാണ്.അല്ലാതെ ദൈവ സ്വഭാവത്തിലെത്താനുള്ള മാർഗ്ഗമായിട്ടല്ല.നമുക്കു സ്വയം പരിശ്രമിച്ചു ദൈവ

യേശുവിനെ അനുകരിക്കാൻ ശ്രമിക്കുന്ന ധാരാളം ആളുകൾ ഈ ലോകത്തിൽ ഉണ്ട്. പലരും ക്രിസ്ത്യാനികൾ പോലുമല്ല. യേശുവിനെ അനുകരിക്കുവാൻ ശ്രമിക്കുന്ന ക്രിസ്ത്യാനികളുമുണ്ട്. ആദമിനെ അനുകരിക്കാൻ നാം ശ്രമിക്കാതിരുന്നതുപോലെ യേശുവിനെയും അനുകരിക്കാൻ ശ്രമിക്കേണ്ടതില്ല. ആദമിന്റെ സ്വഭാവത്തിൽ പങ്കാളികളായിരുന്നതുപോലെ നമുക്കു ക്രിസ്തുവിന്റെ സ്വഭാവത്തിൽ പങ്കാളികളാകാം. ആദം തന്റെ സ്വഭാവം മുഴുവനായും നമ്മിലേക്കു പകർന്നു തന്നതുപോലെ യേശുവും തന്റെ സ്വഭാവം പൂർണ്ണമായും നമ്മിലേക്കു പകരും- നാം അങ്ങനെ ആഗ്രഹിക്കുന്നുവെങ്കിൽ,നാം നമ്മെ നൽകുന്ന അളവിൽ.

സ്വഭാവം ഉത്പാദിപ്പിക്കാം എന്നു വിചാരിച്ച് നാം അദ്ധ്വാനിക്കുന്നുവെങ്കിൽ നമുക്കു ബുദ്ധിഭ്രമം ഉണ്ട് എന്നത്രേനാം മനസ്സിലാക്കേണ്ടത്.ആദാമ്യ സ്വഭാവം പോലും നാം അദ്ധ്വാനിച്ചുണ്ടാക്കിയതല്ല, പകർന്ന് കിട്ടിയതാണ്,നമ്മുടെ ഇഷ്ടപ്രകാരമല്ലാതെ.

റോമർ 5:10 ൽ നാം വായിക്കുന്നു: “ശത്രുക്കൾ ആയിരിക്കുമ്പോൾ തന്നെ നമുക്ക് അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോടു നിരപ്പു വന്നു എങ്കിൽ നിരന്ന ശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും” ദൈവത്തോടു നിരപ്പു വന്ന ശേഷം നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടശേഷം, നമുക്കു നീതീകരണം ലഭിച്ച ശേഷം, തന്റെ ജീവനാൽ നാം രക്ഷിക്കപ്പെടുന്നു.തന്റെ മരണത്താൽ നാം രക്ഷിക്കപ്പെട്ടു, എന്നാൽ ഇപ്പോൾ തന്റെ ജീവനാൽ നാം രക്ഷിക്കപ്പെടേണ്ടതുണ്ട്.

രണ്ടു വിധത്തിലുള്ള രക്ഷ ദൈവം

നമുക്ക് ഈ ഭൂമിയിൽ നൽകിയിരിക്കുന്നു.ഒന്ന്, ക്രിസ്തുവിന്റെ മരണത്തിലൂടെ. അതെക്കുറിച്ച് നാം ചിന്തിച്ചു.എന്നാൽ ഇവിടെ ഇതാ, തന്റെ ജീവനാലുള്ള രക്ഷയെക്കുറിച്ചു പറയുന്നു. ഈ രക്ഷ എന്തിനെക്കുറിച്ചുള്ളതാണ്?ക്രിസ്തുവിന്റെ മരണം നമുക്കു ശിക്ഷാവിധിയിൽ നിന്നുള്ള വിടുതൽ നൽകിത്തരുന്നു. പരിശുദ്ധാത്മാവിനാൽ നമ്മിലേക്കു പകരുന്ന ജീവനാൽ പാപത്തിന്റെ ശക്തിയിൽ നിന്നുള്ള മോചനവും നമുക്കു സാദ്ധ്യമാക്കിത്തരുന്നു.

**അദ്ധ്യായം ആറ്**

അങ്ങനെ നാം ആറാം അദ്ധ്യായത്തിലേക്ക് വരുന്നു. ഇപ്പോഴിതാ ദൈവത്തിന്റെ കൃപ വർദ്ധമാനമായി കവിഞ്ഞൊഴുകിക്കൊണ്ടിരിക്കുന്നു.അത് അധികം കവിഞ്ഞു വരേണ്ടതിനു നാം പാപം ചെയ്തു തുടരുക എന്നാണോ?ഏറ്റവും അധമരായ പാപികളെ രക്ഷിപ്പാൻ യേശു വന്നു എന്നും ആ രക്ഷ വിലകൊടുത്തു വാങ്ങാൻ കഴിയില്ല, മറിച്ചു സൗജന്യ ദാനമാണ് എന്നുമാണ് സുവിശേഷം.അങ്ങനെയെങ്കിൽ നാം എങ്ങനെ ജീവിക്കുന്നതുകൊണ്ടും തെറ്റില്ല എന്നു ചില ആളുകൾ പറയുന്നു.ദശലക്ഷക്കണക്കിന് ക്രിസ്ത്യാനികൾ, ശുശ്രൂഷകന്മാർപോലും, ആ നിലയിൽ ജീവിക്കുന്നവരാണ്.കാരണം അവർ കൃപയെ തെറ്റായ അർത്ഥത്തിൽ ഗ്രഹിച്ചിരിക്കുന്നു.അതുകൊണ്ടാണ് അവർ പഴയനിയമ പ്രവാചകന്മാർ പോലും വീണിട്ടില്ലാത്ത പാപങ്ങളിലേക്കും വ്യഭിചാരത്തിലേക്കും ദ്രവ്യാഗ്രഹത്തിലേക്കുമൊക്കെ വീഴുന്നത്.ഏലിയാവ്,വ്യഭിചാരത്തിൽ വീണിട്ടുണ്ടോ? ഏലിശയോ യോഹന്നാൻ സ്നാപകനോ ധനത്തിന്റെ പിന്നാലെ ഓടിയിട്ടുണ്ടോ? ഇവരൊക്കെ ന്യായപ്രമാണകാലത്തുള്ളവരായിരുന്നു എന്നോർക്കുക. എന്നിട്ടും കൃപയുടെ ഈ കാലഘട്ടത്തിൽ ജീവിക്കുന്ന ക്രൈസ്തവനേതാക്കന്മാർ അവരെക്കാൾ താണനിലയിലുള്ള ആത്മീയ ജീവിതമാണു നയിക്കുന്നത്.എന്തുകൊണ്ടാണത്?കാരണം അവർ കൃപയെ തെറ്റായി ഗ്രഹിച്ചിരിക്കുന്നു.

ന്യായപ്രമാണ കാലത്തുള്ള യിസ്രായേൽക്കാർ പാപത്തെ ഗൗരവമായി കണ്ടിരുന്നു എങ്കിൽ കൃപാകാലത്തുള്ള നാം പാപത്തെ എത്രയധികം ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു!കൃപയിലേക്കുവന്നവരായ നമ്മുടെ മനോഭാവം "പാപത്തിനു മരിച്ചവരായ നാം ഇനിപാപത്തിൽ ജീവിക്കുന്നതെങ്ങനെ?" (വാ. 2) എന്നതായിരിക്കണം.

യേശുവിന്റെ മരണത്തിലേക്കു നാം സ്നാനമേറ്റിരിക്കുന്നു (വാ.3). സ്നാനം ഒരു കുഴിച്ചിടൽകൂടിയാണ് (വാ.4). അതൊരു തളിക്കലല്ല, കുഴിച്ചിടലാണ്.നാം ഒരു ശരീരത്തെ കുഴിച്ചുമൂടുമ്പോൾ മണ്ണു വിതറിയല്ല അതു ചെയ്യുന്നത്. കുഴിയെടുത്ത് അതിലിട്ടു മൂടുകയാണ്.സ്നാനത്തിലൂടെ ഒരു വ്യക്തി വെള്ളത്തിൽ കുഴിച്ചിടപ്പെടുകയും എഴുന്നേൽപ്പിക്കപ്പെടുകയും ചെയ്യുമ്പോൾ പഴയജീവിതത്തിനു മരിച്ചു പുതിയ ഒന്നിലേക്കു പുനരുത്ഥാനം ചെയ്തതിനു സാക്ഷ്യം പറയുകയാണ് അയാൾ ചെയ്യുന്നത്. പഴയ മനുഷ്യൻ (പാപത്തിനു വിധേയപ്പെട്ടു കൊണ്ടിരുന്ന ഇച്ഛ) ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെടുകയും കുഴിച്ചിടപ്പെടുകയും നീക്കം വരികയും ചെയ്തിരിക്കുന്നു.ഇപ്പോഴുള്ള പുതിയ മനുഷ്യൻ പാപം ചെയ്യുവാൻ ആഗ്രഹിക്കുന്നില്ല. ജഡത്തിലെ മോഹങ്ങൾ അവിടെ നില്ക്കുന്നതുകൊണ്ട് അവനു വീഴ്ച സംഭവിച്ചേക്കാം.എന്നാൽ അവൻ പാപത്തിന് വേണ്ടി ഇച്ഛിക്കുന്നില്ല.

യേശു ക്രൂശിൽ മരിച്ചപ്പോൾ നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ മരിച്ചു (വാ. 6). എങ്ങനെയാണു നാം അതറിയുന്നത്? നമ്മുടെ പാപങ്ങൾ വഹിച്ചുകൊണ്ടാണ് യേശു ക്രൂശിൽ മരിച്ചതെന്ന് അറിയുന്ന അതേ നിലയിൽത്തന്നെ. ദൈവത്തിന്റെ വചനം പറയുന്നു,നാമതു വിശ്വസിക്കുന്നു. തുടർന്ന് നാമത് അനുഭവമാക്കുന്നു. ക്രിസ്തു മരിച്ചപ്പോൾ, നാം അനുഭവി



ജീവമൊഴികൾ

ക്കേണ്ട നമ്മുടെ പാപത്തിന്റെ ശിക്ഷ മുഴുവൻ അവിടുന്ന് ഏറ്റെടുത്തു.യേശു മരിച്ചതു നമ്മിലാരും തന്നെ കണ്ടിട്ടില്ല.എങ്കിലും അവൻ മരിച്ചെന്നു നാം വിശ്വസിക്കുന്നു. അവൻ നമ്മോടു ക്ഷമിച്ച പാപക്ഷമ നാം അനുഭവിക്കയും ചെയ്യുന്നു. നമ്മുടെ പഴയ മനുഷ്യൻ (പാപം ചെയ്തുകൊണ്ടിരുന്ന നമ്മുടെ ഇച്ഛ) ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടു എന്ന് അതേ വചനം തന്നെ നമ്മോടു പറയുന്നു, അതു നാം വിശ്വസിക്കുന്നു. നമ്മുടെ പാപങ്ങൾ, ക്രൂശിൽ മരിച്ച ക്രിസ്തുവിന്മേൽ ചുമത്തപ്പെട്ടു എന്നു നാം വിശ്വസിക്കുന്നതു നമ്മുടെ പാപക്ഷമയ്ക്ക് ആവശ്യമാകുന്നതുപോലെ പാപത്തിന് മരിക്കുന്നത് ഒരു യഥാർത്ഥ്യമായി അനുഭവമാകണമെങ്കിൽ നാം അതു വിശ്വസിക്കണം.അതു സത്യമാണെന്ന് അംഗീകരിക്കണം. ദൈവം നമ്മുടെ പഴയ മനുഷ്യനെ ക്രൂശിൽ തറച്ച് മരണത്തിനു വിധേയമാക്കിക്കഴിഞ്ഞിരിക്കുന്നു.ഇതു നാം ചെയ്യേണ്ട ഒരു പ്രവൃത്തിയല്ല.

പഴയമനുഷ്യനും ജഡവും തമ്മിൽ വ്യത്യാസമുണ്ട്.പലരും ഇവ തമ്മിൽ കൂട്ടിക്കുഴയ്ക്കാറുണ്ട്. ജഡമോഹങ്ങൾ ഹൃദയമാകുന്ന വീട്ടിനുള്ളിലേക്കു അതിക്രമിച്ചു കടക്കാൻ ശ്രമിക്കുന്ന ഒരുപറ്റം കവർച്ചക്കാരെപ്പോലെയാണ്.ഹൃദയമാണു നമ്മുടെ ഭവനം. മാനസാന്തരപ്പെടാത്ത മനുഷ്യഹൃദയത്തിൽ അവിശ്വസ്തനായ ഒരു പരിചാരകൻ വസിക്കുന്നു.അതാണു പഴയ മനുഷ്യൻ. വിശുദ്ധിയെയും സ്നേഹത്തെയുമൊക്കെ കൊള്ളയടിക്കാൻ കടന്നു വരുന്ന ജഡമോഹങ്ങൾക്ക് ഈ പരിചാരകൻ എപ്പോഴും വാതിൽ തുറന്നു കൊടുക്കുന്നു. ദൈവം എന്താണു ചെയ്തത്? ദൈവം ആ കൊള്ളക്കാരെ നിഗ്രഹിച്ചില്ല. പകരം അവിശ്വസ്തനായ ആ പരിചാരകനെ നിഗ്രഹിച്ചു. അതുകൊണ്ടാണു സ്നാനത്തിനു ശേഷവും പഴയതുപോലെ തന്നെ മോഹങ്ങൾ അനുഭവപ്പെടുന്നത്-കൊള്ളക്കാർ ജീവിച്ചിരിക്കുന്നു! ജഡത്തിലെ മോഹങ്ങൾ മരിച്ചിട്ടില്ല.എന്നാൽ പഴയ മനുഷ്യൻ മരിച്ചിരിക്കുന്നു.വീണ്ടും ജനനം പ്രാപിച്ചിരിക്കുന്ന ഓരോ വിശ്വാസിയിലും വാതിൽ തുറന്നു കൊടുക്കുന്ന അവിശ്വസ്തനായ പരിചാരകൻ കൊല്ലപ്പെട്ടുകഴിഞ്ഞു. ആരാണു വീണ്ടും ജനിച്ചവർ?"നിങ്ങൾക്കിപ്പോഴും പാപം ചെയ്യുവാനുള്ള ആഗ്രഹമുണ്ടോ?" "ഇല്ല" എന്നാണു നിങ്ങളുടെ ഉള്ളിലെ ഉത്തരമെങ്കിൽ നിങ്ങൾക്കു പറയാൻ കഴിയും നിങ്ങളുടെ പഴയ മനുഷ്യൻ മരിച്ചു എന്ന്. എന്നാൽ കൊള്ളക്കാർ ഇപ്പോഴും കടന്നു വരുന്നുണ്ട്.എല്ലാ ദിവസവും. നാം വീണ്ടു ജനിച്ചശേഷം നമ്മുടെ ഹൃദയത്തിൽ കയറിക്കൂടാനുള്ള അവരുടെ ആവേശം വളരെക്കൂടുതലാണ്. വർദ്ധിച്ച വീറോടും വാശിയോടെയുമാണ് അവർ കടന്നു വരുന്നത്.

എങ്കിൽ പിന്നെ എന്തുകൊണ്ടാണ് ഒരു വിശ്വാസി പാപത്തിൽ വീഴുന്നത്? അതിന്റെ കാരണം കൊള്ളക്കാരെ ചെറു

**ന്യായപ്രമാണവും കൃപയും തമ്മിലുള്ള വ്യത്യാസം എന്താണ്? ലളിതമായ രണ്ടു വാചകങ്ങളിലൂടെ ഞാനത് ഇങ്ങനെ പറയട്ടെ. ന്യായപ്രമാണമെന്നാൽ നാം ദൈവത്തിനു വേണ്ടി ചിലതു ചെയ്യുന്നു. കൃപ എന്നാൽ ദൈവം എനിക്കുവേണ്ടി പ്രവർത്തിക്കുന്നു. എന്തൊരു വ്യത്യാസം! ഒരു മൂന്നു വയസ്സുകാരൻ തെറ്റുകൂടാതെ സ്വയം അക്ഷരമാല മുഴുവൻ എഴുതുവാൻ ശ്രമിക്കുന്നതുപോലെയാണ് ന്യായപ്രമാണം. അതൊരിക്കലും പൂർണ്ണമാവില്ല. കൃപ എന്നാൽ അവന്റെ പിതാവ് അവന്റെ കൈപിടിച്ച് അക്ഷരങ്ങൾ മുഴുവൻ തെറ്റുകൂടാതെ എഴുതിപ്പിക്കുന്നതാണ്. ഇല്ല, എനിക്ക് തന്നെ എഴുതണമെന്നു കുട്ടി ശഠിച്ചാൽ അവൻ തെറ്റുകൾ വരുത്തുക തന്നെചെയ്യും.**

ക്കാൻ തക്കവണ്ണം പുതിയ മനുഷ്യൻ ശക്തിപ്രാപിച്ചിട്ടില്ല എന്നതത്രേ.പുതിയ മനുഷ്യൻ നന്നായി ഭക്ഷണം കഴിച്ച് നന്നായി വ്യായാമം ചെയ്ത് വളർന്നു ശക്തിപ്രാപിക്കേണ്ടതുണ്ട്. എങ്കിലേ വാതിൽ അടച്ചു സൂക്ഷിക്കാൻ കഴിയൂ. ദൈവവചനം ശ്രദ്ധയോടെ വായിച്ചു അതു ധ്യാനിക്കുന്നതു ശീലമാക്കുമ്പോൾമാത്രമെ ദൈവവചനം നിങ്ങളിൽ വസിക്കൂ. പരിശുദ്ധാത്മാവിൽ നിങ്ങൾ നിറഞ്ഞിട്ടില്ലെങ്കിൽ ജഡത്തിന്റെ മോഹങ്ങൾ ഹൃദയത്തിലേക്കു കയറാതെ തടയുവാൻ നിങ്ങൾക്കു കഴിയില്ല. ദൈവത്തിന്റെ വചനത്തിലും പരിശുദ്ധാത്മ ശക്തിയാലും ജഡമോഹങ്ങളെ ഹൃദയത്തിനു പുറത്തു നിർത്തുവാൻ നിങ്ങൾക്കുകഴിയും. അവിടെ ഇപ്രകാരം പറയുന്നു. "നിങ്ങളെത്തന്നെ പാപത്തിനു മരിച്ചവർ എന്ന് എണ്ണുവീൻ " (വാ.11) നിങ്ങളുടെ ജീവിതത്തിന്മേൽ പാപത്തിന് ഇനി അധികാരം ഉണ്ടാവുകയില്ല.

"നിങ്ങളുടെ പഴയമനുഷ്യൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു" എന്നു ദൈവം പറയുമ്പോൾ നിങ്ങളതു വിശ്വസിക്കുന്നു. നിങ്ങളതു കൈക്കൊള്ളുന്നു. നിങ്ങൾ ഇപ്രകാരം പറയുന്നു."കർത്താവേ, ക്രിസ്തു എന്റെ പാപങ്ങൾക്കുവേണ്ടി മരിച്ചു എന്ന സത്യം ഞാൻ കൈക്കൊണ്ടതുപോലെ എന്റെ പഴയമനുഷ്യനും ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നും അങ്ങനെ ഞാൻ പാപത്തിനു മരിച്ചു എന്ന സത്യവും ഞാൻ കൈക്കൊള്ളുന്നു. ഇന്നു മുതൽ ഞാൻ എന്നെത്തന്നെ പാപത്തിനു മരിച്ചവനായും ക്രിസ്തുവിനു ജീവിക്കുന്നവനായും എണ്ണുന്നു". ഇപ്രകാരം നിത്യവും നമുക്കു ജീവിക്കുവാൻ പരിശുദ്ധാത്മശക്തി ആവശ്യമുണ്ട്. അങ്ങനെ ആത്മാവു നിരന്തരം നമ്മിൽ പകരുന്ന കൃപയെക്കുറിച്ച് നാം തുടർന്നും വായിക്കുന്നു.

"നിങ്ങൾ ന്യായപ്രമാണത്തിലല്ല കൃപയിൽ ആയിരിക്കയാൽ പാപം ഇനിമേൽ നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ല".

ന്യായപ്രമാണവും കൃപയും തമ്മിലുള്ള വ്യത്യാസം എന്താണ്? ലളിതമായ രണ്ടു വാചകങ്ങളിലൂടെ ഞാനത് ഇങ്ങനെ പറയട്ടെ. ന്യായപ്രമാണമെന്നാൽ നാം ദൈവത്തിനു വേണ്ടി ചിലതു ചെയ്യുന്നു. കൃപ എന്നാൽ ദൈവം എനിക്കുവേണ്ടി പ്രവർത്തിക്കുന്നു. എന്തൊരു വ്യത്യാസം! ഒരു മൂന്നു വയസ്സുകാരൻ തെറ്റുകൂടാതെ സ്വയം അക്ഷരമാല മുഴുവൻ എഴുതുവാൻ ശ്രമിക്കുന്നതുപോലെയാണ് ന്യായപ്രമാണം. അതൊരിക്കലും പൂർണ്ണമാവില്ല. കൃപ എന്നാൽ അവന്റെ പിതാവ് അവന്റെ കൈപിടിച്ച് അക്ഷരങ്ങൾ മുഴുവൻ തെറ്റുകൂടാതെ എഴുതിപ്പിക്കുന്നതാണ്. ഇല്ല, എനിക്ക് തന്നെ എഴുതണമെന്നു കുട്ടി ശഠിച്ചാൽ അവൻ തെറ്റുകൾ വരുത്തുക തന്നെചെയ്യും. പഴയ നിയമകാലത്ത് ആളുകൾ എല്ലാം സ്വന്തം കഴിവിലൂന്നി ചെയ്യുകയായിരുന്നു. അതുകൊണ്ട് അവർ എല്ലായ്പ്പോഴും തെറ്റിപ്പോവുകയും പാപത്തിൽ തുടരുകയും ചെയ്തു,അവരിൽ ഏറ്റവും നല്ല ജീവിതം നയിച്ചവർപോലും. കൃപയിൽ കീഴിൽ ദൈവത്തിന്റെ സഹായം നമുക്കു വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. എന്നാൽ ദൈവം നമ്മുടെ കൈപിടിക്കാൻ അനുവദിക്കാതെവണ്ണം നാം സ്വയംപര്യാപ്തരും നിഗളികളുമായിരിക്കുന്നു. സ്വർഗ്ഗീയ പിതാവു നിങ്ങളുടെ കരം പിടിക്കുന്നു എങ്കിൽ തെറ്റുകളും വീഴ്ചകളും കൂടാതെ നിങ്ങൾക്കു മുമ്പോട്ടു പോകുവാൻ കഴിയും. ദൈവത്തിനു കീഴടങ്ങുകയും വിധേയപ്പെടുകയും ചെയ്യുക. പാപം നമ്മുടെ മേൽ വാഴുകയില്ല. പാപം തുടർന്നും നമ്മുടെ ജഡത്തിൽ വസിച്ചേക്കാം. പക്ഷേ അതിനു നമ്മുടെ മേൽ ഭരണം നടത്താൻ കഴിയില്ല. അധികാരത്തിൽ നിന്നും പുറത്താക്കപ്പെടുകയും അടിമയാക്കപ്പെടുകയും ചെയ്ത ഒരു രാജാവിനെപ്പോലെ ആയിത്തീരും അത്. ദൈവനാമം വാഴ്ത്തപ്പെടട്ടെ (തുടരും).

മൊഴിമാറ്റം **ബോബി ചെറിയാൻ**

❖





**സഹോദരിമാരോട്**

## സ്ത്രീയേ, നീ കരയുന്നതെന്ത്?

# വിലപിക്കുന്ന സ്ത്രീകൾക്കായി ദൈവം കരുതുന്നു

### അദ്ധ്യായം-9

**ആനി പുന്നൻ**

**പി**താവായ ദൈവം നമ്മെ കോപത്തോടു കൂടിയല്ല കാണുന്നത്.മറിച്ച് അവിടുന്നു നമ്മെ സ്നേഹിക്കുന്നവനാണ്. ഇതു നമുക്കു തെളിയിച്ചു തരുവാനാണ് ദൈവ പുത്രൻ ലോകത്തിലേക്കു വന്നത്.

സമൂഹം തരം താഴ്ത്തിയിരുന്ന സ്ത്രീകൾക്ക് യേശു മാന്യത നൽകി. വ്യത്യസ്തങ്ങളായ ആവശ്യങ്ങളുമായി പല സന്ദർഭങ്ങളിൽ അനേകം സ്ത്രീകൾ യേശുവിനെ സമീപിച്ചതായി നാം സുവിശേഷങ്ങളിൽ വായിക്കുന്നു.അവരുടെ കണ്ണുനീരിനെ അവിടുന്ന് ഒരിക്കലും അവഗണിച്ചില്ല. കരയുന്ന സ്ത്രീകളോട് പറയുവാൻ കരുണയുള്ള ഒരു വാക്ക് എപ്പോഴും യേശുവിനുണ്ടായിരുന്നു.

'സ്ത്രീയേ, നീ കരയുന്നതെന്ത്?' എന്ന് അവിടുന്ന് അവരോട് എപ്പോഴും നിശ്ശബ്ദമായി ചോദിച്ചിരുന്നു എന്നു നമുക്കു കാണാം.

മഗ്ദലക്കാരി മറിയ അവളുടെ ജീവിതത്തിൽ വളരെയേറെ വിലപിച്ചിരുന്നു. ഒരു സമയത്ത് ഏഴു ദുരാത്മാക്കൾ അവളെ ബാധിച്ചിരുന്നു. യേശുവാണ് അവളെ വിടുവിച്ചത്. യേശുവിനോടുള്ള ആ കടപ്പാട് അവൾ ഒരിക്കലും മറന്നുപോയില്ല. അതിന്റെ ഫലമായി അവൾ യേശുവിനോട് സ്നേഹവും തീവ്രമായ ഭക്തിയും ഉള്ളവൾ ആയിത്തീർന്നു. ഒരിക്കൽ പിശാച് അവളെ നശിപ്പിച്ചിരുന്നു;ഭൂതങ്ങൾ അവളെ ബാധിച്ചിരുന്നു; അക്രമാസക്തയായി അവൾ ആ നഗരത്തിൽ അറിയപ്പെട്ടിരുന്നു.ആളുകൾ അവളെ ഒഴിവാക്കാൻ ആഗ്രഹിച്ചു. നിരാശാഗർത്തത്തിലും ആഴമുള്ള പാപകൂപത്തിലും അകപ്പെട്ടുപോയ വ്യക്തികളെ ഉയർത്തി ആത്മീയസിംഹാസനങ്ങളിൽ ഇരുത്തുവാൻ യേശുവിന് എപ്രകാരം കഴിയുമെന്ന് തെളിയിച്ചുതരുന്നതാണ് അവളുടെ ജീവിതം. ഹല്ലേലൂയ്യ!

വിലപിക്കുന്നതായി നാം കാണുന്ന മറ്റു രണ്ടു സ്ത്രീകൾ മാർത്തയും മറിയയുമാണ്. യേശുവിനായി വീടു തുറന്നു കൊടുത്ത സഹോദരിമാരായിരുന്നു അവർ. കർത്താവിന് അവിടെനിന്ന് പലപ്പോഴും ഭക്ഷണവും പാനീയവും ലഭിച്ചിരുന്നു.കർത്താവിനുവേണ്ടി ക്ഷീണമെന്യേ പണി ചെയ്യുവാൻ അവർ എപ്പോഴും സന്നദ്ധരായിരുന്നു. ഒരുനാൾ അവരുടെ സഹോദരനായ ലാസറിന് കടുത്തദീനം പിടിപെട്ടു. അടിയന്തരമായ യേശുവിനെ വിളിക്കുവാൻ അവർ ആളയച്ചു. യേശു അവരുടെ വീട്ടിലെത്താൻ മന:പൂർവ്വം വൈകി എന്ന കാര്യം നാം യോഹന്നാൻ പതിനൊന്നാം അദ്ധ്യായത്തിൽ വായിക്കുന്നു. അതെന്തുകൊണ്ടാണെന്ന് ആ സഹോദരിമാർക്ക് മനസ്സിലാ

**ഒരുനാൾ അവരുടെ സഹോദരനായ ലാസറിന് കടുത്തദീനം പിടിപെട്ടു. അടിയന്തരമായ യേശുവിനെ വിളിക്കുവാൻ അവർ ആളയച്ചു. യേശു അവരുടെ വീട്ടിലെത്താൻ മന:പൂർവ്വം വൈകി. അതെന്തുകൊണ്ടാണെന്ന് ആ സഹോദരിമാർക്ക് മനസ്സിലായില്ല. അവിടുന്ന് എന്തുകൊണ്ടാണ് വരാഞ്ഞത്?നമ്മുടെ പ്രാർത്ഥനകൾക്ക് ദൈവം വൈകി മാത്രം ഉത്തരം തരുന്ന ഓരോ സന്ദർഭത്തിലും നാം ചോദിച്ചതിലും ഉത്തമമായതൊന്ന് നമുക്കു നല്കുവാൻ വേണ്ടിയാണ് ദൈവം പദ്ധതിയിട്ടിരിക്കുന്നത് എന്നോർക്കുക. യേശു ഇന്നലെയും, ഇന്നും, എന്നെന്നേക്കും മാറ്റമില്ലാത്തവനാണ്. നാം ചോദിക്കുന്നതിലും, നിനയ്ക്കുന്നതിലും വളരെയധികമായി ചെയ്തുതരുവാൻ അവിടുത്തേക്കു കഴിയും.**

യില്ല. അവിടുന്ന് എന്തുകൊണ്ടാണ് വരാഞ്ഞത്?നമ്മുടെ പ്രാർത്ഥനകൾക്ക് ദൈവം വൈകി മാത്രം ഉത്തരം തരുന്ന ഓരോ സന്ദർഭത്തിലും നാം ചോദിച്ചതിലും ഉത്തമമായതൊന്ന് നമുക്കു നല്കുവാൻ വേണ്ടിയാണ് ദൈവം പദ്ധതിയിട്ടിരിക്കുന്നത് എന്നോർക്കുക. ഇവിടെ ലാസർ മരിച്ചുപോയി എന്നു നാം കാണുന്നു.അതിനുശേഷമാണ് യേശു വന്നത്. മാർത്തയും മറിയയും വിഭിന്നമായ രീതികളിൽ പ്രതികരിച്ചു. ഒരാൾ ദു:ഖത്തോടെ, കയ്പോടെ പരാതിപ്പെട്ടു; മറ്റേയാൾ ഉള്ളിൽ വേദനയൊതുക്കി നിശ്ശബ്ദയായിരുന്നു. എന്നാൽ യേശു അവരുടെ ദു:ഖം മനസ്സിലാക്കി. അവിടുന്ന് അവരോട് സഹതപിക്കുകയും, കരയുകയും ചെയ്തു. അവരുടെ പരാതിയും, കയ്പും അവിടുന്നു ക്ഷമിച്ചു .അവരുടെ സഹോദരനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചു. അവർ യേശുവിൽനിന്ന് സൗഖ്യമേ പ്രതീക്ഷിച്ചുള്ളൂ.പക്ഷേ അവിടുന്ന് ഉയിർപ്പാണു നല്കിയത്. അവരുടെ വിലാപം സന്തോഷത്തിനു വഴിമാറി. യേശു ഇന്നലെയും, ഇന്നും, എന്നെന്നേക്കും മാറ്റമില്ലാത്തവനാണ്. നാം ചോദിക്കുന്നതിലും, നിനയ്ക്കുന്നതിലും വളരെയധികമായി ചെയ്തുതരുവാൻ അവിടുത്തേക്കു കഴിയും. ഇന്നും അവിടുന്നു സ്ത്രീകളോടൊപ്പം വിലപിക്കുകയും അവരുടെ കണ്ണീർ തുടയ്ക്കുകയും ചെയ്യുന്നു.

പന്ത്രണ്ടു വർഷം തുടർച്ചയായി രക്തസ്രവം ഉണ്ടായിരുന്ന അജ്ഞാതയായ ഒരു സ്ത്രീയെപ്പറ്റി നാം സുവിശേഷങ്ങളിൽ വായിക്കുന്നു. അവൾ ചികിത്സയ്ക്കായി പല വൈദ്യന്മാരുടെയും അടുത്തുപോയി. അവളുടെ കൈവശമുണ്ടായിരുന്ന പണമെല്ലാം അവരുടെ കയ്യിലായി. അവളുടെ രോഗം അപമാനകരമായ ഒന്നായിരുന്നു. രക്തം അധികമായി നഷ്ടമായതുമൂലം അവൾ ബലഹീനയും വിളർച്ച ബാധിച്ചവളും ആയിത്തീർന്നുകാണും. സൗഖ്യത്തിനായി ദൈവത്തോട് കരഞ്ഞപേക്ഷിച്ച് അവൾ അനേക രാത്രികൾ തലയിണ നനച്ചു. യിസ്രായേൽമക്കളെ അവരുടെ എല്ലാ സങ്കടങ്ങളിൽ നിന്നും രക്ഷിക്കുവാൻ വേണ്ടി മശിഹ വരുമെന്നു വിചാരിച്ച് അവൾ അതിനായി താത്പര്യപൂർവ്വം നോക്കിപ്പാർത്തിരുന്നു. പന്ത്രണ്ടുവർഷങ്ങൾ അവൾക്ക് ഉത്തരമൊന്നും ലഭിച്ചില്ല. ഒരു ദിവസം മശിഹാ വന്നു എന്നും തങ്ങളുടെ പട്ടണം സന്ദർശിക്കുന്നു എന്നും അവൾ അറിയുവാൻ ഇടയായി. അന്ന് യേശുവിനു ചുറ്റും അനേകം ആളുകൾ കൂടിയതു കാരണം വലിയ തിരക്കായിരുന്നു. അവൾ തിക്കിനിടയ്ക്കു കയറിക്കൂടിയിട്ട് യേശുവിന്റെ വസ്ത്രമെങ്കിലും തൊടുവാൻ തീരുമാനിച്ചു.ബലഹീനയായ അവൾ സ്ത്രീപുരുഷന്മാരുടെയും കുട്ടികളുടെയും ഇടയിലൂടെ കയറി യേശുവിനടുത്തുചെന്ന് അവന്റെ വസ്ത്രത്തിന്റെ അഗ്രത്തിൽ വിരൽത്തുമ്പുകൊണ്ടു





തൊട്ടു. ഉടൻ തന്നെ അവൾക്കു സൗഖ്യം ലഭിച്ചു. യേശു അവിടെ നിന്ന ശേഷം അവളെ വിളിച്ചു.ആൾക്കൂട്ടത്തിനു മുമ്പിൽ ലജ്ജയോടുകൂടി അവൾ തന്റെ സാക്ഷ്യം പറഞ്ഞു. അവളുടെ സാക്ഷ്യം കഴിഞ്ഞ രണ്ടായിരം വർഷങ്ങളായി എല്ലാ രാജ്യക്കാർക്കും അനുഗ്രഹപ്രദമായി തീർന്നിരിക്കുന്നു.

ഒരു പക്ഷേ നിങ്ങളും വളരെയധികം കണ്ണുനീർ ചൊരിഞ്ഞ അജ്ഞാതയായ സ്ത്രീയായിരിക്കാം. നിങ്ങളെ കഷ്ടപ്പെടുത്തുന്ന ഒരു രോഗത്താൽ നിങ്ങൾ വലയുകയായിരിക്കാം.കർത്താവ് നിങ്ങളെ നിരാശപ്പെടുത്തുകയില്ല. അവിടുത്തെ സമൂപത്തേക്കു വരിക. ഇന്ന് വിശ്വാസത്തോടു കൂടി തന്നെ സ്പർശിക്കുവാൻ നിങ്ങൾക്കു സാധിക്കും.അവിടുന്നു നമ്മുടെ രോഗങ്ങളെ വഹിച്ചവനാണ്. അവിടുത്തെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നിരിക്കുന്നു.

യോഹന്നാൻ നാലാം അധ്യായത്തിൽ നാം വേറൊരു സ്ത്രീയുടെ (ശമര്യസ്ത്രീയുടെ) ദയനീയാവസ്ഥ കാണുന്നു. അവൾ ജീവിതത്തിൽ ത്യജിക്കപ്പെട്ടവൾ ആയിരുന്നു. അവൾ വീണ്ടും, വീണ്ടും വിവാഹിതയായി. അഞ്ചു പ്രാവശ്യം വിവാഹിതയായവൾ. ഒടുവിൽ അവളുടെ കൂടി ജീവിച്ചിരുന്ന വ്യക്തി അവളുടെ ഭർത്താവു പോലും ആയിരുന്നില്ല.അവൾക്കു ജീവിതം മടുത്തുകാണും. യഹൂദന്മാർ ശമര്യക്കാരെ താഴ്ന്നവിഭാഗക്കാരായി കരുതിയിരുന്നു. സാധാരണയായി ശമര്യയിലെ സ്ത്രീകൾ രാവിലെ വെള്ളം കോരുവാൻ കിണറ്റിനരികെ വരും.എന്നാൽ കഴിഞ്ഞ കാലത്ത് അവിടെയുള്ള സ്ത്രീകളുമായി ഇടപെട്ടപ്പോഴൊക്കെ അനേകം മോശമായ അനുഭവങ്ങൾ ഈ ശമര്യസ്ത്രീക്ക് ഉണ്ടായിക്കാണണം. അവർ അവളെ നിന്ദിക്കുകയോ, കളിയാക്കുകയോ, ഒഴിവാക്കുകയോ ചെയ്തുകാണും. ദു:ഖത്തോടും ലജ്ജയോടും കൂടി താൻ തിരസ്കരിക്ക

**സാധാരണയായി ശമര്യയിലെ സ്ത്രീകൾ രാവിലെ വെള്ളം കോരുവാൻ കിണറ്റിനരികെ വരും. എന്നാൽ കഴിഞ്ഞ കാലത്ത് അവിടെയുള്ള സ്ത്രീകളുമായി ഇടപെട്ടപ്പോഴൊക്കെ അനേകം മോശമായ അനുഭവങ്ങൾ ഈ ശമര്യസ്ത്രീക്ക് ഉണ്ടായിക്കാണണം. അവർ അവളെ നിന്ദിക്കുകയോ, കളിയാക്കുകയോ, ഒഴിവാക്കുകയോ ചെയ്തു കാണും. ദു:ഖത്തോടും ലജ്ജയോടും കൂടി താൻ തിരസ്കരിക്കപ്പെട്ടവളാണെന്ന് മനസ്സിലാക്കി അവൾ ശമര്യയിൽ കഴിഞ്ഞുകൂടി. കിണറ്റിനരികെ ആരുമില്ലാത്ത ഉച്ചസമയത്ത് വെള്ളം കോരിയെടുക്കുവാൻ അവൾ വന്നത് അതുകൊണ്ടാവാം.**

പ്പെട്ടവളാണെന്ന് മനസ്സിലാക്കി അവൾ ശമര്യയിൽ കഴിഞ്ഞുകൂടി. കിണറ്റിനരികെ ആരുമില്ലാത്ത ഉച്ചസമയത്ത് വെള്ളം കോരിയെടുക്കുവാൻ അവൾ വന്നത് അതുകൊണ്ടാവാം.ഒരു മനുഷ്യനെ കിണറ്റിനരികെ കണ്ടതോടെ അവൾക്കുണ്ടായ അമ്പരപ്പ് ഒന്നു സങ്കല്പിച്ചുനോക്കുക. കർത്താവ് അവളെ കാണുവാനായി മന:പൂർവ്വം ശമര്യയിലൂടെ സഞ്ചരിച്ച് അവിടെ വന്നു. ഉച്ച തിരിഞ്ഞ സമയത്ത് അവളോടു സംസാരിക്കുവാനായി അദ്ദേഹം കിണറ്റിനരികെ കാത്തിരുന്നു. സംസാരം തുടങ്ങുവാനായി ആദ്യം തന്റെ ദാഹത്തെക്കുറിച്ച് യേശു അവളോടു പറഞ്ഞു. ക്രമേണ അദ്ദേഹം അവൾക്കു ജീവജലം ലഭിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു. അന്തിമമായി ഗ്രാമമൊട്ടാകെ മാനസാന്തരം കൊണ്ടുവരുവാൻ വേണ്ടി കർത്താവ് അവളെ ഉപയോഗിച്ചു.

സമൂഹം ഒഴിവാക്കിയിരുന്ന നിന്ദിത

**നിന്റെ കണ്ണുനീർ അവിടുന്നു കാണുന്നുണ്ട്. നിന്റെ ആവശ്യമെന്താണെന്ന് അവിടുത്തേക്കറിയാം. നിന്റെ കുട്ടി വളരെ അകലെയായിരിക്കാം താമസിക്കുന്നത്. എന്നാൽ നിനക്കവളെ കർത്താവിന്റെ കാൽക്കലേക്കു കൊണ്ടുവരുവാൻ സാധിക്കും. അപ്രകാരം അവൾക്ക് വിടുതൽ ലഭിക്കും. നിന്റെ കണ്ണുനീർ തുടയ്ക്കുവാനും,നിന്റെ വിലാപം ചിരിയാക്കിത്തീർക്കുവാനുമായി അവിടുന്ന് എത്രദൂരം വേണമെങ്കിലും സഞ്ചരിക്കും.**

**നീ ഒരു നായയല്ല, ദൈവത്തിന്റെ മകളാണ് എന്നോർക്കുക. മേശയിൽ നിന്നു വീഴുന്ന നുറുക്കുകളല്ല, മക്കളുടെ അപ്പം തന്നെ നിനക്കു ലഭിക്കും!**

രായ സ്ത്രീകൾക്ക് കർത്താവു നല്കുന്ന പ്രത്യാശയെക്കുറിച്ച് ഓർക്കുക. ഒരു പക്ഷേ നിങ്ങൾ ചവിട്ടിമെതിക്കപ്പെട്ട നിന്ദ്യമായ ഒരു ജാതിയിൽപ്പെട്ട വ്യക്തിയായിരിക്കാം. നിങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി പോരാടുവാൻ ആരും നിങ്ങളോടൊപ്പം ഇല്ലായിരിക്കാം. സ്ത്രീയേ, നീ ഇനിയും വിലപിക്കേണ്ട ആവശ്യമില്ല. നിന്റെ വീണ്ടെടുപ്പുകാരൻ നിനക്കായിതാ വന്നിരിക്കുന്നു.

മത്താ. 15:22 ൽ മുട്ടിപ്പായി യാചിക്കയും നിലവിളിക്കുകയും ചെയ്യുന്ന ഒരു കനാന്യസ്ത്രീയെക്കുറിച്ച് നാം വായിക്കുന്നു. ദൈവം തിരഞ്ഞെടുത്ത വംശത്തിൽ അവൾ ഉൾപ്പെട്ടിരുന്നില്ല. എന്നിരുന്നാലും ദൈവം അവൾക്കുവേണ്ടി കരുതി. അവളുടെ മകൾ അനേകവർഷം ഭൂതബാധിതയായിരുന്നു. സഹായത്തിനായി എങ്ങോട്ടാണ് തിരിയേണ്ടതെന്ന് അവൾക്ക് അറിഞ്ഞുകൂടായിരുന്നു. ഭൂതങ്ങളെ പുറത്താക്കുവാൻ കഴിയുന്ന ഒരു പ്രവാചകൻ യിസ്രായേലിൽ വന്നിരിക്കുന്നു എന്ന് അവൾ കേട്ടു. പക്ഷേ അവിടെവരെ പോകുവാൻ അവൾക്ക് വലിയ ബുദ്ധിമുട്ടുണ്ടായിരുന്നു. ഒരു പക്ഷേ അവിടെ വരെയുള്ള യാത്രാചെലവ് വഹിക്കുവാൻ അവൾക്ക് കഴിവില്ലായിരിക്കാം. മാത്രമല്ല, അവൾ ഒരു യിസ്രായേല്യ സ്ത്രീ അല്ലാതിരുന്നതിനാൽ അവളെ ശ്രദ്ധിക്കുവാനോ, സഹായിക്കുവാനോ യേശുവിന് സമയം കാണുമോ എന്നും അവൾ സംശയിച്ചു. അവളുടെ മകൾക്ക് എന്നെങ്കിലും സൗഖ്യം കിട്ടുമെന്നുള്ള പ്രതീക്ഷ അവൾ കൈവെടിഞ്ഞു. ദൈവം അവളെ എത്രമാത്രം സ്നേഹിച്ചുവെന്നും, അവിടുന്ന് അവളുടെ കണ്ണുനീർ കണ്ടു എന്നും അവൾ അറിഞ്ഞതേയില്ല. ദൈവം യേശുവിനെ അവളുടെ സമീപത്തേക്കയച്ചു. യേശു അവളെ സഹായിക്കുവാനായി ഗലീലയിൽനിന്ന് അവളുടെ പട്ടണം വരെ അൻപതുമൈൽ ദൂരം നടന്നു വന്നു; തിരിച്ചും അവിടുന്നു നടന്നുപോയി. യേശുവിനെ കണ്ടുമുട്ടിയപ്പോൾ താനൊരു അന്യജാതിക്കാരിയാണെന്നും തനിക്ക് ദൈവത്തിൽ നിന്നൊന്നും തന്നെ ലഭിക്കുവാൻ അർഹതയില്ലെന്നും ആ സ്ത്രീ അറിഞ്ഞിരുന്നു. കർത്താവിന്റെ മുമ്പിൽ ഒരു നായയുടെ സ്ഥാനം അവൾ സന്തോഷപൂർവ്വം സ്വീകരിച്ചു. മക്കളുടെ മേശയിൽ നിന്നു വീഴുന്ന ഒരു അപ്പ നുറുക്കെങ്കിലും അവൾക്കു ലഭിക്കുമോ എന്നവൾ ചോദിച്ചു. അവളുടെ മകളിലുള്ള ഭൂതത്തെ പുറത്താക്കുവാൻ കർത്താവിന്റെ കയ്യിൽ നിന്നുള്ള ഒരു നുറുക്ക് മതിയായതാണെന്ന് അവൾ വിശ്വസിച്ചു. എന്തൊരു വിശ്വാസമാണ് അവൾക്കുണ്ടായിരുന്നത്!!

യേശു അവളുടെ യാചന കൈക്കൊണ്ടു. മൈലുകൾ അകലെയായിരുന്ന അവളുടെ മകൾക്ക് ഉടൻതന്നെ വിടുതൽ





ലഭിച്ചു. കഴിഞ്ഞുപോയ വർഷങ്ങളിലെ കണ്ണുനീർ ആ സുദിനത്തിൽ സന്തോഷത്തിനും ചിരിക്കും വഴിമാറി.

പ്രിയ മാതാവേ, അത്ഭുതവാനായ കർത്താവിനെ അന്വേഷിച്ചാൽ നമുക്ക് പ്രതിഫലമുണ്ട് എന്നതിന്റെ ഒരുദാഹരണമാണ് ഈ സംഭവം. നിന്റെ കണ്ണുനീർ അവിടുന്നു കാണുന്നുണ്ട്. നിന്റെ ആവശ്യമെന്താണെന്ന് അവിടുത്തേക്കറിയാം. നിന്റെ കുട്ടി വളരെ അകലെയായിരിക്കാം താമസിക്കുന്നത്. എന്നാൽ നിനക്കവളെ കർത്താവിന്റെ കാൽക്കലേക്കു കൊണ്ടുവരുവാൻ സാധിക്കും. അപ്രകാരം അവൾക്ക് വിടുതൽ ലഭിക്കും. നിന്റെ കണ്ണുനീർ തുടയ്ക്കുവാനും,നിന്റെ വിലാപം ചിരിയാക്കിത്തീർക്കുവാനുമായി അവിടുന്ന് എത്രദൂരം വേണമെങ്കിലും സഞ്ചരിക്കും.നീ ഒരു നായയല്ല, ദൈവത്തിന്റെ മകളാണ് എന്നോർക്കുക. മേശയിൽ നിന്നു വീഴുന്ന നുറുക്കുകളല്ല, മക്കളുടെ അപ്പം തന്നെ നിനക്കു ലഭിക്കും! വിശ്വാസത്തോടെ കർത്താവിനു സമീപത്തേക്കു ചെല്ലുക.പിശാചു ബാധിച്ചവരും വഞ്ചിക്കപ്പെട്ടവരുമായ നിന്റെ പുത്രീപുത്രന്മാർക്കുവേണ്ടി നീ ആഗ്രഹിക്കുന്നതെന്താണോ അത് കർത്താവിനോട് ചോദിക്കുക. അവരിൽ ഓരോരുത്തരേയും കർത്താവ് വിടുവിക്കും.

വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവളും, വിലപിക്കുന്നവളുമായ ഒരു സ്ത്രീയെ പരീശന്മാർ യേശുവിന്റെ അടുക്കലേക്ക് ഒരിക്കൽ കൊണ്ടുവരികയുണ്ടായി. (യോഹന്നാൻ 8.) യെഹൂദനിയമപ്രകാരം അവർ അവളെ കല്ലെറിഞ്ഞു കൊല്ലേണ്ടതാണ്. റബ്ബിമാരുടെ റബ്ബിയായ യേശുവിന്റെ അടുത്തേക്ക് അവർ അവളെ കൊണ്ടുവന്നത് യേശുവിനെ കുടുക്കുവാൻ വേണ്ടിയായിരുന്നു. യേശു അവളെ സ്വതന്ത്രയാക്കിയാൽ യെഹൂദപ്രമാണത്തെ അവിടുന്നു മാനിക്കുന്നില്ലെന്ന് അവർക്ക് കുറ്റപ്പെടുത്തുവാൻ സാധിക്കും. അവളെ കല്ലെറിയുവാൻ യേശു കല്പിച്ചാൽ അവൻ ദയാലുവാണെന്നുള്ള കീർത്തി അവനു നഷ്ടമാകും. ജയിക്കുവാൻ സാധ്യമല്ലാത്ത ഒരു സ്ഥിതിവിശേഷമായിരുന്നു അത്."തലഭാഗം അവർക്കു കിട്ടിയാൽ വാൽഭാഗം നിനക്കു നഷ്ടമാകും" എന്നതാണ് സ്ഥിതി. യേശു എല്ലാ സാഹചര്യങ്ങളിലും ജ്ഞാനപൂർവം പെരുമാറിയിരുന്നു. ദൈവത്തിന്റെ ഭോഷത്തം മനുഷ്യരേക്കാൾ ജ്ഞാനമേറിയതാണ്. (1കൊരി. 1:25) അവൾ ഇത്തരത്തിൽ എന്തുകൊണ്ടു ജീവിക്കുവാൻ ഇടയായി എന്ന് യേശുവിന് അറിയാവുന്നതുകൊണ്ട് അവൻ അവളോടു കരുണ കാണിച്ചു. ഇത്തരമൊരു ജീവിതമാർഗ്ഗം അവൾ സ്വയം തിരഞ്ഞെടുത്തതാവണമെന്നില്ല. ഒരു പക്ഷേ ഒരു പുരുഷൻ വ്യാജ വാഗ്ദാനങ്ങൾ കൊടുത്ത് അവളെ വശീകരിച്ചശേഷം അവളെ ഉപേക്ഷിച്ചുകാണും. അതിനുശേഷം പലർ അവളെ ഉപയോഗിക്കുകയും പിന്നീട് അവഗണിക്കുകയും ചെയ്തുകാണും. അവൾക്ക് ഈ ജീവിതത്തോട് വെറുപ്പു തോന്നി. പക്ഷേ അവൾക്ക് എന്തെങ്കിലുമൊരു ജീവിതമാർഗ്ഗം വേണ്ടേ? അവൾ കണ്ണീരൊഴുക്കാത്ത ഒരു ദിനം പോലുമില്ല. എന്നാൽ ആർക്കാണ് അവളുടെ ദു:ഖം മനസ്സിലാവുന്നത്? ആര് അവളെ സഹായിക്കും? യേശുവിന് ഇതു രണ്ടും ചെയ്യുവാൻ സാധിക്കും. യേശുവിന് അവളെ മനസ്സിലാക്കുവാനും സഹായിക്കുവാനും സാധിക്കും.

ഇത്തരമൊരു ജീവിതത്തിൽ നിന്ന് യേശുവിന്റെ ധീരയായ ശിഷ്യർ രക്ഷപ്പെടുത്തിയിട്ടുള്ള അനേക സ്ത്രീകളെ ഇന്ന് എനിക്കറിയാം. വേശ്യാലയം നടത്തുന്ന മാഫിയക്കാരെ എതിരിടേണ്ടിവരുമെന്ന സാദ്ധ്യത കണക്കിലെടുത്തുകൊണ്ടാണ് അവർ ഇതു ചെയ്യുന്നത്. അത്തരം വേശ്യാലയങ്ങളിലെ വിലപിക്കുന്നവരായ സ്ത്രീകൾ ഒരു സാധാരണ ജീവിതം നയി

ക്കുവാനുള്ള എല്ലാ ആശയും നഷ്ടപ്പെട്ടുപോയവരാണ്. അവരിൽ ചിലർ കുട്ടികളായിരുന്നപ്പോൾത്തന്നെ ഈ കച്ചവടത്തിനുവേണ്ടി ഏജന്റുമാർ തട്ടിയെടുത്തുകൊണ്ടുവന്നതായിരുന്നു. അവരുടെ മാതാപിതാക്കൾ ആരാണെന്നോ, അവർ എവിടെനിന്നാണു വന്നതെന്നോ അവർക്കറിയില്ല.അവരിൽ അനേകരും ഇപ്പോൾ മയക്കുമരുന്നിന് അടിമകളായിത്തീർന്നതിനാൽ മയക്കുമരുന്നിനുവേണ്ടിയുള്ള അവരുടെ ആഗ്രഹത്തെ തൃപ്തിപ്പെടുത്തുവാനായി വേശ്യാവൃത്തികൊണ്ടു കിട്ടുന്ന പൈസ ചെലവഴിക്കുന്നു.മറ്റനേകരും എച്ച്ഐ വി ബാധിതരായി സാവധാനമായുള്ള മരണത്തെ നേരിടുന്നു.വിലപിക്കുന്ന ഇത്തരം സ്ത്രീകളോട് യേശുവിന് കരുണയുണ്ട്. അവരെ വിടുവിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. ഇന്ന് ഈയൊരു ശുശ്രൂഷയ്ക്കായി അവിടുത്തേക്ക് എന്നേയും, നിന്നേയും ആവശ്യമുണ്ട്.

യോഹന്നാൻ എട്ടാം അധ്യായത്തിൽ പരാമർശിക്കുന്ന സ്ത്രീയെപ്പറ്റി ചിന്തിക്കാം. യേശുവിന്റെ മുമ്പാകെ നിന്നപ്പോൾ ഇനിയൊരു ദിനം കൂടി ജീവിക്കുമെന്ന് അവൾ വിചാരിച്ചതല്ല. ഏതു നിമിഷവും തന്റെ മേൽ കല്ലു വന്നുവീഴാമെന്നു പ്രതീക്ഷിച്ചുകൊണ്ട് അവളെ കുറ്റം ചുമത്തുന്നവരുടെ മുമ്പിൽ അവൾ നിന്നു. അപ്പോൾ അവൾ കരയുകയായിരുന്നിരിക്കാം. യേശുവിന്റെ മുഖത്തെ കരുണാഭാവം അവൾ ദർശിച്ചു.അവിടുത്തെനേരേ ദയനീയമായി നോക്കിക്കൊണ്ട് അവിടുത്തേക്കു തന്നെ മനസ്സിലാക്കാൻ കഴിയുമെന്ന് ആ സ്ത്രീ ആശിച്ചു.

യേശുവിന് അവളെ മനസ്സിലാക്കാൻ കഴിഞ്ഞു. അവിടുന്ന് അവളോടു ക്ഷമിച്ചു;ശിഷ്യത്വത്തിന്റെ പുതിയ ജീവിതമാർഗ്ഗത്തിലേക്ക് അവിടുന്ന് അവളെ നയിച്ചു. നീ എത്രമാത്രം ആഴത്തിലേക്ക് വീണുപോയിട്ടുണ്ടെങ്കിലും നിനക്കുവേണ്ടി ഇതേ കാര്യംതന്നെ ചെയ്തുതരുവാൻ യേശുവിനു കഴിയും. അവിടുന്ന് നിന്നോട് ഇന്ന് പ്രസ്താവിക്കുന്ന വചനങ്ങൾ ഇതാണ്: "ഞാൻ നിനക്കു ശിക്ഷ വിധിക്കുന്നില്ല, പോകുക. ഇനി പാപം ചെയ്യരുത്".

ദൈവത്തിൽ നിന്നു കരുണ ലഭിച്ച മറ്റൊരു വേശ്യാസ്ത്രീയെപ്പറ്റി നാം പഴയനിയമത്തിൽ വായിക്കുന്നുണ്ട്. അത് രാഹാബാണ്.അവൾ തന്റെ മക്കളോടൊത്ത് യെരീഹോ പട്ടണത്തിൽ പാർത്തിരുന്നു. അസാന്മാർഗ്ഗിക ജീവിതം ഉണ്ടായിരുന്നിട്ടും അവൾക്ക് ദൈവത്തിൽ വിശ്വാസമുണ്ടായിരുന്നു. തന്റെ ഭൂതകാല ജീവിതമോർത്ത് അവൾ വളരെ കരഞ്ഞുകാണും. തന്റെ മക്കൾക്കുവേണ്ടി മെച്ചപ്പെട്ട ഒരു ജീവിതം നയിക്കുവാൻ അവൾ ആഗ്രഹിച്ചു. ദൈവം അവളുടെ ആഗ്രഹം അറിഞ്ഞ് അവളുടെ വീട്ടിലേക്ക് യിസ്രായേൽചാരന്മാരെ അയച്ചു. അവൾ അവരെ സഹായിച്ചതു നിമിത്തം യെരീഹോനിവാസികളെല്ലാം നശിച്ചുപോയപ്പോൾ അവൾ രക്ഷപ്പെടുവാൻ ഇടയായി.

സല്മോൻ എന്ന യിസ്രായേല്യനുമായി അവൾ പിന്നീടു വിവാഹബന്ധത്തിൽ ഏർപ്പെടുകയും യേശുവിന്റെ വംശാവലിയുടെ ഒരു ഭാഗമായിത്തീരുകയും ചെയ്തു!! അബ്രഹാം, മോശെ, യോശുവ മുതലായവരോടൊപ്പം അവളുടെ പേരും "വിശ്വാസവീരന്മാരു"ടെ പട്ടികയിൽ (എബ്രായർ 11) കാണുന്നു!ഇത് അത്ഭുതകരമല്ലേ? അന്നത്തെ തലമുറയിൽ ഉണ്ടായിരുന്നവരിൽ യോശുവ, രാഹാബ് എന്നിവരുടെ പേരുകൾ മാത്രമേ എബ്രായർ 11ൽ പരാമർശിച്ചിട്ടുള്ളു!! ദൈവത്തിന്റെ വഴികൾ അത്ഭുതകരം തന്നെ. തെറ്റിപ്പോയ പ്രിയപ്പെട്ട സഹോദരി, നിനക്കുവേണ്ടിയും ദൈവത്തിന് ഇതുപോലൊരു കാര്യം ചെയ്തു തരുവാൻ സാധിക്കും.

മൊഴിമാറ്റം: **സുജാ ഏബ്രഹാം**

❖





**അനുഭവം**

# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം–23

കഥ ഇതുവരെ

*വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പൂർണമായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി.റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്ക് നയിച്ചു. തന്റെ നാട്ടിലും അയൽഗ്രാമത്തിലും ഉള്ള പലർക്കുവേണ്ടി റീസ് മധ്യസ്ഥത ചെയ്തു. അവരെയെല്ലാം ദൈവം വിടുവിച്ചു. എന്നാൽ അയൽ ഗ്രാമത്തിലെ ക്ഷയരോഗിണിയായ സഹോദരിക്കുവേണ്ടി ദൈവഹിതപ്രകാരം റീസ് മധ്യസ്ഥത ചെയ്തെങ്കിലും ഒടുവിൽ അവർ മഹത്വത്തിലേക്കു പ്രവേശിച്ചു.ലണ്ടനിലെ ഗോസറ്റിന്റെ മകന്റെ മാനസാന്തരത്തിനുവേണ്ടി നാസീർവ്രതസ്ഥനെപ്പോലെ പ്രാർത്ഥിച്ചു.ഒടുവിൽ മറുപടി കിട്ടി. റീസ് കൽക്കരിഖനി വിട്ടു.സ്നേഹിതൻ ജോയ്ക്കുവേണ്ടി മധ്യസ്ഥത ചെയ്തു.അദ്ഭുതസൗഖ്യം ലഭിച്ചു.വിവാഹിതനായി.ആഫ്രിക്കയ്ക്കു പോകാൻ അവർ സമർപ്പിച്ചു.അവിടെയും വെയിൽസിലെ പോലെ ഉണർവ്വുണ്ടായി .*

## പകർച്ചവ്യാധിക്കിടയിൽ സംരക്ഷണം

**ഉ**ണർവ്വിന്റെ കാഹളവുമായി ആഫ്രിക്കയിലെ വിവിധ സ്ഥലങ്ങളിൽ പോയി ഫലകരമായ ഒരു വേല പൂർത്തിയാക്കിയശേഷം റീസും എലിസബത്തും തങ്ങളുടെ സ്വന്തം മിഷൻ കേന്ദ്രത്തിൽ മടങ്ങിയെത്തി.

റൂസിറ്റുമിഷൻ കേന്ദ്രം

അവിടെ പ്രവത്തിച്ചിരുന്ന ഹാച്ച് ദമ്പതികൾ അവധിക്ക് ഇംഗ്ലണ്ടിലേക്കു പോയപ്പോൾ അവരുടെ സ്ഥാനത്ത് റീസിനും എലിസബത്തിനുമായി ചുമതല. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും സ്കൂളുകൾ നടത്തണം. മീറ്റിംഗുകൾ നടത്തണം അവിടെ നടക്കുന്ന പണികളുടെ മേൽനോട്ടം വഹിക്കണം – എന്നുവേണ്ട റീസിനും എലിസബത്തിനും പിടിപ്പതു പണിയുണ്ടായിരുന്നു. ഇതിനു പുറമേയായിരുന്നു പ്രാദേശിക ഭാഷയായ ചിണ്ടാവുവിന്റെ പഠനം.

ദിവസങ്ങൾ മെല്ലെ കടന്നുപോയപ്പോൾ റീസ് ഒരു കാര്യം ശ്രദ്ധിച്ചു – ഉണർവ്വു തുടരുന്നുണ്ട്,പുതിയ ആത്മാക്കൾ വരുന്നുണ്ട്. എന്നാൽ രക്ഷിക്കപ്പെട്ടു സഭയിലേക്കു വരുന്നതിൽ വിവാഹിതരായ പുരുഷന്മാർ ഒരാൾ പോലും ഇല്ല.

എന്താണിതിനു കാരണം? – റീസ് തലപുകച്ചു. പലരോടും അന്വേഷിച്ചു. റൂസിറ്റുവിലെ ജനങ്ങളുടെ സാമൂഹിക ബന്ധങ്ങളെക്കുറിച്ചും അവരുടെ സമ്പ്രദായങ്ങളെക്കുറിച്ചും പഠിച്ചു. ഒടുവിൽ 'വില്ലനെ' പിടികിട്ടി – 'ലബോള'.

ലബോള എന്നത് അവിടെ നിലവിലിരുന്ന ഒരുതരം 'സ്ത്രീധന' സമ്പ്രദായമായിരുന്നു. ഉൽപത്തി പുസ്തകത്തിൽ

കാണുന്ന ലാബാനാൽ ആരംഭിച്ചതായതിനാലാണ് ഈ സമ്പ്രദായത്തിനു ലബോള എന്നു പേരു വന്നതെന്നു ചിലർ കരുതുന്നു.അവരുടെ ഇടയിൽ ഒരുവന് ഒരു പെൺകുട്ടിയെ ഭാര്യയായി എടുക്കണമെന്നുണ്ടെങ്കിൽ പെൺകുട്ടിയുടെ പിതാവിന് ഒരു തുക 'സ്ത്രീധനം' പോലെ നൽകണം. ഈ പണം കൊടുത്തു കഴിഞ്ഞാൽ ആ പെൺകുട്ടിയെ അയാൾ ഒരളവിൽ വിലയ്ക്ക് എടുക്കുകയാണ്. മറുവശത്ത് ആ പണം വാങ്ങി പെൺകുട്ടിയുടെ പിതാവ് അവളെ വിൽക്കുകയാണ്. ഒരു പെൺകുട്ടിക്ക് കുറഞ്ഞത് 25 പൗണ്ട് 'പുരുഷധന' മായി നൽകണം. മൂന്നോ നാലോ പെൺകുട്ടികളുള്ള ഒരു പിതാവിനു വലിയൊരു തുക തന്നെ ഇങ്ങനെ മക്കളെ 'വിറ്റു' സമ്പാദിക്കാം. എന്നാൽ മക്കളെ വിലയ്ക്കു വിൽക്കുന്ന ഈ 'ലബോള സമ്പ്രദായത്തിന്' സഭ എതിരായിരുന്നു. സഭയുടെ ഈ നിലപാടാണു വിവാഹിത്തായി മക്കളുള്ള പിതാക്കന്മാരെ വിശ്വാസത്തിലേക്കു വരുന്നതിൽ നിന്നു പിൻതിരിപ്പിച്ചതെന്നു റീസ് കണ്ടെത്തി.

ഈ കാര്യത്തിൽ എന്തു ചെയ്യണമെന്നു റീസ് ദൈവത്തോടു ചോദിച്ചു. നഷ്ടപ്പെട്ട ആത്മാക്കൾക്കു വേണ്ടി നേരത്തെ നടത്തിയ മധ്യസ്ഥതയുടെ അനുഭവങ്ങൾ പരിശുദ്ധാത്മാവ് അവനെ ഓർമ്മിപ്പിച്ചു.അതുപോലെ ഇവിടെയും പിശാചിന്റെ പ്രവൃത്തികളെ വെല്ലുവിളിച്ച്,വിവാഹിതരായ പുരുഷന്മാരെ ദൈവിക സത്യങ്ങൾ സ്വീകരിക്കുന്നതിലേക്കു നയിക്കുവാൻ പരുശുദ്ധാത്മാവ് ഇടപെടേണ്ടതിനുവേണ്ടി മധ്യസ്ഥത അണയ്ക്കുവാൻ ദൈവം റീസിനു പ്രേരണ നൽകി.

റൂസിറ്റുവിൽ ആ സമയത്തു റീസ് ഒരു വീടുവയ്ക്കുവാൻ ആരംഭിച്ചു. അതിനു വേണ്ടി പ്രവർത്തിക്കുവാൻ ജോലിക്ക് വിവാഹിതരായ പുരുഷന്മാരെ തന്നെ ലഭിക്കണമേയെന്നു റീസു പ്രാർത്ഥിച്ചു.

ഒടുവിൽ വിവാഹിതരായ ആറു പുരുഷന്മാർ ആ ജോലിക്കായി റീസിന് അപേക്ഷ നൽകി. അവരെയെല്ലാം ജോലിക്കെടുത്തു. എല്ലാ ദിവസവും രാവിലെ മിഷൻ കേന്ദ്രത്തിൽ പ്രാർത്ഥന ഉണ്ടായിരുന്നതുകൊണ്ട് ഇവർക്കെല്ലാം സുവിശേഷം കേൾക്കാൻ അവസരം ലഭിച്ചു.

അടുത്ത പടിയായി ഞായറാഴ്ച യോഗത്തിനു വരാൻ അവരെ ക്ഷണിക്കുവാൻ പ്രേരണയുണ്ടായി. ഞായറാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ രാവിലെ മീറ്റിംഗിൽ അവർ സംബന്ധിച്ചിരുന്നതു ജോലി സമയത്താണ്. തോട്ടത്തിൽ പണിയെടുക്കുന്നതിനു പകരം ചാപ്പലിൽ വെറുതെ ഇരുന്നു കൊടുക്കുന്നതിനും കൂലി കിട്ടും എന്നുള്ളതുകൊണ്ട് അത് അവർക്കു സന്തോഷമായിരുന്നു. എന്നാൽ ഞായറാഴ്ച അങ്ങനെയല്ലാതെ അവർ അവരുടെ സ്വന്ത താത്പര്യത്തിൽ തന്നെ വരുന്നതു ദൈവമുൻപാകെ കൂടുതൽ പ്രസാദകരമായിരിക്കുമെന്നു റീസ് പറഞ്ഞപ്പോഴും അവർ അതിനു സമ്മതിച്ചു. അവർ ക്രമമായി യോഗങ്ങളിൽ സംബന്ധിക്കുവാൻ തുടങ്ങി. ഒടുവിൽ ആറു പേരിൽ അഞ്ചുപേരും രക്ഷിക്കപ്പെട്ടു! ശത്രുവിന്റെ പ്രവർത്തനങ്ങൾക്ക് അതൊരു തിരിച്ചടിയായി.എന്നാൽ അപ്പോഴും നൂറുകണക്കിനുപേർ പുറത്ത് സുവിശേഷസന്ദേശത്താൽ സ്പർശിക്കപ്പെടാതെ കിടക്കുകയാണ്. എങ്ങനെയാണ് അവരെ ദൈവത്തിനായി ആദായപ്പെടുത്താൻ കഴിയുക?

ദൈവത്തിന്റെ വഴികൾ അപ്രതീക്ഷിതമാണ്.ഒന്നാം ലോക മഹായുദ്ധം കഴിഞ്ഞ ഉടനെ ലോകവ്യാപകമായി പടർന്നു പിടിച്ചതും ലക്ഷക്കണക്കിന് ആളുകളെ കൊന്നൊടുക്കിയതുപോലെ ഫ്ളൂമഹാമാരി ആഫ്രിക്കയെയും അടിപ്പെടുത്തിയത് അപ്പോഴാണ്. വിവാഹിതരായ അഞ്ച് ആഫ്രിക്കക്കാർ വിശ്വാസത്തിലേക്കു വന്ന് അധികം കഴിയും മുൻപ്





ഫ്ളൂ അവരുടെ ജില്ലയിലേക്കും വന്നു. പലരും രോഗികളായി കിടപ്പിലായി. മരണവും കുറവല്ല.

ഈ സാഹചര്യത്തിൽ എന്താണു ചെയ്യേണ്ടത്? കർത്താവ് റീസിനോടു ചോദിച്ചു:"നീ റോമർ 8:28 വിശ്വസിക്കുന്നില്ലേ? ഇത് മറഞ്ഞിരിക്കുന്ന ഒരനുഗ്രഹമാണെന്നു നീ മനസ്സിലാക്കുന്നില്ലേ?"

റീസ് വെയിൽസിലായിരുന്നപ്പോൾ സമീപഗ്രാമങ്ങളിലെ രോഗികൾക്കു വേണ്ടി പ്രാർത്ഥിച്ചതും അത്ഭുതകരമായ സൗഖ്യങ്ങൾ ഉണ്ടായതും കർത്താവ് ഓർമ്മിപ്പിച്ചു. മരണത്തെ ഇവിടെയും കുറച്ചുകൂടെ വിപുലമായ നിലയിൽ വെല്ലുവിളിക്കാനുള്ള സാധ്യതയാണുള്ളത്.

ആഫ്രിക്കയിൽ വന്നശേഷവും റീസ് തന്റെ തന്നെ അനുഭവത്തിൽ മരണത്തെ വെല്ലുവിളിച്ച ഒരു സംഭവം ഇതിനകം നടന്നിരുന്നു.ആഫ്രിക്കയിൽ വന്ന് അധികം വൈകാതെ റീസിനു മലേറിയ പിടിപെട്ടതായിരുന്നു ആ സംഭവം.മരണത്തിനെതിരെ മറ്റുള്ളവർക്കുവേണ്ടി പോരാടാൻ റീസിനെ സജ്ജനാക്കാൻ വേണ്ടിയാണ് ആ രോഗസൗഖ്യം തനിക്കുണ്ടായതെന്നു റീസിന് ഇപ്പോൾ ബോധ്യമായി.

എന്നാൽ മലേറിയയിൽ നിന്നു റീസ് രക്ഷപ്പെട്ടത് അത്ഭുതകരമായ സംഭവമായിരുന്നു.മലേറിയയുടെ പനി പല ദിവസം കുറയാതെ നിന്നു.സാധാരണ മരുന്നുകൾ എല്ലാം പ്രയോഗിച്ചിട്ടും ഒരു മെച്ചവും ഉണ്ടായില്ല.ആരോഗ്യ നില അതിശീഘ്രം താഴേക്കു പോകുകയായിരുന്നു.ഒരു രാത്രി, നേരം വെളുപ്പിക്കുകയില്ലെന്നു തന്നെ തോന്നി. എലിസബത്ത് അല്പ സമയം പ്രാർത്ഥിക്കാനായി മുറിവിട്ടു പുറത്തേക്കുപോയി. തനിയെ ആയപ്പോൾ പരിശുദ്ധാത്മാവു റീസിനോടു ചോദിച്ചു: ''എന്തുകൊണ്ട് നിന്നെ സൗഖ്യമാക്കാൻ നിന്റെ സ്വർഗ്ഗസ്ഥ പിതാവിനോടു നിനക്ക് അപേക്ഷിച്ചുകൂടാ?" താൻ രോഗസൗഖ്യത്തിനായി പ്രാർത്ഥിച്ചുവെന്നു തന്നെയാണ് റീസ് കരുതിയിരുന്നത്.എന്നാൽ വിശ്വാസത്തോടെ അതുവരെ പ്രാർത്ഥിച്ചിട്ടില്ലെന്നു പരിശുദ്ധാത്മാവ് റീസിനെ ഓർമ്മപ്പെടുത്തി. റീസ് അതു സ്വീകരിച്ചു. "പൊടുന്നനെ ഞാൻ വിശ്വാസത്തോടും പ്രാർഥനയോടും കൂടെ കിടക്കയിൽ ഒന്നുതിരിഞ്ഞുകിടന്നു, ആ നിമിഷം തന്നെ എനിക്കു സൗഖ്യമായി. എന്റെ ഭാര്യക്ക് അതു ബോധ്യമായോയെന്നു ഞാൻ അമ്പരന്നു. അവളുടെ ഹൃദയഭാരം കുറഞ്ഞെങ്കിൽ അവൾക്കതു മനസ്സിലായിക്കാണുമല്ലോ.പെട്ടെന്ന് അവൾ മുറിയിലേക്കുവന്നു. വാതിൽ തുറന്നഉടനെ അവൾക്കു മനസ്സിലായി എന്തോ ഒന്നു സംഭവിച്ചിരിക്കുന്നു. 'നിങ്ങൾക്കു സൗഖ്യമായി?'അവൾ ഉച്ചത്തിൽ ചോദിച്ചു. ഞാൻ ചിരിച്ചു. പിന്നെ എനിക്കുണ്ടായ രോഗസൗഖ്യത്തെക്കറിച്ചു ഞാൻ അവളോടു വിവരിച്ചു പറഞ്ഞു." റീസിന്റെ രോഗ സൗഖ്യം അങ്ങനെയായിരുന്നു. മൂന്നു ദിവസം കഴിഞ്ഞപ്പോൾ ട്രക്കിൽ കയറി റീസ് യാത്ര പോയി (ഈ യാത്ര മലേറിയയുടെ ആക്രമണം ഉണ്ടാകുന്നതിനു മുൻപ് ആസൂത്രണം ചെയ്തതായിരുന്നു).ആ യാത്രയിൽ തന്നെ മലേറിയ അപ്പോഴും ശക്തമായി താണ്ഡവമാടിയ ജില്ലകളിലൂടെ റീസ് കടന്നു പോയി.പക്ഷേ മലേറിയ പിന്നീടൊരിക്കലും റീസിനെ സ്പർശിച്ചതേയില്ല.

എന്നാൽ ഇത്തവണ കാര്യങ്ങൾ അല്പം വ്യത്യസ്തമായിരുന്നു. ഫ്ളൂവെന്ന മഹാമാരി വൻ തോതിലാണ് ആഫ്രിക്കയിലെ മിഷൻ കേന്ദ്രങ്ങളെപ്പോലും ആക്രമിച്ചത്.ആൻഡ്രൂമുറേയുടെ മകൻ ചാൾസ് മുറേ തന്റെ മിഷൻ കേന്ദ്രം സന്ദർശിക്കാൻ റീസിനെയും എലിസബത്തിനേയും ക്ഷണിച്ചിരുന്നെങ്കിലും അവസാനനിമിഷം ക്ഷണം റദ്ദാക്കി. കാരണം

ഫ്ളൂ ചാൾസ് മുറേയുടെ മിഷൻ കേന്ദ്രത്തിൽ മാത്രം രണ്ടു മിഷനറിമാരും ഒട്ടേറെ വിശ്വാസികളും ഫ്ളൂ മൂലം മരിച്ചു.

റൂസിറ്റുവിൽ, മിഷൻ കേന്ദ്രത്തെയാണ് ഫ്ളൂ ആദ്യം ആക്രമിച്ചത്. നാലുദിവസത്തിനകം ഒട്ടേറെ പേർ കിടപ്പിലായിപ്പോയി.ക്രിസ്ത്യാനികൾ 'ലബോള' എന്ന സമ്പ്രദായം ലംഘിച്ചതിന് മരിച്ചുപോയവരുടെ ആത്മാക്കൾ നൽകിയ ശിക്ഷയാണിതെന്ന് ആ നാട്ടുകാർ പറഞ്ഞു പരത്തി.

എന്നാൽ ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ നാട്ടുകാരുടെ വാസസ്ഥലങ്ങളിലും ഫ്ളൂ പടർന്നു പിടിച്ചു. ഒട്ടേറെ പേർ മരിച്ചു.

ചില ദിവസങ്ങൾ കൂടി പിന്നിട്ടപ്പോൾ ഗ്രാമപ്രമുഖൻ പറഞ്ഞയച്ചിട്ട് നാട്ടുകാരുടെ ഒരു സംഘം റീസിനെ കാണുവാൻ എത്തി: "നിങ്ങളുടെ ഇടയിൽ എത്രമരണം ഉണ്ടായി?"

''ഒന്നു പോലും ഉണ്ടായില്ല'' - റീസിന്റെ മറുപടി. എന്നിട്ടു റീസ് തിരിച്ചു ചോദിച്ചു. " ആട്ടെ നിങ്ങളുടെ ഇടയിൽ മരണം ഉണ്ടായോ?"

"ഒട്ടേറെ പേർ മരിച്ചു"

''നിങ്ങളുടെ മന്ത്രവാദികൾക്ക് അവരെ സൗഖ്യമാക്കാൻ കഴിഞ്ഞില്ലേ?"

"മന്ത്രവാദികൾ രണ്ടുപേരാണ് ആദ്യം മരിച്ചത്."

" അതുശരി.മരിച്ചുപോയ പൂർവപിതാക്കന്മാരുടെ ആത്മാക്കൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ലേ?"

"ഇല്ല, കാരണം ഈ പിതാക്കന്മാർ ജീവിച്ചിരുന്നപ്പോൾ ഇത്തരം ഒരസുഖം അവർക്കാർക്കും ഒരിക്കലും ഉണ്ടായിട്ടില്ല.അതുകൊണ്ട് അവരുടെ ആത്മാക്കൾക്കും ഇക്കാര്യത്തിൽ എന്തു ചെയ്യണമെന്ന് ഒരു എത്തും പിടിയും കിട്ടിയില്ല".

റീസ് പറഞ്ഞു:"അപ്പോൾ മന്ത്രവാദികളും പരേതാത്മാക്കളും തോറ്റുപോയി. പക്ഷേ ഞങ്ങളുടെ ദൈവം തോറ്റുപോയില്ല".

"ഓഹോ, അപ്പോൾ നിങ്ങളുടെ ആളുകൾ ഒരാൾ പോലും മരിക്കുകയില്ലേ?" അവർ വെല്ലുവിളിപോലെ ചോദിച്ചു.

പരിശുദ്ധാത്മാവ് ഉടനെ റീസിനോടു പറഞ്ഞു: 'മിഷൻകേന്ദ്രത്തിലുള്ള ഒരാൾ പോലും മരിക്കുകയില്ലെന്നു നീ തറപ്പിച്ചു തന്നെ പറയുക.' റീസ് പിന്നെ മടിച്ചില്ല, അങ്ങനെ തന്നെ മറുപടി നൽകി.

"എനിക്ക് വിശ്വസത്തിന്റെ വിജയം ലഭിച്ചു. കാര്യങ്ങൾ എങ്ങനെയാണു മുന്നോട്ടു കൊണ്ടുപോകേണ്ടതെന്നതിനെക്കുറിച്ചു കർത്താവ് എനിക്കു മാർഗ്ഗനിർദ്ദേശം നൽകുകയായിരുന്നു. ചാപ്പൽ ഞാൻ ഒരു ആശുപത്രിയാക്കി മാറ്റി. രാത്രികളിൽ തീയ് കത്തിച്ച് അതിനുള്ളിലെ ഊഷ്മാവ് സ്ഥിരമായി നിർത്തി. വൈദ്യശാസ്ത്രത്തിൽ 15 മാസം ലഭിച്ച പരിശീലനം എനിക്ക് ഇക്കാര്യത്തിൽ സഹായകമായി.ആശുപത്രിയിലെ അന്തേവാസികളുടെ എണ്ണം ക്രമേണ വർദ്ധിച്ചു വന്നു. ഒരു ഘട്ടത്തിൽ അമ്പതു പേർ ആ താൽക്കാലിക ആശുപത്രിയിലുണ്ടായിരുന്നു.

ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ രണ്ടാമതൊരു സംഘം ഗ്രാമപ്രമുഖന്റെ നിർദ്ദേശാനുസരണം ഞങ്ങളെ കാണുവാൻ വന്നു.

"ഇതിനകം മരണമെന്തെങ്കിലും സംഭവിച്ചോ?"

അതായിരുന്നു അവരുടെ ഒന്നാമത്തെ ചോദ്യം.

"ഇല്ല, മരണം ഒന്നും ഉണ്ടായില്ല'

"മരണം ഇനി ഉണ്ടാകുമോ?"

"ഇല്ല, മിഷൻ കേന്ദ്രത്തിൽ ഒരു മരണവും ഉണ്ടാകുകയില്ല." (പരിശുദ്ധാത്മാവ് മരണത്തെക്കാൾ ശക്തിയുള്ളതാണെന്ന് അനുഭവത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കിയിരുന്നില്ലെങ്കിൽ, എനിക്ക് ഒരിക്കലും അങ്ങനെ പറയുവാൻ കഴിയുമായിരുന്നില്ല).

"എങ്കിൽ, മരണത്തെ ഒഴിവാക്കാൻ ഞങ്ങളിൽ ചിലർക്ക് ഇവിടെ മിഷൻ കേന്ദത്തിനുള്ളിൽ വന്നു താമസിക്കാൻ അനുമതി ലഭിക്കുമോ എന്നു ചോദിക്കാനാണു തലവൻ ഞങ്ങളെ ഇപ്പോൾ ഇങ്ങോട്ടയച്ചത്."

ഞാൻ പറഞ്ഞു "ഗ്രാമത്തലവനോട് ഇങ്ങനെ പറയുക: 'നിങ്ങളുടെ ആളുകളിൽ എത്രപേർക്കു വേണമെങ്കിലും മിഷൻ കേന്ദ്രത്തിൽ വരാം.ഞങ്ങൾ അവരെ നോക്കികൊള്ളാം. അവരിൽ ഒരാൾ പോലും മരിക്കുകയില്ല.പക്ഷേ ഒരു കാര്യം ഓർത്തുകൊള്ളണം. മന്ത്രവാദികളും പരേതാത്മാക്കളും തോറ്റിടത്ത് ജയിക്കാൻ കഴിയുന്ന ജീവനുള്ള ദൈവമാണു ഞങ്ങളുടെ ദൈവമെന്നു നിങ്ങൾ സമ്മതിക്കണം."

ചില മണിക്കൂറുകൾ കഴിഞ്ഞപ്പോൾ മിഷൻ കേന്ദ്രത്തിലേക്കു ഒരു വലിയ 'ജാഥ' വരുന്നതു കാണാമായിരുന്നു. സുവിശേഷത്തോടു കഠിനമായ എതിർപ്പുണ്ടായിരുന്ന, വിവാഹിതരായ ചില പുരുഷന്മാരാണു മുന്നിൽ.കമ്പളി കൊണ്ടു തലമൂടി മരണഭയം കൊണ്ടു വിവശരായി അവർ മെല്ലെ മിഷൻ കേന്ദ്രത്തെ സമീപിച്ചു. അവരുടെ ഭാര്യമാരാണു 'ജാഥ'യുടെ വാലറ്റത്തുണ്ടായിരുന്നത്. ഭർത്താക്കന്മാരുടെ പാത്രങ്ങളും പായകളും അവർ പേറിയിരുന്നു. എനിക്കു ലഭിച്ച വ്യക്തിപരമായ മാർഗ്ഗനിർദ്ദേശത്തിന് ഞാൻ ദൈവത്തിന് ഏറെ നന്ദി പറഞ്ഞു"-റീസ്.

തുടർന്നു ഗ്രാമങ്ങളിൽ സുവിശേഷത്തോട് എതിർപ്പുണ്ടായിരുന്ന ഡസൻ കണക്കിനു രോഗികൾ ക്യാമ്പിലേക്കുവന്നു. മൂന്നു മാസത്തേക്കു റീസ് രാവും പകലും അവർക്കു വേണ്ടി പ്രവർത്തിച്ചു.എലിസബത്തും രോഗികളെ ശുശ്രൂഷിക്കാൻ അഹോരാത്രം പണിപ്പെട്ടു.ഒടുവിൽ എലിസബത്തും രോഗിണിയായിത്തീർന്നു. എട്ടു ദിവസം എലിസബത്തിന്റെ നില അതീവ ഗുരുതരമായി. റീസ് ഒരേയൊരു കാര്യമാണു ഭാര്യയോടു പറഞ്ഞത് 'നീ മരിക്കുകയില്ല. ധൈര്യമായിരിക്കുക.'

രോഗികളെ പരിചരിക്കുന്നതിനിടെ ഒരു ഘട്ടത്തിൽ റീസ് തന്നെയും ഈ പകർച്ചവ്യാധിയാൽ പിടിക്കപ്പെട്ടു എന്നു തോന്നിപ്പോയി. വലിയ ക്ഷീണം, തളർച്ച, ഉറക്കമില്ല. നീണ്ടു നിൽക്കുന്ന ആലസ്യം - ഇവയെല്ലാം വന്നപ്പോൾ താനും രോഗിയായി വീണുപോയി എന്നു റീസുപേടിച്ചു. പക്ഷേ ഒരു രോഗിയെ ശുശ്രൂഷിച്ചു കൊണ്ടിരുന്നപ്പോൾ കർത്താവ് അവനോട് ഇങ്ങനെ പറഞ്ഞു: "നോക്ക്, ഈ മിഷൻ കേന്ദ്രത്തെ മരണം സ്പർശിക്കാതെ എനിക്കു സൂക്ഷിക്കാൻ കഴിയുമെങ്കിൽ, നിനക്ക് ഈ രോഗികളെ മുഴുവൻ പരിചരിക്കേണ്ട ഉത്തരവാദിത്തമുള്ളപ്പോൾ , ഈ രോഗത്തിന്റെ അണുക്കൾ നിന്നെ കീഴ്പ്പെടുത്തിക്കളയാതെ ഞാൻ നിന്നെ സൂക്ഷിക്കുമെന്നു നിനക്ക് ഉറപ്പിക്കരുതോ? "

റീസിന്റെ വിശ്വാസം ശക്തിപ്പെട്ടു. ഇതേപ്പറ്റി റീസു പറയുന്നതു കേൾക്കുക: "എനിക്ക് പൊടുന്നനെ വിശ്വാസത്തിന്റെ ഉറപ്പും വിജയവും ലഭിച്ചു. 'ദൈവത്തിൽ ഞാനൊരു വിശ്രമം കണ്ടു' എന്ന പാട്ടിന്റെ അർത്ഥം എനിക്കു വേണ്ടവിധം മനസ്സിലായത് അപ്പോഴാണ്, പ്രത്യേകിച്ചും അവസാന വരികളുടെ:

എന്റെ വശത്ത് ആയിരം പേരും

വലതുവശത്തു പതിനായിരവും വീഴും

എന്റെ മുകളിൽ അവിടുത്തെ ചിറകുകൾ,

താഴെ സുരക്ഷിതൻ ഞാൻ നിൽക്കും

എന്നിലുള്ള പരിശുദ്ധാത്മാവ്ഫ്ളുവിനെക്കാൾ ശക്തമാണെന്നു ഞാൻ കണ്ടെത്തി.പകർച്ചവ്യാധിക്കിടയിലും ഞാൻ ദൈവത്തിൽ സുരക്ഷിതനായിരുന്നു.

എന്നാൽ മിഷൻ കേന്ദ്രത്തിലെ രോഗികളിൽ രണ്ടുപേരുടെ അവസ്ഥ എന്നിൽ ആശങ്കയുണ്ടാക്കി.വൈദ്യശാസ്ത്രം അനുസരിച്ചു ചെയ്യാവുന്നതെല്ലാം ഞാൻ ചെയ്തു.പക്ഷേ അവരുടെ ശരീരത്തിന്റെ ഊഷ്മാവ് ഉയർന്ന നിലയിൽ തന്നെ നിന്നു.എന്തെല്ലാം മരുന്നു കൊടുത്തിട്ടും ചൂടുകുറയുന്നില്ല. പക്ഷേ അവരെ മരണത്തിന് എടുക്കാൻ കഴിയുകയില്ലെന്ന് എനിക്കുറപ്പുണ്ടായിരുന്നു.കാരണം രണ്ടു പേരെ മരണം കൊണ്ടുപോയാൽ അതിന് 50 പേരെയും കൊണ്ടുപോകാമല്ലോ! അതു ദൈവം അനുവദിക്കുകയില്ല.അതുകൊണ്ട് ഈ രണ്ടുപേരുടെ കാര്യം ഞാൻ പ്രാർത്ഥനയിൽ ദൈവസന്നിധിയിൽ കൊണ്ടുചെന്നു. അവിടുത്തെ വചനത്തെ മുറുകെപ്പിടിച്ചു ഞാൻ പ്രാർത്ഥിച്ചു.ഉടൻ തന്നെ ദൈവം എനിക്കു വിജയം തന്നു. ആ നിമിഷം മുതൽ അവരുടെ ശരീരഊഷ്മാവു കുറയാൻ തുടങ്ങി. അവർ സൗഖ്യം പ്രാപിച്ചു. മിഷൻ കേന്ദ്രത്തിൽ അഭയം തേടിയ ഒരാൾ പോലും മരിച്ചില്ല.ഞാൻ ഗ്രാമത്തലവനുകൊടുത്ത വാക്ക് ശരിയാകാൻ ദൈവം ഇടയാക്കി.”

ഇരുപതു മൈൽ ചുറ്റളവിൽ ആ വാർത്ത കാട്ടുതീ പോലെ പടർന്നു–’വെള്ളക്കാരുടെ ദൈവം മരണത്തെക്കാൾ ശക്തനാണ്.’ഫലം പലർക്കും പാപബോധം ഉണ്ടായി. മിഷൻ കേന്ദ്രത്തിൽ അഭയം തേടിയവരിൽ മിക്കവരും രക്ഷകനായി, നാഥനായി, യേശുവിനെ സ്വീകരിച്ചു. പകർച്ചവ്യാധിയുടെ കെടുതികൾ എല്ലാം അവസാനിച്ചശേഷമാണ് ദൈവം ചെയ്ത പ്രവൃത്തിയുടെ വൈപുല്യം വ്യക്തമായത്. ഞായറാഴ്ച യോഗത്തിനു ചെന്നപ്പോൾ ചാപ്പലിന്റെ ഒരു വശത്തു മുഴുവൻ ഇരുന്നിരുന്നതു വിവാഹിതരായ പുരുഷന്മാരാണ്.ലബോള എന്ന പൈശാചിക സമ്പ്രദായത്തിനു ഏറ്റ തിരിച്ചടി. റീസ് പറഞ്ഞു: “പരിശുദ്ധാത്മാവിനോടു ഞാൻ ഇങ്ങനെ നന്ദി അറിയിച്ചു: ‘അവിടുന്ന് എത്ര അത്ഭുതവാനാണ്! എന്റെ വാക്കുകൾക്കു ചെയ്യാവുന്നതിനെക്കാൾ ഏറെ അവിടുന്ന് ഈ പകർച്ചവ്യാധിയിലൂടെ ആഫ്രിക്കക്കാരോടു സംസാരിച്ചല്ലോ.’

റൂസിറ്റുവിൽ ഉണ്ടായ ഈ ഉണർവിനെ തുടർന്ന് അവിടെനിന്നും സഹോദരന്മാരിൽ ചിലർ ട്രക്കിൽ കിഴക്കൻ ആഫ്രിക്കയിൽ മിഷൻ കേന്ദ്രത്തിനും ബെയ്റാ തുറമുഖത്തിനും മധ്യത്തിലുള്ള സ്ഥലത്തു സുവിശേഷം അറിയിക്കുവാൻ പോകുമായിരുന്നു. ഇവിടം പോർച്ചുഗീസ് അധീനതയിൽ ഉള്ള സ്ഥലമായിരുന്നതിനാൽ റോമൻ കത്തോലിക്കാ വിശ്വാസമല്ലാതെ മറ്റൊന്നും പ്രസംഗിക്കുകയോ പിൻതുടരുകയോ ചെയ്യാൻ പാടില്ല എന്നു വിലക്കുണ്ടായിരുന്നു. എന്നാൽ ആ പ്രദേശത്തു സുവിശേഷം ചെന്നതിന്റെ ഫലമായി ചിലർ വിശ്വാസത്തിലേക്കുവന്നു. അവർ അവിടെ ആരാധനയ്ക്കായി ഒരു ചെറിയ ചാപ്പൽ പണിത് അവിടെ കൂടിവരുവാൻ തുടങ്ങി. കത്തോലിക്കരായ ആളുകൾ ഇതിനെതിരെ മുന്നറിയിപ്പു നൽകിയെങ്കിലും വിശ്വാസികളുടെ ചെറിയ കൂട്ടം അതു ഗണ്യമാക്കിയില്ല.

ഒരു ഞായറാഴ്ച രാവിലെ സഭായോഗം നടക്കുമ്പോൾ ആറു പോർച്ചുഗീസ് പട്ടാളക്കാർ അങ്ങോട്ടു മാർച്ചു ചെയ്തു വന്നു. സ്ത്രീകളും കുട്ടികളും ഉൾപ്പെടെ 32 പേരാണ് അന്നു യോഗത്തിനുണ്ടായിരുന്നത്. പട്ടാളക്കാർ അവരെ മുഴുവൻ അറസ്റ്റുചെയ്തു ജയിലിലടച്ചു. അവരിൽ ഒരാൾ പോലും വിശ്വാസം തള്ളിപ്പറയുകയാകട്ടെ മാപ്പപേക്ഷ നൽകുകയാകട്ടെ ചെയ്തില്ല. അവർക്കെല്ലാം വിശ്വാസം സംബന്ധിച്ചു ‘രക്തസാക്ഷികളുടെ ആത്മാവാ’ണുണ്ടായിരുന്നത്. നാലുമാസം കഴിഞ്ഞപ്പോൾ സ്ത്രീകളെയും കുട്ടികളെയും മോചിപ്പി





ച്ചെങ്കിലും ആറു പുരുഷന്മാരെയും തടവിൽ തന്നെ പാർപ്പിച്ചു. വിട്ടയച്ചാൽ പുറത്തുചെന്നു പ്രസംഗിക്കുകയില്ലെന്ന് ഉറപ്പു നൽകിയാൽ അവരെയും വെറുതെ വിടാമെന്ന് അധികൃതർ വാഗ്ദാനം ചെയ്തു. അവരതു തള്ളിക്കളഞ്ഞു. വിട്ടയച്ചാൽ പിറ്റേന്നുതന്നെ വീണ്ടും പ്രസംഗിക്കുമെന്ന് അവർ പറഞ്ഞു. അവരെ രണ്ടുകൊല്ലത്തേക്കു തടവിൽ തന്നെ പാർപ്പിച്ചു. അതിൽ നാലു പേർ ജയിലിൽ തന്നെ മരിച്ചു.

ജയിലിൽ അവരെ നിരന്തരം ചോദ്യം ചെയ്യുകയും പീഡിപ്പിക്കുകയും ചെയ്തു. ഇവരെ ജയിലർമാർക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല എന്നതാണു പ്രധാന കാരണം. അവരുടെ ഉച്ചത്തിലുള്ള സ്തുതിയും സന്തോഷത്തിന്റെ രഹസ്യവും അവർക്കു മനസ്സിലായില്ല. അതവരെ അലോസരപ്പെടുത്തി. അതുകൊണ്ട് ജയിൽ അധികൃതർ വിശ്വാസികളുടെ നേതാവ് മാത്യുവിനെ കൂട്ടത്തിൽനിന്ന് ഒറ്റപ്പെടുത്തി അവിശ്വാസിയായ മറ്റൊരു തടവുകാരനോടൊപ്പം അടച്ചു. അവിശ്വാസിയായ ആ തടവുകാരനാകട്ടെ പ്രായമായ, കുപ്രസിദ്ധനായ, ആർക്കും വഴങ്ങാത്ത, ഒരു കൊടും കുറ്റവാളിയായിരുന്നു.അവരെ ഒന്നിച്ചടച്ച ആദ്യത്തെ രണ്ടു രാത്രികളിൽ ആ തടവറയിൽ നിന്നു സ്തുതിയുടെയും സ്ത്രോത്രത്തിന്റെയും ശബ്ദം ഒന്നു കേട്ടില്ല. ഒടുവിൽ മാത്യുവിന്റെ ശബ്ദശല്യം അവസാനിപ്പിച്ചതിൽ ജയിലർമാർ സന്തോഷിച്ചു. പക്ഷേ അടുത്തദിവസം കാര്യങ്ങൾ കൂടുതൽ ‘വഷളായി’. തടവറയിൽ നിന്നു സ്ത്രോത്രത്തിന്റെയും സ്തുതിയുടെയും വലിയ ശബ്ദഘോഷം. മാത്യു മാത്രമല്ല, അവനോടൊപ്പം സെല്ലിലുണ്ടായിരുന്ന കൊടും കുറ്റവാളി കൂടിയാണ് ഇപ്രാവശ്യം ‘ഹാല്ലേലൂയ്യ’ എന്നാർക്കുന്നത്! കാരണം അവനും രക്ഷിക്കപ്പെട്ടു!

അങ്ങനെയിരിക്കെ മാത്യുവിനു വസൂരി പിടിപെട്ടു. തന്റെ അന്ത്യം അടുത്തുവെന്ന് അവനു ബോധ്യമായി. അതുകൊണ്ട് അവൻ തന്റെ ജയിലിലെ മറ്റു സഹോദരന്മാരെ വിളിച്ചുവരുത്തി മരണപര്യന്തം വിശ്വസ്തരായി നിൽക്കണമെന്ന് ഉദ്ബോധിപ്പിച്ചു. തുടർന്ന് മാത്യു മഹത്വത്തിലേക്കു പ്രവേശിച്ചു.

ആ രാജ്യത്തു സ്ഥിരമായി നില്ക്കണമെന്നുണ്ടെങ്കിൽ അവിടെ എന്തെങ്കിലും ഒരു സംരംഭം ആരംഭിക്കേണ്ടതുണ്ടെന്ന് റീസിനു മനസ്സിലായി. അതിനായി ഒരു കൃഷിത്തോട്ടം വാങ്ങാമെന്നു തീരുമാനിച്ചു. 1200 പൗണ്ടിന് ഫ്രഞ്ചുകാരൻ ഒരാൾ തന്റെ കൃഷിത്തോട്ടം വിൽക്കാൻ തയ്യാറായി. റൂസിറ്റുവിലെ സ്കൂളിലെ പ്രധാനാധ്യാപികൻ തിമോത്തി ഈ നീക്കത്തെക്കുറിച്ച് അറിഞ്ഞപ്പോൾ ഇങ്ങനെ പറഞ്ഞു: “ഞങ്ങളെല്ലാം ശമ്പളത്തിന്റെ മൂന്നിലൊന്ന് ഈ കൃഷിത്തോട്ടം വാങ്ങാനായി നൽകാം.” ഇതു കേട്ടപ്പോൾ റീസ് ദമ്പതികൾ, തങ്ങളുടെ ശമ്പളത്തിന്റെ പകുതി നേരത്തെ മുതൽ നൽകുന്നതു കൂടാതെ നൂറുപൗണ്ട് ഇക്കാര്യത്തിനായി പ്രത്യേകം കൃതജ്ഞതാസ്ത്രോതകാഴ്ചയായി നൽകാൻ തയ്യാറായി.

വൈകാതെ റീസ് ദമ്പതികൾ അവധിക്കുനാട്ടിൽ പോയപ്പോൾ കിഴക്കൻ ആഫ്രിക്കയിലെ പോർച്ചുഗീസ് അധിനിവേശ സ്ഥലത്ത് എന്തു സംഭവിച്ചുവെന്നതിനെക്കുറിച്ചും മാത്യുവിന്റെ മരണത്തെക്കുറിച്ചും സാക്ഷ്യത്തിൽ വിവരിച്ചു. പണത്തെക്കുറിച്ച് ഒരക്ഷരംപോലും പറഞ്ഞില്ല. എന്നാൽ സദസ്സിലുണ്ടായിരുന്ന ഒരു സ്ത്രീ എഴുന്നേറ്റിങ്ങനെ പറഞ്ഞു:“ഞാൻ ആ കൃഷിത്തോട്ടത്തിനുള്ള പണം നൽകാം.”

യോഗത്തിലെ വൈകാരികാന്തരീക്ഷത്തിന്റെ സ്വാധീനത്തിൽ ഒരുവേള അങ്ങനെ പറഞ്ഞതായിരിക്കാം എന്നുള്ള

Youth Section




# How do I know I have the power of the Holy Spirit

Sandeep Poonen

***Question:***

What is the power of the Holy Spirit, and how can I know I have that power?

***Answer:***

One of my constant prayers has been for God to continuously fill me with the Holy Spirit. I have known that God is a loving Father who longs to pour out His Holy Spirit onto me far, far more than all my deepest desire for the Holy Spirit. If I being evil would never dream of withholding bread and meat from my children when they ask for it, God would even more never withhold the Holy Spirit from me when I seek for Him with the same longing.

But as I have been meditating on being filled again and again

തുകൊണ്ട് ആ തുക മുഴുവൻ അവളിൽനിന്നു വാങ്ങാൻ റീസ് തയ്യാറായില്ല. അതുകൊണ്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു: “ഞാൻ കൊടുക്കുന്നതിൽ കൂടുതൽ നിങ്ങൾ തരണമെന്നു ഞാൻ പ്രതീക്ഷിക്കുന്നില്ല. അതുകൊണ്ട് 100 പൗണ്ടു മതിയാകും.” അതുകേട്ട ഈ സ്ത്രീയുടെ സഹോദരനും 100 പൗണ്ടു വാഗ്ദാനം ചെയ്തു. മറ്റു രണ്ടുപേർ നൂറുവീതം പൗണ്ട് നൽകാൻ തയ്യാറായി. റീസ് ബിർമ്മിങ്ഹാമിൽ ചെന്നപ്പോൾ അവിടെനിന്നും 100 പൗണ്ട് ലഭിച്ചു. ഡൂണ്ടി എന്ന സ്ഥലത്തുചെന്നപ്പോൾ അവിടെനിന്നും 100 പൗണ്ടിന്റെ വാഗ്ദാനം ഉണ്ടായി. ഗ്ലാസ്ഗോയിൽ ഒരാൾ ഇങ്ങനെ പറഞ്ഞു: “മാത്യു തന്റെ ജീവൻ തന്നെ നൽകിയെങ്കിൽ ഞാൻ 100 പൗണ്ട് തരാം.” ചുരുക്കത്തിൽ 100 പൗണ്ടു വീതം പലരിൽനിന്നായി മൊത്തം 1,100 പൗണ്ട് ലഭിച്ചു. ഒടുവിൽ നേരത്തെ പറഞ്ഞ ആ കൃഷിത്തോട്ടം വാങ്ങാൻ പറ്റിയില്ലെങ്കിലും ആ പണംകൊണ്ട് ആപ്രദേശത്ത് അനേകം കേന്ദ്രങ്ങൾ തുറക്കാൻ കഴിഞ്ഞു.

ചുരുക്കത്തിൽ ആഫ്രിക്കയിലെ ശുശ്രൂഷ റീസ് ദമ്പതികൾ അവസാനിപ്പിക്കുമ്പോൾ ആ ദൗത്യം പൂർണ്ണ വിജയമായിരുന്നു. “എന്നെയും ഭാര്യയെയും സംബന്ധിച്ച് അതു ഞങ്ങളുടെ ജീവിതത്തിലെ ആറ് സന്തോഷകരമായ വർഷങ്ങളായിരുന്നു.”

❖





with the Holy Spirit, God showed me a clear proof that I truly yearn for the Holy Spirit. ***An increasing yearning for the Holy Spirit will correspond with an increasing yearning for the holiness of God to be reflected in my life***.

So I cannot say that I long for the Holy Spirit if I am not ruthless to all other "spirits" that I find residing in myself (the spirit to hold grudges, the spirit to return evil with evil, the spirit to lust, the spirit to lose my temper, etc). And the secret enjoyment that I find from these other spirits prove to me (and God and the devil) that all my cries for the Holy Spirit are blind repetitions and mere lip-service to a theological truth.

A thirsty person longs for water, and a hungry person longs for food. But whether a person is really thirsty and hungry can be easily proved by how this person responds to oil, grease, sugar syrup, sand, dirt, and rocks. If people who claim to be hungry and thirsty constantly satisfy themselves with things that are NOT food/drink that satisfies them and quenches their thirst, this proves that they are not really thirsty and hungry. Those who are hungry and thirsty will grow in rejecting everything else that does not satisfy.

In the same way, when a person who claims to be thirsty/hungry for the Holy Spirit does not embody a clear and committed preference for holiness over the sordid pleasures of this world, it proves that their desires for the Holy Spirit is really a desire for the Feel-Good Spirit, the Power-to-have-an-easy-life Spirit, the Ability-to-heal-people Spirit, etc.

Acts 1:8 tells me that I will receive power when the Holy Spirit is given to me – so that I can be a witness of Jesus. But I must be crystal clear of what this POWER looks like, otherwise I can run after and look for the wrong things as proof of having the Holy Spirit.

So what does the power of the Holy Spirit look like? Is it the heart to give up all my possessions or the ability to work miracles or speak in other tongues or move mountains? No, 1 Corinthians 13 makes it clear that all these are meaningless without love.

**The power of the Holy Spirit is the power of love. And let's right away get ALL influences of Bollywood, Hollywood, and worldly-romantic novels thoroughly out of our concept of love. The power of love that I speak of is this: The power to be rooted and grounded in God's everlasting love for us, and the power to love God with all of ourselves, and the power to love others even as Jesus loved us. This is the power that is available to me and that the eyes of my heart need to be opened to (Eph 1:18-19).** So the growing love of the

Father in us and a partaking of His divine nature as we experience and hold onto His magnificent promises (2 Peter 1:3-4) – that is this power of love. This is the TRUE power of the Holy Spirit.

But let me be clear right away: Even with all of this power available to me, there is still a cross that I must endure and surrender to. The cross on which my flesh and the world must die is something that is never promised to be pleasurable. Jesus Himself endured the cross, and that was not just the physical cross at age 33, but rather the cross on which is own will had to be crucified daily (Luke 9:23; John 6:38).

But it is the powerful love that the Holy Spirit brings which is the power that makes that cross bearable. The Holy Spirit will make that cross bearable because He puts the love of God in us, and our eyes are opened to the immense joy that is set before us as we choose to be with God.

This is a marvelous truth that we should grab a hold of: The immense joy that we is set before us is the same joy that Jesus had set before Him and that gave Him power to endure the cross.

And what was that joy? Fellowship with the Father <u>and</u> with one another.

Look, fellowship with the Father is primary. In the Father's presence is the fullness of joy. So we know that the primary joy Jesus experienced as a result of enduring the cross every day of His earthly life was fellowship with the Father.

But we should remember that Jesus had that joy of fellowship with the Father even BEFORE He left the Father's presence in the first place. So the joy set before Jesus while He was on earth was more than just regaining fellowship with the Father. It was also a fellowship with US that was on the other side of His life here on earth! He knew that if He would endure the cross of dying to His self-will every day (Mark 9:23), and then finally the one cross that none of us have to bear (separation from fellowship with the Father), He would pave a way for US TOO to have fellowship with Him and His Father. THIS made His joy full (John 15:11).

Jesus came down to this earth not just to save us from hell, but so that **<u>we too</u>** could share in the fellowship that He had with the Father. All who have the heart of Jesus Christ are co-workers in this ministry, and finds their joy in the same place. They too find their joy in their own personal fellowship with the Father and the Son, as well as in drawing others to share the fellowship that they themselves have.

(please mail your genuine doubts to: **sandeep@poonen.org**)

❖